പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 7
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഒക്ടോബർ 2014

ആദിവാസികളുടെ മനസ്സറിയാൻ കുടുംബശ്രീ സൂക്ഷ്മതല ആസൂത്രണ പദ്ധതി

ഒരു സുരഭില സായന്തനത്തിനായി

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

ഒക്ടോബർ 2014

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ഒരു സുരഭില സായന്തനത്തിനായി
ഡോ. എം.കെ. മുനീർ

8 ഗാന്ധിജിയും മലയാള പത്രങ്ങളും
ഡോ. എം.വി. തോമസ്

11 കൺസൾട്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

14 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

16 നഗരങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും
വിനു എ.

21 ഗ്രാമപഞ്ചായത്തുകളിലൂടെ

22 ആദിവാസികളുടെ മനസ്സറിയാൻ കുടുംബശ്രീ
ടി. ഷാഹുൽഹമീദ്

25 നിത്യവിശ്രമത്തിന്റെ തീരങ്ങൾ തേടി (കഥ)
ബിന്ദുരാജ് എം.എ.

28 'പ്ലാസ്റ്റിക് സംസ്കരണത്തിലെ വെട്ടം മാതൃക"

30 പൈതൃക സംരക്ഷണം ശാസ്ത്രീയ സമ്പ്രദായത്തിന്റെ പങ്ക്
പൂജ പി. വർദ്ധനൻ



33 സമഗ്ര കാർഷിക പദ്ധതിയും കൃഷി വിജ്ഞാന കേന്ദ്രവും
റെജിമോൾ പുരുഷോത്തമൻ

39 ആരോഗ്യകേരളം പുരസ്കാരം 2013–14

കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫയർ സൊസൈറ്റി (KREWS) ആസ്ഥാനമന്ദിരം ഉദ്ഘാടനം

പൊ ദീർഘകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫയർ സൊസൈറ്റി യുടെ (KREWS) ആസ്ഥാന മന്ദിരം നന്ദാവനം സ്വരാജ് ഭവനിൽ പ്രവർത്തനം ആരംഭിച്ചു. ആസ്ഥാന മന്ദിരത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 17.09.2014 ഉച്ചയ്ക്ക് 12.30 മണിക്ക് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ നിർവ്വഹിച്ചു. തദവസരത്തിൽ കൂടിയ യോഗത്തിൽ ക്രൂസ് ചെയർമാൻ സൂപ്പിനരിക്കാട്ടേരി അദ്ധ്യക്ഷനായിരുന്നു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി.മാത്യു, പഞ്ചായത്ത് ഡയറക്ടർ (ഇ:ച:) എ.സെയിദ്, കേരള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ, "ക്രൂസ്" ഡയറക്ടർ ബോർഡ് അംഗങ്ങൾ, എൽ.എസ്.ജി.ഡി അഡീഷണൽ സെക്രട്ടറി കെ.ആർ. കൃപാനന്ദൻ തുടങ്ങിയവർ സംസാരിച്ചു. ക്രൂസ് വൈസ് ചെയർമാൻ വി.ആർ.രമാകുമാരി സ്വാഗതവും ക്രൂസ് സെക്രട്ടറി എസ്.ലത നന്ദിയും പറഞ്ഞു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2014 | പുസ്തകം 54 | ലക്കം 7 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

എ. സെയിദ്
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

മഹാത്മാഗാന്ധിയുടെ 145-ാം ജന്മവാർഷികമാണ് ഇക്കഴിഞ്ഞ ഒക്ടോബർ രണ്ടിന് നാം ആഘോഷിച്ചത്. മുൻവർഷങ്ങളിലെ പോലെ ശുചീകരണ പ്രവർത്തനങ്ങൾക്കാണ് ഈ വർഷവും പ്രാമുഖ്യം നൽകിയിരിക്കുന്നത്. ദേശീയ തലത്തിൽ നടക്കുന്ന കാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്ത് ഒക്ടോബർ രണ്ട് മുതൽ നവംബർ ഒന്ന് വരെ ശുചിത്വമാസം പദ്ധതി നടപ്പിലാക്കി വരികയാണ്. വിവിധ സർക്കാർ വകുപ്പുകൾ, കുടുംബശ്രീ, രാഷ്ട്രീയ പാർട്ടികൾ, റസിഡന്റ് അസോസിയേഷനുകൾ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ ഇതിനു നേതൃത്വം നൽകി ശുചിത്വമാസം പദ്ധതി വിജയിപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക് നമിർമ്മാജ്ജനം സംബന്ധിച്ച് വ്യക്തമായ ഒരു പരിപാടി ഇതിനോടകം നിർദ്ദേശിച്ചിട്ടു്. ആയത് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബർ 31-ന് അവസാനിക്കുകയാണ്. പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പ് അടുക്കുംതോറും ഗ്രാമപഞ്ചായത്തുകൾ ഇതു സംബന്ധിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങളും ജോലികളും നിർവ്വഹിക്കേണ്ടതുണ്ട്. അതു മുൻകൂട്ടി കണ്ട് മറ്റ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ പദ്ധതിവിനിയോഗം 20%-നത്തിനടുത്തു എത്തിയിരുന്നെങ്കിൽ ഇപ്പോഴത്തെ വിനിയോഗം 15% പൂർത്തിയാക്കാനും സാധിച്ചിട്ടില്ല. സാമ്പത്തിക വർഷാവസാനം തിരക്കിട്ടു പദ്ധതികൾ പൂർത്തീകരിക്കുന്ന പ്രവണത ഒരിക്കലും അഭികാമ്യമല്ല എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മിഷൻ 676-ൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് 2010-13-ൽ അനുവദിച്ച 35000 ഭവനങ്ങളിൽ ഇനിയും പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ നിർമ്മാണം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. അതോടൊപ്പം RGPSA പദ്ധതി ഏറ്റെടുത്ത ഗ്രാമപഞ്ചായത്തുകൾ ആയവയും എത്രയുംവേഗം പൂർത്തീകരിക്കണം.

ദശാബ്ദങ്ങളായി പല കാരണങ്ങളാൽ മുടങ്ങിക്കിടന്ന വസ്തു നികുതി പരിഷ്കരണം വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ നടന്നുവരികയാണ്. നാനൂറോളം ഗ്രാമപഞ്ചായത്തുകൾ Demand Generate ചെയ്തു നികുതി പിരിവ് തുടങ്ങികഴിഞ്ഞു. നികുതി പിരിവ് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുന്നതായി മനസ്സിലാക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും വസ്തുനികുതി പരിഷ്കരണം - സമയബന്ധിതമായി ചെയ്തുതീർക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പഞ്ചായത്തു സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുവിൽ 2015-ലെ പഞ്ചായത്തു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ വന്നെത്തും മുമ്പ് വസ്തു നികുതി പരിഷ്കരണം, പദ്ധതി വിനിയോഗം തുടങ്ങി മറ്റ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഇലക്ഷൻ ജോലികൾ കൃത്യതയോടെ നിർവ്വഹിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ എല്ലാ സമിതികളോടും ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

മുതിർന്ന പൗരന്മാരെ ബഹുമാനിക്കുകയും അംഗീകരിക്കുകയും സ്നേഹിക്കുകയും അവരുടെ ഉപദേശ നിർദ്ദേശങ്ങൾ വിലപ്പെട്ടതായി കരുതുകയും ചെയ്തുപോന്നതാണ് നമ്മുടെ സംസ്കാരം. സമൂഹശ്രേണിയിൽ ഏറ്റവും ഉന്നത സ്ഥാനമാണ് അവർക്കുണ്ടായിരുന്നത്. പക്ഷേ, വയോജനങ്ങളുടെ സംഖ്യാവർദ്ധനവ് കോണിക സ്തൂപത്തിൽ നിന്നും സ്തംഭത്തിലേക്ക് (pyramid to pillar) എന്ന പ്രതിഭാസമായി ലോകമെങ്ങും മാറി. കൂമ്പിപ്പോകുന്ന അഗ്രഭാഗത്ത് നിന്നും അടിസ്ഥാന സ്തംഭം എന്ന ഗണനയിലേക്ക് അവർ മാറി. ലോകത്തെവിടെയും സമാനമാണ് ഈ സ്ഥിതി. വാർദ്ധക്യാവസ്ഥയിൽ നിന്നും യൗവനത്തിലേക്ക് ഒരു മടക്കമില്ല. തന്നെയുമല്ല വൃദ്ധ്യാവസ്ഥ അതിവൃദ്ധാവസ്ഥയിലേക്ക് പ്രയാണം തുടരുകയും ചെയ്യും. ഒഴിച്ചു കൂടാനാവാത്ത ഈ സ്ഥിതിവിശേഷം പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങൾക്കും ബാധകമാണ്. ശാരീരിക – ജീവശാസ്ത്രപരമായ ക്ഷയം ഈ അവസ്ഥയെ സങ്കീർണ്ണമാക്കുന്നു.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 60 പിന്നിട്ടവരുടെ സംഖ്യ 10.38 കോടി (8.6%) ആണ്. പത്ത് വർഷം മുമ്പ് 1991 ൽ ഇത് 5.67 കോടി (6.8%) ആയിരുന്നു. കേരളത്തിലാകട്ടെ 2011 – ൽ മുതിർന്ന പൗരന്മാരുടെ ശതമാനം 12.6 ആണ്; അല്ലെങ്കിൽ ഏകദേശം 41.5 ലക്ഷം ജനങ്ങൾ കേരളത്തിൽ മുതിർന്ന പൗരന്മാരുടെ നിരയിൽ ഉണ്ട്. മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ, സാമ്പത്തിക സുരക്ഷ, ജീവിതത്തിന്റെ ഗുണമേന്മ തുടങ്ങി പല ഘടകങ്ങൾ ഇതിന് കാരണമാണ്. ഇതോടൊപ്പം മാറുന്ന കുടുംബഘടന, വയോജനങ്ങളുടെ കാര്യത്തിൽ കൂടുതൽ ഗൗരവാവഹമായ ശ്രദ്ധ പതിപ്പിക്കാൻ ഗവൺമെന്റിനെയും

ഒരു സുരഭില സായന്തനത്തിനായി

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതി തികച്ചും മാതൃകാപരമാണ്. വയോജനങ്ങളുടെ ശാരീരിക – മാനസിക – സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ 'വയോമിത്ര'ത്തിന് നിർണ്ണായക പ്രാധാന്യമുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, കൗൺസിലർമാർ എന്നിവർ അടങ്ങിയ സംഘം വയോജനങ്ങളുടെ താമസ സ്ഥലത്തി നടുത്തെത്തി മെഡിക്കൽ ചെക്കപ്പുകൾ സംഘടിപ്പിക്കുകയും ചികിത്സ നിർദ്ദേശിക്കുകയും ഔഷധവിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

പൊതു സമൂഹത്തെയും പ്രേരിപ്പിക്കുന്നു. കൂട്ടുകുടുംബ സമ്പ്രദായം മിക്കവാറും അപ്രത്യക്ഷമായി ഒപ്പം തന്നെ കുട്ടികളെയും മുതിർന്നവരെയും ശുശ്രൂഷിച്ച് വീട്ടിൽ കഴിയുന്നവരല്ലാതായി മാറി നമ്മുടെ സ്ത്രീകൾ. അവർ സാമൂഹ്യ ജീവിതത്തിൽ മുൻപന്തിയിലെത്തി ഈ സാഹചര്യങ്ങളിൽ മുതിർന്നവരുടെ ശാരീരിക, മാനസിക, സാമൂഹിക, സാമ്പത്തിക, ആദ്ധ്യാത്മിക വിഷയങ്ങൾ സമഗ്രമായ വിശകലനവും ആസൂത്രണവും പരിഹാരവും വേണ്ട അടിയന്തരാവശ്യങ്ങളിൽ മുൻഗണന നൽകേണ്ട ഒന്നായി. മുതിർന്ന പൗരന്മാർക്ക് വേണ്ടി സംസ്ഥാന ഗവൺമെന്റ് 2013-ൽ ഒരു നയത്തിന് രൂപം നൽകിയത് ഈ ദിശയിലെ ഉറച്ച ഒരു കാൽ വയ്പാണ്. വരും വർഷങ്ങളിൽ വയോജനക്ഷേമത്തിനായി ബജറ്റിൽ പ്രത്യേക തുക നീക്കിവയ്ക്കേണ്ടതായി വരും. അവർക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്യും. വയോജന നയം പൂർണ്ണമായി നടപ്പാക്കുന്നത് തന്നെ പ്രത്യേക സംവിധാനങ്ങളിലൂടെയാവും. കേരളം പോലെ സമ്പൂർണ്ണ സാക്ഷരതയുള്ള ഒരു സംസ്ഥാനത്ത് Maintenance of Parents & Senior Citizens Act 2007 പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി മുതിർന്ന വ്യക്തികളും സംഘടനകളും മുന്നോട്ടു വരുന്നു എന്നത് സ്വാഗതാർഹമാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതി തികച്ചും മാതൃകാപരമാണ്. വയോജനങ്ങളുടെ ശാരീരിക - മാനസിക - സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ 'വയോമിത്ര'ത്തിന് നിർണ്ണായക പ്രാധാന്യമുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, കൗൺസിലർമാർ എന്നിവർ അടങ്ങിയ സംഘം വയോജനങ്ങളുടെ താമസസ്ഥലത്തി നടുത്തെത്തി മെഡിക്കൽ ചെക്കപ്പുകൾ സംഘടിപ്പിക്കുകയും ചികിത്സ നിർദ്ദേശിക്കുകയും ഔഷധവിതരണം നടത്തുകയും ചെയ്യുന്നുണ്ട്. മൊബൈൽ ക്ലിനിക്ക് സൗകര്യത്തോടെയുള്ള ഈ പദ്ധതി ഇപ്പോൾ നഗരസഭകളിലും ഏതാനും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം തന്നെ അവശേഷിക്കുന്ന മുനിസിപ്പാലിറ്റികളിലേക്കും ജില്ലകളിൽ തെരഞ്ഞെടുത്ത ഒന്നു വീതം പഞ്ചായത്തിലേക്കും വ്യാപിപ്പിക്കും.

ആധുനിക ജീവിതത്തിന്റെ ഗതിവേഗത്തെപ്പറ്റി ഗവൺമെന്റിന് ബോധ്യമുണ്ട്. മുതിർന്ന പൗരന്മാർക്ക് സ്വന്തം ഗാർഹികാന്തരീക്ഷത്തിൽ വേണ്ടത്ര പരിരക്ഷ കിട്ടാനുള്ള സാഹചര്യം കുറവായേക്കാം. 'ഡേ കെയർ സെന്റർ' എന്ന ആശയം വിപുലമായി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ഇതിന് പരിഹാരമായാണ്. 3G (മൂന്ന് തലമുറകൾ) സങ്കൽപ്പത്തിലുള്ള ആധുനിക അങ്കണവാടികൾ, കുട്ടികൾ, കൗമാര പ്രായക്കാർ, മുതിർന്നവർ എന്നിവരുടെ സംഗമ കേന്ദ്രങ്ങളും പകൽവീടും ആയിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ പുതിയ സംരംഭമായ 'ഡിമെൻഷ്യ സൗഹൃദ പദ്ധതി'യും മുതിർന്നവർക്ക് ഉപകാരപ്രദമാകും. വാർദ്ധക്യം മൂലമോ അല്ലാതെയോ സ്ഥിരം കിടപ്പിലായ വരുടെ കൂട്ടിരിപ്പുകാർക്ക് പ്രതിമാസ സമാശ്വാസധനം നൽകുന്ന 'ആശ്വാസകിരണം' പദ്ധതിയും ഏറെ സ്വാഗതം ചെയ്യപ്പെട്ടു. ഒരു ലക്ഷം സന്നദ്ധ പ്രവർത്തകരെ അംഗങ്ങളാക്കുന്ന 'വീകെയർ കേഡറ്റ് കോർ' പൂർണ്ണമായി രൂപീകൃതമാകുന്നതോടെ വയോജനങ്ങൾക്കും കയ്യെത്തുന്ന അകലത്തിൽ സഹായവുമായി എപ്പോഴും നിലകൊള്ളുന്ന പ്രതിബദ്ധർ ഉണ്ടാവും.

വയോജന ക്ഷേമം കൈവരിക്കുന്നതിൽ ഗവൺമെന്റിന്റെ ശ്രമങ്ങളിൽ സന്നദ്ധ സംഘടനകൾ, സാമൂഹിക പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ കക്ഷികൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നീതിപീഠങ്ങൾ, മനുഷ്യാവകാശ സംഘടനകൾ തുടങ്ങി വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സജീവ പങ്കാളിത്തം ഉണ്ടാവണം. സമൂഹം മൊത്തത്തിൽ ഇത് തങ്ങളുടെ കടമയും ഉത്തരവാദിത്തവുമായി ഏറ്റെടുക്കണം. പ്രായമാവുക എന്നത് ഒരു നിരന്തര പ്രക്രിയയാണെന്നും നാളെ നമ്മളും ഈ ഘട്ടത്തിലേക്ക് കടക്കേണ്ടവരാണ് എന്നുമുള്ള അവബോധത്തോടെ വേണം വയോജന പ്രശ്നത്തെ സമീപിക്കേണ്ടത്. വയോജനക്ഷേമ മേഖലയിൽ ഡോ. പി.കെ.ബി.നായരെപ്പോലുള്ള ഉന്നത ശീർഷർ നടത്തിയ പ്രവർത്തനങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരം നേടി എന്നത് ശ്രദ്ധേയമാണ്.

എല്ലാറ്റിനും ഉപരി, നമ്മൾ വിസ്മരിക്കാൻ പാടില്ലാത്ത ഒന്നാണ് അനുഭവ ജ്ഞാനത്തിന്റെ അനന്തമായ ഖനിയാണ് നമ്മുടെ വയോജനങ്ങൾ എന്നുള്ളത്. അവരിൽ പ്രഗത്ഭ ശാസ്ത്രകാരന്മാരുണ്ടാവാം. സംഗീതജ്ഞരുണ്ടാവാം. ഡോക്ടർമാരും എൻജിനീയർ മാരുമുണ്ടാവാം. അദ്ധ്യാപകരുണ്ടാവാം. സാമൂഹ്യപ്രവർത്തകരും പൊതുജന പ്രതിനിധികളുമുണ്ടാവാം. തീവ്രമായ ജീവിതാനുഭവങ്ങളുടെ സ്ഫുലിംഗങ്ങൾ മനസ്സിൽ പേറുന്ന സാധാരണക്കാരുണ്ടാവാം. ഈ ടാലന്റ് സ്വരൂപിച്ച് സമൂഹത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് മറ്റൊരു വെല്ലുവിളിയാണ്. തലനാരിഴകളിൽ കാലം ചാലിച്ചു ചേർത്ത തൂവെള്ള നിറവും ചുളിവ് വീണ ചർമ്മവും സന്തുഷ്ടിയുടെയും സമ്പുഷ്ടിയുടെയും സംപൂർത്തിയുടെയും പര്യായമാക്കുന്നതിലാണ് നമ്മുടെ വിജയം. അസ്തമയ സൂര്യനെ ആരും ആരാധിക്കുന്നില്ല. എന്നാൽ പ്രപഞ്ചസൗന്ദര്യം മുഴുവൻ ചക്രവാള സീമയിൽ ചിത്രാങ്കിതമാക്കുന്ന ആ വേള ഏവർക്കും നിത്യ വിസ്മയമാണ്. സായന്തനം സുരഭിലമാകട്ടെ; ഇന്നും നാളെയും എന്നും!

സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ആയുധമെടുക്കാതെ ഇന്ത്യക്കാർ നടത്തിയ പോരാട്ടം മാനവചരിത്രത്തിലെ ഒരു അപൂർവ സംഭവമാണ്. ഈ സമരത്തിലെ ആയുധങ്ങൾ അഹിംസയും അക്രമരാഹിത്യവും നിസ്സഹകരണവുമായിരുന്നു. നവീനരീതിയിലുള്ള പ്രസ്തുത സ്വാതന്ത്ര്യസമരത്തിന്റെ പരമോന്നത നേതാവായ മഹാത്മാഗാന്ധിയുടെ മറ്റൊരു പ്രധാന ആയുധമായി പത്രപ്രവർത്തനത്തെ വിശേഷിപ്പിക്കാവുന്നതാണ്.

തന്റെ ആശയങ്ങൾ ഇന്ത്യയിലെ ജനകോടികൾക്ക് പകർന്നു കൊടുക്കാനുള്ള ഫലപ്രദമായ ഒരു ഉപാധിയായിട്ടാണ് ഗാന്ധിജി പത്രപ്രവർത്തനത്തെ കണ്ടിരുന്നത്. അദ്ദേഹം പറയുന്നു. “ജനകീയ വികാരങ്ങൾ മനസ്സിലാക്കുകയും അവയെ പ്രകടിപ്പിക്കുകയും ചെയ്യുക; ജനങ്ങളിൽ അഭിലഷണീയമായ വികാരങ്ങൾ വളർത്തിയെടുക്കുക, ജനങ്ങളുടെ തെറ്റുകുറ്റങ്ങൾ ധൈര്യപൂർവം ചൂണ്ടിക്കാട്ടുക എന്നിവയാണ് ഒരു പത്രത്തിന്റെ പ്രധാന കർത്തവ്യങ്ങൾ.”

ഡോ. എം. വി. തോമസ്

ദക്ഷിണാഫ്രിക്കയിൽ വച്ച് 1904-ൽ ‘ഇന്ത്യൻ ഒപ്പീനിയൻ’ എന്ന ബഹുഭാഷാ വാരിക (ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ഗുജറാത്തി) പ്രസിദ്ധീകരിച്ചുകൊണ്ടാണ് ഗാന്ധിജി പത്രപ്രവർത്തനരംഗത്തേക്ക് കാൽ കുത്തിയത്. ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം 1919 ഏപ്രിൽ ആറിന് ‘സത്യാഗ്രഹ’ എന്ന പേരിൽ ഒരു ദ്വിഭാഷാ വാരിക (ഹിന്ദി, ഗുജറാത്തി) ആരംഭിച്ചു. എന്നാൽ രജിസ്ട്രേഷൻ ഇല്ലാതിരുന്ന ആ പത്രത്തിന്റെ പ്രസിദ്ധീകരണം താമസിയാതെ നിലച്ചുപോയി. പിന്നീട് 1919 ഒക്ടോബർ എട്ടിന് ‘നവജീവൻ’ എന്ന വാരിക ഗുജറാത്തിയിലും ‘യംഗ് ഇന്ത്യ’ എന്ന വാരിക ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു തുടങ്ങി. 1933 ജനുവരിയിൽ ഈ രണ്ട് വാരികകളും അവ അച്ചടിച്ചിരുന്ന പ്രസ്സും ബ്രിട്ടീഷ് ഭരണകൂടം പിടിച്ചെടുത്തു. തൊട്ടടുത്ത മാസം തന്നെ ഗാന്ധിജി ഹരിജൻ എന്ന ദ്വിഭാഷാ വാരിക (ഹിന്ദി, ഇംഗ്ലീഷ്) യുടെ പ്രസിദ്ധീകരണത്തിന് തുടക്കം കുറിച്ചു. 1948 ജനുവരിയിൽ അദ്ദേഹം വെടിയേറ്റു മരിക്കുന്നതുവരെയും അദ്ദേഹം അതിന്റെ പത്രാധിപരായിരുന്നു. ബാഹ്യപ്രേരണകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നതിനുവേണ്ടി ഗാന്ധിജി തന്റെ പത്രങ്ങളിൽ നിന്ന് പരസ്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയാണ് ചെയ്തിരുന്നത്. വായനക്കാർക്ക് എളുപ്പം മനസ്സിലാക്കാവുന്ന ഹൃദയസ്പർശിയായ ലളിതഭാഷയാണ് അദ്ദേഹം പത്രങ്ങൾ ഉപയോഗിച്ചിരുന്നത്. ഗാന്ധിജിയുടെ പത്രങ്ങൾ ഇന്ത്യയിൽ ഉടനീളമുള്ള പത്രങ്ങൾക്ക് മാതൃകയും പ്രചോദനവുമായി. മലയാള പത്രങ്ങളും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിന്റെ അവസാനത്തെ മൂന്നു ദശകങ്ങളിൽ



ബാഹ്യപ്രേരണകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നതിനുവേണ്ടി ഗാന്ധിജി തന്റെ പത്രങ്ങളിൽ നിന്ന് പരസ്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയാണ് ചെയ്തിരുന്നത്. വായനക്കാർക്ക് എളുപ്പം മനസ്സിലാക്കാവുന്ന ഹൃദയസ്പർശിയായ ലളിതഭാഷയാണ് അദ്ദേഹം പത്രങ്ങളിൽ ഉപയോഗിച്ചിരുന്നത്. ഗാന്ധിജിയുടെ പത്രങ്ങൾ ഇന്ത്യയിൽ ഉടനീളമുള്ള പത്രങ്ങൾക്ക് മാതൃകയും പ്രചോദനവുമായി. മലയാള പത്രങ്ങളും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല.

മലയാളത്തിലെ ഏതാണ്ട് എല്ലാ പ്രമുഖ പത്രങ്ങളും മഹാത്മാഗാന്ധിജിക്കും അദ്ദേഹത്തിന്റെ എല്ലാ സംരംഭങ്ങൾക്കും അകമഴിഞ്ഞ പിന്തുണ നൽകി. 1915-ൽ ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെടുത്തുന്നതിനു മുമ്പു തന്നെ അദ്ദേഹത്തിന്റെ മഹത്വം മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്ത പത്രമാണ് മലയാള മനോരമ. 1908 ജനുവരി 29ലെ ലക്കത്തിൽ അദ്ദേഹത്തിന്റെ ദീനാനുകമ്പയെയും ദേശസ്നേഹത്തെയും പ്രകീർത്തിച്ചുകൊണ്ട് ആ പത്രം ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. 1913 നവംബർ 29ന് 'മോഹൻദാസ് കരംചന്ദ് ഗാന്ധി' എന്ന ശീർഷകത്തിൽ മനോരമ ഒരു മുഖപ്രസംഗം എഴുതി. 1924 മുതലാണ് 'മഹാത്മാഗാന്ധി' എന്ന പ്രയോഗം പത്രങ്ങളിൽ പ്രചാരം നേടിയത്. അതുവരെയും മലയാള പത്രങ്ങൾ അദ്ദേഹത്തെ മോഹൻദാസ് കരംചന്ദ്ഗാന്ധി, എം.കെ.ഗാന്ധി, മിസ്റ്റർ ഗാന്ധി, ഗാന്ധിജി തുടങ്ങിയ പ്രയോഗങ്ങൾ കൊണ്ടാണ് അദ്ദേഹത്തെ സൂചിപ്പിച്ചിരുന്നത് 1925-ൽ ഗാന്ധിജിയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് മലയാളമനോരമ 'മഹാത്മാഗാന്ധി' എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തി. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: “ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ വച്ചു പ്രഥമഗണനീയൻ, ലോകത്തിൽ അവതരിച്ചിട്ടുള്ളവരിൽ വച്ചു പ്രഥമഗണനീയന്മാരിൽ ഒരാൾ എന്നിങ്ങനെ ജാതിമതഭേദമെന്യേ ലോകമാസകലം ഈ ദിവ്യപുരുഷനെപ്പറ്റി കൊണ്ടാടിവരുന്നതിന്റെ സാരമെന്തെന്ന് നാം ചിന്തിക്കേണ്ടതാണ്.... ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന യാതൊരു ചക്രവർത്തിയാകട്ടെ മതാധ്യക്ഷനാകട്ടെ, മഹാത്മാഗാന്ധിക്കുള്ളതിൽ ശതാംശം പ്രസിദ്ധിയോ ലോകരുടെ സ്നേഹാദരങ്ങളോ ലഭിച്ചിട്ടില്ലെന്ന് നിസ്സംശം പറയാം.” ഗാന്ധിജിയുടെ ആത്മകഥ, കത്തുകൾ മുതലായവ വിവർത്തനം ചെയ്ത് മലയാളമനോരമയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഗാന്ധിജി തിരുവിതാംകൂറിൽ നടത്തിയ എല്ലാ സന്ദർശനങ്ങളിലും മലയാള മനോരമയുടെ പ്രതിനിധി അദ്ദേഹത്തെ അനുഗമിച്ചിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ ഒരു



ഗാന്ധിജിയും മലയാള പത്രങ്ങളും

ഉത്പന്നമെന്ന നിലയിലാണ് 1923 മാർച്ച് 17ന് മാതൃഭൂമി പ്രസിദ്ധീകരണമാരംഭിച്ചത്. 1922 മർച്ച് 18ന് ആറുവർഷത്തെ തടവിന് ശിക്ഷിക്കപ്പെട്ട ഗാന്ധിജി ഒരു വർഷത്തെ ജയിൽവാസം പൂർത്തിയാക്കിയ സന്ദർഭമായിരുന്നു അത്. ആദ്യപത്രാധിപരായിരുന്ന കെ.പി.കേശവമേനോൻ 1973-ൽ 'മാതൃഭൂമിയുടെ ചരിത്രത്തിൽ നിന്ന് (ഒന്നാം വാല്യം) എഴുതിയ അവതാരികയിൽ ഇങ്ങനെ പറയുന്നു: "മാതൃഭൂമി ആരംഭിച്ച കാലത്ത് ഒരു നല്ല പത്രം നടത്തുന്നത് ഇന്ന പ്രകാരം ആയിരിക്കണം എന്നതിന്റെ ഒരു ഉത്തമ മാതൃക ഗാന്ധിജിയുടെ പത്രാധിപത്യത്തിൽ നടത്തിയിരുന്ന 'യംഗ് ഇന്ത്യ'യായിരുന്നു. അതിനെ മാർഗദർശിയായി സ്വീകരിക്കുവാൻ ഞങ്ങൾ നിശ്ചയിച്ചു." മാതൃഭൂമി ഒരു ദിനപത്രമായത് ഗാന്ധിജി ഉപ്പുസത്യാഗ്രഹം ആരംഭിച്ച 1930 ഏപ്രിൽ ആറിനാണ്. 1932 ജനുവരി 18ന് മാതൃഭൂമി ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരണമാരംഭിച്ചത് മഹാത്മാഗാന്ധിയുടെ കവർ ചിത്രത്തോടുകൂടിയായിരുന്നു. ഗാന്ധിജി സന്ദർശിച്ച ഏക മലയാള പത്രം ഓഫീസ് മാതൃഭൂമിയുടേതായിരുന്നു. 1934 ജനുവരി 13നായിരുന്നു ആ സന്ദർശനം. "ഇന്ത്യയിലെ വർത്തമാന പത്രങ്ങളിൽ മാതൃഭൂമിക്ക് അതുല്യമായ ഒരു സ്ഥാനമാണുള്ളത്" എന്ന് ആ അവസരത്തിൽ അദ്ദേഹം പറഞ്ഞു.

അയിത്തത്തിനെതിരെ ശക്തമായി പോരാടുകയും അയിത്ത ജാതിക്കാരുടെ ഉന്നമനത്തിനായി അശ്രാന്തപരിശ്രമം നടത്തുകയും ചെയ്തുകൊണ്ടിരുന്ന ഗാന്ധിജിയോട് കേരള കൗമുദിക്ക് അങ്ങേയറ്റം ബഹുമാനവും ആദരവുമാണ് ഉണ്ടായിരുന്നത്. കേരള സന്ദർശനവേളകളിൽ അയിത്തത്തിനെതിരായി ഗാന്ധിജി നടത്തിയ പ്രസംഗങ്ങൾ പൂർണ്ണ രൂപത്തിൽ കേരള കൗമുദി പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിന് പുറത്ത് അദ്ദേഹം ഇപ്രകാരം നടത്തിയ പല പ്രസംഗങ്ങളും ആ പത്രം പ്രസിദ്ധീകരിച്ചു. 1925 മാർച്ചിൽ ശിവഗിരിയിൽ വച്ച് ഗാന്ധിജിയും ശ്രീനാരായണഗുരുവും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് കേരളകൗമുദിയുടെ പത്രാധിപരായിരുന്ന സി.വി.കുഞ്ഞുരാമൻ ദൃക്സാക്ഷിയായിരുന്നു. ആ രണ്ടു മഹാത്മാക്കൾ തമ്മിൽ നടത്തിയ സംഭാഷണത്തിന്റെ പദാനുപദ വിവരണം സി.വി തന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അത് സുപ്രധാനമായ ഒരു ചരിത്രരേഖയാണ്.

ഇംഗ്ലീഷുകാരനായ സി.എഫ്. ആൻഡ്രൂസ് എന്ന ക്രിസ്ത്യൻ പുരോഹിതൻ ഇന്ത്യയിലെ ദേശീയ നവോത്ഥാനത്തിനും സ്വാതന്ത്ര്യസമരത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് മഹാത്മാഗാന്ധി അദ്ദേഹത്തിന് 'ദീനബന്ധു' എന്നൊരു ബഹുമതി നൽകി. കൊച്ചി പ്രജാമണ്ഡലത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും സ്വാതന്ത്ര്യ സമര സേനാനിയുമായ വി.ആർ.കൃഷ്ണൻ എഴുത്തച്ഛൻ 1942 ജനുവരി 26ന് 'ദീനബന്ധു' എന്ന പേരിൽ ഒരു വാരിക ആരംഭിച്ചു. ഗാന്ധിജി പ്രഖ്യാപിച്ച ക്വിറ്റ് ഇന്ത്യാസമരത്തിന് പിന്തുണ നൽകുക എന്നതായിരുന്നു പത്രത്തിന്റെ പ്രധാനലക്ഷ്യം. 1946 ജനുവരി 26ന് അത് ഒരു ദിനപത്രമായി. ഗാന്ധിജിയുടെ 'ഹരിജൻ' വാരിക മലയാളത്തിൽ പ്രസിദ്ധീക്കുന്ന ചുമതല 'ദീനബന്ധു' ഏറ്റെടുത്തു.

ഇവ ഉൾപ്പെടെ മലയാളത്തിലെ ഒട്ടുമിക്ക പത്രങ്ങളും ഗാന്ധിജിയുടെ ആദർശങ്ങളെയും സമരങ്ങളെയും നിർമ്മാണപരിപാടികളെയും സർവാത്മനാ പിന്തുണച്ചു. എ.കെ. പിള്ളയുടെ 'സ്വരാട്', കെ.ജി.ശങ്കറിന്റെ 'മലയാളരാജ്യം' എന്നിവ പ്രത്യേകം പരാമർശിക്കപ്പെടേണ്ടവയാണ്. സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ള ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആയിരിക്കെ തന്നെ അദ്ദേഹത്തിന്റെ ഒരു ജീവചരിത്രമെഴുതി. 1913ൽ കുന്നംകുളം എ.ആർ.പി പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച 'മോഹനദാസ് ഗാന്ധി' എന്ന ഈ ഗ്രന്ഥമാണ് ഒരു ഇന്ത്യൻ ഭാഷയിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഗാന്ധിജിയുടെ ജീവചരിത്രം. ◆



ലേഖന പരമ്പര – പത്ത്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

കൺസൾട്ടന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ

ആമുഖം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഗുണമേന്മാ സംവിധാനത്തിന്റെ മുഖമുദ്രയായ ഐ.എസ്.ഒ. 9001: 2008 നേടാൻ വിദഗ്ദ്ധോപദേശം നൽകാനാണല്ലോ ഐ.എസ്.ഒ. കൺസൾട്ടന്റിനെ നിയോഗിക്കുന്നത്. ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിക്കഴിയുന്നതിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുന്ന തരത്തിലുള്ള ജനസൗഹൃദ പഞ്ചായത്ത് എന്ന തലത്തിലേക്ക് പഞ്ചായത്തുകൾ എത്തിച്ചേരും. അതായത് സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞാൽ പഞ്ചായത്ത് എങ്ങനെ ആയിരിക്കണം എന്ന വസ്തുത മുൻകൂട്ടി കണ്ടിട്ടാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടത്. ആയതിലേയ്ക്കായി നിയോഗിക്കുന്ന കൺസൾട്ടിന്റിന്റെ സേവനം വിനിയോഗിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണയുണ്ടാകണം. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന് സ്വമേധയാ ചെയ്യുവാൻ കഴിയുമെങ്കിൽ കൺസൾട്ടന്റിന്റെ ആവശ്യം തന്നെയില്ലല്ലോ. ഗുണമേന്മാ കാഴ്ചപ്പാടും, നയവും, ലക്ഷ്യങ്ങളും രൂപപ്പെടുത്തി അത് കൈവരിക്കുന്നതിനുള്ള മാന്വൽ തയ്യാറാക്കി അതനുസരിച്ചാണ് സേവനപ്രദാന സംവിധാനം രൂപകല്പന ചെയ്യേണ്ടത്. വെറും ഉപദേശത്തിനല്ല, വിദഗ്ദ്ധോപദേശത്തിനാണ് കൺസൾട്ടന്റ്. വിദഗ്ദ്ധോപദേശം ലഭ്യമാകണമെങ്കിൽ ചുവടെ കൊടുക്കുന്ന കാര്യങ്ങളിൽ പഞ്ചായത്ത് സജീവ ശ്രദ്ധ ചെലുത്തണം.

കൺസൾട്ടന്റിനെ നിയോഗിക്കുമ്പോൾ

നിയതമായ രീതികളിലൂടെ നിയോഗിക്കുന്ന കൺസൾട്ടന്റിന് മുൻപരിചയം ഉണ്ടെങ്കിലും സാധാരണ അസിസ്റ്റന്റുമാരിലൂടെയായിരിക്കും ഇവർ പരിശീലനങ്ങളും പ്രവർത്തനങ്ങളും നടത്തുന്നത്. ആയതിനാൽ പ്രസ്തുത അസിസ്റ്റന്റുമാർ Lead Auditor യോഗ്യത നേടിയവരാണെന്ന് ഉറപ്പുവരുത്തണം. കൺസൾട്ടന്റ് പഞ്ചായത്തിൽ ചിലവഴിക്കേണ്ട ദിനങ്ങളും ഉത്തരവാദിത്തങ്ങളും ഉൾപ്പെടെ വേണം ടെന്റർ ക്ഷണിക്കാൻ. ടെന്റർ ഉറപ്പിച്ചാൽ സേവന വേതന വ്യവസ്ഥകൾ ഉൾച്ചേർത്ത് കരാറിൽ ഏർപ്പെടണം. നിബന്ധനകളിൽ മാറ്റം വരുത്തിയാൽ അതിനുള്ള നഷ്ടപരിഹാര തുകയും, പലിശയും ഈടാക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്യണം.

ഗുണമേന്മാ നയരൂപീകരണം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് അർത്ഥപൂർണ്ണമാകണമെങ്കിൽ ഗുണമേന്മാ നയം, ലക്ഷ്യങ്ങൾ എന്നിവയിൽ വ്യക്തതയുണ്ടാകണം. ആയതിനാൽ പഞ്ചായത്തിലെ എല്ലാ തലങ്ങളിലും ചർച്ചാ വിധേയമാക്കി പങ്കാളിത്ത രീതിയിലാണ് ഗുണമേന്മാ നയം രൂപീകരിക്കേണ്ടത്. ഇതിന് വിപരീതമായി മുൻകൂട്ടി തയ്യാറാക്കിയ (ready made) നയമാണ് കൺസൾട്ടന്റുമാർ പ്രദാനം ചെയ്യുന്നത്. ആയതിനാൽ ഭരണ സമിതിയും ജീവനക്കാരും ജനാധി

പതൃബപങ്കാളിത്ത രീതിയിൽ ഇവ രൂപീകരിക്കാൻ കൺസൾട്ടന്റിനോട് നിഷ്കർഷിക്കേണ്ടതാണ്.

കർമ്മപദ്ധതി രൂപീകരിക്കുമ്പോൾ

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ, പരിശീലനങ്ങൾ, ഇ-ഗവേണൻസിനായി നടപ്പിലാക്കുന്ന സോഫ്റ്റ് വെയറുകൾ, റെക്കോർഡ് റൂം സജ്ജീകരിക്കൽ, പശ്ചാത്തല സൗകര്യങ്ങൾ ആധുനികവത്കരിക്കൽ, ക്വാളിറ്റി സർക്കിൾ രൂപീകരിക്കാനും ഇന്റേണൽ ഓഡിറ്റിനുള്ള പരിശീലനം എന്നിവയുടെ വിശദമായ ആസൂത്രണം നടത്താനും ആര്, എപ്പോൾ, എങ്ങനെ ഇവ പൂർത്തിയാക്കുമെന്നും ഇവ നടന്നു കഴിഞ്ഞാലുണ്ടാകുന്ന പ്രതീക്ഷിത ഫലവും നേട്ടങ്ങളും ഉൾപ്പെടുന്ന രേഖയാണ് കർമ്മപദ്ധതി. കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ടാൽ ഉടൻതന്നെ പ്രസ്തുത കർമ്മപദ്ധതി തയ്യാറാക്കണം. കൺസൾട്ടന്റിന്റെ സാന്നിദ്ധ്യത്തിൽ എല്ലാ ജീവനക്കാരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ചർച്ചാ വേദിയിലൂടെയായിരിക്കണം കർമ്മപദ്ധതി തയ്യാറാക്കാൻ. ഇവയുടെ മോണിറ്ററിംഗ് ചുമതലയും, ചെയ്യേണ്ട രീതിയും ഇതോടൊപ്പം തയ്യാറാക്കുവാനും കൺസൾട്ടന്റിനോട് ആവശ്യപ്പെടണം.

ആശയ സ്വാംശീകരണ പരിശീലനം

ആശയ സ്വാംശീകരണ പരിശീലനത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഐ.എസ്.ഒ., '5' എസ്, ക്വാളിറ്റി സർക്കിൾ, നിരന്തര പരിശീലനത്തിന്റെ ആവശ്യകത എന്നിവ അടങ്ങുന്ന വ്യക്തമായ പരിശീലനം കൺസൾട്ടന്റ് നടത്തി എന്ന് സെക്രട്ടറി ഉറപ്പുവരുത്തണം. ഇത് എല്ലാവർക്കും മനസ്സിലായി എന്ന വിലയിരുത്തലും നടത്തണം. പരിശീലനത്തിന്റെ അവസാനം ഗുണമേന്മാ സംവിധാനം ഉറപ്പുവരുത്തുന്നത് ഓരോ ജീവനക്കാരുടേയും ആവശ്യമാണെന്ന് ഗുണപരമായ ബോധ്യപ്പെടുത്തലിൽ അവസാനിക്കതരത്തിൽ ഈ ആദ്യപരിശീലനം ചിട്ടപ്പെടുത്തണമെന്ന് കൺസൾട്ടന്റിനെ ബോധ്യപ്പെടുത്തേണ്ട ചുമതല സെക്രട്ടറിക്കാണ്.

പൗരസർവ്വേ

പൗരസർവ്വേ നടത്തി ജനാഭിലാഷം അറിഞ്ഞുവേണം പൗരാവകാശരേഖ പുതുക്കുവാനും സേവനം പ്രദാനം ചെയ്യുവാനുമെന്ന് പ്രതിപാദിച്ചുവല്ലോ. അതിനുവേണ്ടിയുള്ള പരിശീലനം, ചോദ്യാവലി തയ്യാറാക്കൽ എന്നിവക്കുള്ള വിദഗ്ദ്ധോപദേശം നൽകുക കൺസൾട്ടന്റായിരിക്കും. സർവ്വേയ്ക്കായുള്ള ചോദ്യാവലിയിൽ, വിവിധ സേവനങ്ങളെക്കുറിച്ചുള്ള അഭിപ്രായം, വികസന പ്രവർത്തനങ്ങൾ, പഞ്ചായത്ത് ഓഫീസിലെ പശ്ചാത്തല സൗകര്യങ്ങൾ, ജീവനക്കാരുടെ പെരുമാറ്റം, പഞ്ചായത്തിനെക്കുറിച്ചുള്ള അഭിപ്രായം എന്നിവയൊക്കെ ഉൾപ്പെടുത്തണം. സർവ്വേ രീതിശാസ്ത്രം, കർമ്മപദ്ധതി രൂപീകരണം എന്നിവയുടെ പരിശീലനവും വിദഗ്ദ്ധോപദേശവും കൺസൾട്ടന്റ് തരുന്നതാണ്. സർവ്വേ ഫലം ഉൾപ്പെടുന്ന റിപ്പോർട്ടും തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഇവയൊക്കെ നടക്കുന്നുവോ, അവ ഉദ്ദേശിച്ച രീതിയിലാണോ തുടങ്ങിയ കാര്യങ്ങൾ ഭരണസമിതിയും സെക്രട്ടറിയും വിലയിരുത്തുകയും മാർക്ഷനിർദ്ദേശങ്ങൾ കൺസൾട്ടന്റിന് കൊടുക്കുകയും വേണം.

അവസ്ഥാ വിശകലനം

അവസ്ഥാ വിശകലനം നടത്തിയശേഷം മാത്രമേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാവൂ. അതിനാൽ പൗരസർവ്വേ നടത്തുന്നതോടൊപ്പം പശ്ചാത്തല സൗകര്യങ്ങളുടെ വിശകലനവും നടത്തണം. ഉപയോഗം മനസ്സിലാക്കിവേണം സൗകര്യങ്ങൾ ഒരുക്കുവാൻ. ഉദാഹരണമായി വളരെ കുറച്ചു അപേക്ഷകൾ മാത്രമാണ് ഫ്രണ്ട് ഓഫീസിൽ വരുന്നത, വളരെ വിരളമായേ തിരക്ക് അനുഭവപ്പെടാറുള്ളൂവെങ്കിൽ ടോക്കൺ സമ്പ്രദായവും അതിനുള്ള മെഷീൻ സ്ഥാപിക്കേണ്ടതിന്റേയും ആവശ്യകതയില്ലല്ലോ. പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുമ്പോൾ സൗകര്യങ്ങളുടെ എണ്ണത്തെക്കാളേറെ, ഫലപ്രാപ്തിയാണ് ഉറപ്പുവരുത്തേണ്ടത്. കൂടാതെ മറ്റു പഞ്ചായത്തുകൾ ചെയ്യുന്നതിനുപരിയായി എന്തെങ്കിലും പുതിയ ഗുണപരമായ സംവിധാനം കൂടെ നടപ്പിലാക്കാൻ അവസ്ഥാ വിശകലനത്തിലൂടെ കഴിയണം. അതിനുള്ള നൂതന ആശയങ്ങൾ നൽകാൻ കഴിയുന്നവരാകണം കൺസൾട്ടന്റ്.

ക്വാളിറ്റി സർക്കിൾ

ക്വാളിറ്റി സർക്കിൾ ജീവനക്കാരുടെ സൗഹൃദ കൂട്ടായ്മയാണ്. അത് രൂപീകരിക്കുന്നതിനും, മാർക്ഷരേഖ തയ്യാറാക്കുന്നതിനുമുള്ള വിദഗ്ദ്ധോപദേശവും സാങ്കേതിക സഹായവും സർക്കിളിന്റെ നിരന്തര കൂടിച്ചേരലിനും പ്രവർത്തനങ്ങൾക്കും ആവശ്യം വേണ്ട മുൻകരുതലുകൾ അടങ്ങുന്ന രീതിയിലുള്ള വിദഗ്ദ്ധ പരിശീലനവും നൽകാൻ കൺസൾട്ടന്റ് ബാധ്യസ്ഥനാണ്.

ഒന്നാം കക്ഷി ഓഡിറ്റ്

ഒന്നാം കക്ഷി ഓഡിറ്റ് നടത്തേണ്ടത് ഭരണസമിതിയാണെന്നു വിവരച്ചിരുന്നുവല്ലോ. ഇത് നിരന്തരം നടത്തേണ്ട പ്രക്രിയയാണ്. തിരുത്തൽ നടപടികൾ, മുൻകരുതൽ നടപടികൾ, നിരന്തര മോണിറ്ററിംഗ് എന്നിവ നടക്കേണ്ടത് ഒന്നാം കക്ഷി ഓഡിറ്റിലാണ്. അവ എങ്ങനെയാണ് നടത്തേണ്ടത്, ഏതൊക്കെ രേഖകളാണ് സൂക്ഷിക്കേണ്ടത് എന്നുള്ള കാര്യങ്ങൾ അടങ്ങുന്ന പരിശീലനം കൺസൾട്ടന്റ് നൽകിയാൽ മാത്രമേ ഭരണസമിതിക്ക് ഒന്നാം കക്ഷി ഓഡിറ്റ് നടത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഒരു ദിവസമെങ്കിലും ഇത്തരത്തിലുള്ള പരിശീലനത്തിനായി മാറ്റിവയ്ക്കാനും പരിശീലനം നടത്തുവാനും കൺസൾട്ടന്റിനോട് ആവശ്യപ്പെടണം.

ഇന്റേണൽ ഓഡിറ്റ്

പഞ്ചായത്തിലെ ഓരോ വിഭാഗവും ലക്ഷ്യത്തിനനുസരിച്ചാണോ പ്രവർത്തിക്കുന്നത് എന്ന് ജീവനക്കാരുടെ ഒരു സംഘം ഉറപ്പു വരുത്തുന്ന ആഭ്യന്തരതല ഓഡിറ്റാണിത്. ഇന്റേണൽ ഓഡിറ്റ് എങ്ങനെ നടത്തണം, അതിനുള്ള ആസൂത്രണ പദ്ധതി, സൂക്ഷിക്കേണ്ട റിക്കോർഡുകൾ, റിപ്പോർട്ട് തയ്യാറാക്കൽ, തുടർ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് എന്നിവയടങ്ങുന്ന പരിശീലനം ലഭിച്ചാൽ മാത്രമേ ഇന്റേണൽ ഓഡിറ്റ് നിർദ്ദിഷ്ഠ ടീമിന് നടത്താൻ സാധിക്കുകയുള്ളൂ. ഇവ നടക്കുന്നു എന്ന് മോണിറ്റർ ചെയ്യാനുള്ള പരിശീലനം സെക്രട്ടറിക്കും ഭരണസമിതിക്കും ലഭിക്കുകയും വേണം. ആയതിനായുള്ള വിദഗ്ദ്ധ പരിശീലനം ജീവനക്കാർക്കു മാത്രം ലഭിച്ചാൽ ഓഡിറ്റ് മാത്രമേ നടക്കൂ, മോണിറ്ററിംഗ് കാര്യക്ഷമമാകുകയില്ല. ഇക്കാര്യത്തിൽ

പട്ടിക – 1 : ഐ.എസ്.ഒ. കൺസൾട്ടന്റ് നൽകേണ്ട പരിശീലനങ്ങൾ

ക്ര. ന.	പരിശീലന വിഷയം	കുറഞ്ഞ സമയം	പരിശീലന പങ്കാളികൾ
1.	പൗരസർവ്വേ നിർവ്വഹണം - ചോദ്യാവലി	2 മണിക്കൂർ	ജനപ്രതിനിധികൾ
2.	ഫ്രന്റ് ഓഫീസ് അവസ്ഥാ വിശകലനം, നവീകരണ സാധ്യതകൾ, കർമ്മപരിപാടി	2 ദിവസം	ജീവനക്കാർ, സ്റ്റിയറിംഗ് കമ്മിറ്റി
3.	ഗുണമേന്മാ നയരൂപീകരണം	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
4.	TQM കർമ്മപരിപാടി ശില്പശാല	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
5.	ക്വാളിറ്റി മാന്വൽ തയ്യാറാക്കൽ - ശില്പശാല	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
6.	TQM, ISO 9001:2008 ആശയസ്വാംശീകരണം	5 മണിക്കൂർ	ജീവനക്കാരും ജനപ്രതിനിധികളും
7.	പശ്ചാത്തല സൗകര്യങ്ങൾ സാധ്യതകൾ	2 മണിക്കൂർ	ജീവനക്കാരും ജനപ്രതിനിധികളും
8.	നല്ല ഓഫീസ് പരിചരണം (5 'എസ്')	3 മണിക്കൂർ	ജീവനക്കാർ
9.	ഒന്നാം കക്ഷി ഓഡിറ്റ്	3 മണിക്കൂർ	ജനപ്രതിനിധികളും സെക്രട്ടറിയും
10.	ഇന്റേണൽ ഓഡിറ്റ്	5 മണിക്കൂർ	ജീവനക്കാർ
11.	ക്വാളിറ്റി സർക്കിൾ - മാർഗ്ഗരേഖ - കലണ്ടർ	3 മണിക്കൂർ	ജീവനക്കാർ
12.	ഇന്റേണൽ ഓഡിറ്റ് -കർമ്മപരിപാടി തയ്യാറാക്കൽ	5 മണിക്കൂർ	ജീവനക്കാർ
13.	തുടർ മോണിറ്ററിംഗ് - കർമ്മപദ്ധതി	3 മണിക്കൂർ	ജീവനക്കാർ, ജനപ്രതിനിധികൾ

കൺസൾട്ടന്റിന്റെ സേവനം വിനിയോഗിക്കാൻ ശ്രദ്ധയുണ്ടാകണം.

പരിശീലനങ്ങൾ

എല്ലാവർക്കും സൗകര്യമുള്ള ദിവസങ്ങളിൽ വേണം പരിശീലന തിയതികൾ നിശ്ചയിക്കാൻ. പരിശീലനങ്ങൾ അവസാനിക്കുമ്പോൾ ആശയ സ്വാംശീകരണം നടന്നു എന്നുറപ്പുവരുത്താനുള്ള വിലയിരുത്തൽ നടത്തണം. കൺസൾട്ടന്റ് നടത്തേണ്ട പരിശീലനങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. ഈ പരിശീലന പട്ടിക കരാർ തയ്യാറാക്കുമ്പോൾ ഉൾച്ചേർക്കുകയും, അതനുസരിച്ച് പരിശീലനങ്ങൾ നടക്കുന്നുന്നെും സെക്രട്ടറി ഉറപ്പു വരുത്തണം. പരിശീലനങ്ങളിൽ പങ്കെടുക്കേണ്ടവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തണം. എന്നാൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ.

പ്രീ അസ്സസ്മെന്റ് ഓഡിറ്റ്

മൂന്നാം കക്ഷി ഓഡിറ്റ് നടത്തുന്നതിനുമുമ്പ് സാഹചര്യങ്ങൾ ഉദ്ദേശിച്ച തലത്തിലേക്ക് എത്തിച്ചേർന്നുവോ, പശ്ചാത്തല സൗകര്യങ്ങൾ ആധുനികവത്കരിക്കപ്പെട്ടുവോ, എല്ലാ വിഭാഗങ്ങളും ലക്ഷ്യം കൈവരിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നുവോ എന്നുറപ്പുവരുത്തുന്ന ഓഡിറ്റാണിത് എന്ന് സൂചിപ്പിച്ചിരുന്നുവല്ലോ. പരിശീലനം നൽകുമ്പോൾ ഈ കാര്യങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണമെന്ന് സെക്രട്ടറി കൺസൾട്ടന്റിനോട് ആവശ്യപ്പെടുകയും അങ്ങനെയാണ് പരിശീലനം നടക്കുന്നതെന്നും, ഭരണസമിതി പ്രീ അസ്സസ്മെന്റ് ഓഡിറ്റ് നടത്താൻ സജ്ജമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.

സ്റ്റിയറിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ്

ഗുണമേന്മാ സംവിധാന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്തുന്നതിനാവശ്യമായ പരിശീലനവും ആസൂത്രണവും നടത്തേണ്ടതുണ്ട്. ഈ പരിശീലനം നടന്നാൽ മാത്രമേ തുടർ മോണിറ്ററിംഗ് സാധ്യമാകൂ. ഗുണമേന്മാ സംവിധാനം സുസ്ഥിരമാകുകയുള്ളൂ. ആയതിനാൽ തുടർ മോണിറ്ററിംഗിന് സ്റ്റിയറിംഗ് കമ്മിറ്റിയെ തയ്യാറാക്കുകയും കർമ്മപദ്ധതി രൂപീകരിക്കുകയും ചെയ്യുക കൺസൾട്ടന്റിന്റെ ഉത്തരവാദിത്തമാണ്.

സർട്ടിഫിക്കേഷൻ ബോഡി

സർട്ടിഫിക്കേഷൻ ബോഡിയെ തെരഞ്ഞെടുക്കുന്നത് പഞ്ചായത്താകണം, കൺസൾട്ടന്റാകരുത്. ആയതിലേക്ക് പ്രത്യേക ടെന്റർ വിളിക്കുവാൻ ശ്രദ്ധിക്കണം.

സർവ്വലന്റ് ഓഡിറ്റും സർട്ടിഫിക്കറ്റ് പുതുക്കലും

ഓരോ വർഷവും കഴിയും തോറും സർവ്വലന്റ് ഓഡിറ്റ് നടത്തണം. അതിനായി പെർഫോർമൻസ് ഓഡിറ്റ് ടീമിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. അവിടെ കൺസൾട്ടന്റിന്റെ സേവനവും അതിനായി തുകയും ചെലവഴിക്കേണ്ടതില്ല.

ഉപസംഹാരം

ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുക എന്നതല്ല, ജനസംതൃപ്തി ഉറപ്പുവരുത്തുകയാണ് പഞ്ചായത്ത് ഊന്നൽ നൽകേണ്ടത്. ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുക എന്ന സങ്കുചിത ലക്ഷ്യത്തോടുകൂടി ഈ പ്രക്രിയയെ സമീപിക്കുമ്പോൾ സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞാലും സേവനപ്രദാനം മെച്ചപ്പെടില്ല. അപ്പോൾ ലക്ഷ്യമിട്ട ഗുണത്തിനു വിപരീതമാകുകയും ജനങ്ങളുടെ അതൃപ്തിക്ക് പാത്രമാകുന്നതോടൊപ്പം ജീവനക്കാരുടെ മനോധൈര്യം ചോരുകയും ജനപ്രതിനിധികളുടെ പൊതു സ്വീകാര്യത നഷ്ടമാകുകയും ചെയ്യും. അധികാരവികേന്ദ്രീകരണത്തിൽ വളരെയധികം മുന്നോട്ടുപോയിട്ടുള്ള കേരളം സേവന പ്രദാനത്തിലും അതുപോലെ മുന്നേറേണ്ടതുണ്ട്. ആയതിനാൽ കൺസൾട്ടന്റിന്റെ ഉപദേശത്തിനല്ല, വിദഗ്ദ്ധോപദേശത്തിനാണ് നിയോഗിക്കുന്നതെന്നും അത് പൂർണ്ണമായും പ്രയോജനപ്പെടത്തക്ക രീതിയിലുള്ള അന്തരീക്ഷം ഒരുക്കുവാൻ ഭരണസമിതിയും സെക്രട്ടറിയും ശ്രദ്ധിക്കുകയും അതിനായി കൺസൾട്ടന്റിനെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും വേണം. ഐ.എസ്.ഒ. സർട്ടിഫിക്കറ്റിനായി മാത്രമല്ല ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനായി പ്രവർത്തിക്കുകയും നമ്മുടെ ഘടകസ്ഥാപനങ്ങളിലേക്കും പ്രസ്തുത പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് എല്ലാ തലങ്ങളിലും, എല്ലാ പ്രവർത്തനങ്ങളിലും, എല്ലാ ജീവനക്കാരിലും ജനപ്രതിനിധികളിലും ഗുണമേന്മ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളുണ്ടാകണം. അതിലൂടെ ജനസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം പ്രാപ്യമാക്കുകയും നിലനിർത്തുകയും ചെയ്യാം. ഇപ്പോൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞ പഞ്ചായത്തുകൾ ഘടകസ്ഥാപനങ്ങളിലേക്കും ഗുണമേന്മാ സംവിധാനം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നും, മറ്റുള്ള പഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടി ഗുണമേന്മയുള്ള സേവനം സംവിധാനം ഉറപ്പുവരുത്തുമെന്നും പ്രതീക്ഷിക്കുന്നു. ചെറുവണ്ണൂർ നല്ലളം ഗ്രാമ പഞ്ചായത്ത് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ആരംഭിച്ച അതുല്യ ശ്രമം പഞ്ചായത്ത് സംവിധാനത്തിലാകമാനം മാറ്റത്തിനു നാന്ദികുറിച്ചു എന്നു നമുക്ക് അഭിമാനിക്കാം. ◆

(അവസാനിച്ചു)

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

പുതിയ വസ്തു നികുതി ചട്ടങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്ക്കരണം നിലവിൽവന്ന തീയതി 2013 ഏപ്രിൽ 1 ആണല്ലോ. ഞങ്ങളുടെ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്ക്കരണം പൂർത്തിയായതും ഡിമാൻഡ് തയ്യാറായതും 2014-15ൽ മാത്രമാണ്. 2013-14-ൽ അന്നു നിലവിലിരുന്ന വസ്തു നികുതി 100% പിരിച്ചെടുത്ത് യാതൊരു കുടിശ്ശികയും ഇല്ലാത്ത പഞ്ചായത്താണ് ഞങ്ങളുടേത്. അതിനാൽ വസ്തു നികുതി പരിഷ്ക്കരിച്ച് 2013-14-ലെ കുടിശ്ശിക പിരിച്ചെടുക്കുമ്പോൾ അതിനെ വസ്തു നികുതി (കുടിശ്ശിക) എന്ന പേരിൽ പിരിച്ചെടുക്കാനാവില്ലല്ലോ? 2014-15ലെ നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന 2013-14ലെ വസ്തു നികുതിയേയും “തന്നാണ്ട്” എന്നല്ലേ കണക്കാക്കേണ്ടത്?

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളാണ് ആദ്യം പ്രസിദ്ധീകരിച്ചത്. തുടർന്ന് 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ 2013 മാർച്ച് 15-ാം തീയതിയിലെ 768-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തു.

2013-ലെ ഭേദഗതി ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി 2013 ഏപ്രിൽ 1 ആണെന്ന് 1(2)-ാം ചട്ടം അനുശാസിക്കുന്നു. അതിനാൽ 2013-14 ആരംഭം മുതൽ നിലവിലുള്ള വസ്തുവാണെങ്കിൽ നികുതി പരിഷ്ക്കരണം. 2013-14 ആരംഭം മുതൽ നടപ്പാക്കണം. 2013-14-ലെ നികുതി 2014-15-ൽ പിരിച്ചെടുക്കുകയാണെങ്കിൽ, പ്രസ്തുത തുക കുടിശ്ശിക തന്നെയാണല്ലോ. 2013-14-ലാണോ അതോ 2014-15-ലാണോ ഡിമാൻഡ് ചെയ്തത് എന്ന കാര്യം പ്രസക്തമല്ല.

മുൻ വർഷത്തെ നികുതി ആ സമയത്ത് ഡിമാൻഡ് ചെയ്യാതെ പിന്നീട് ഡിമാൻഡ് ചെയ്യുന്നത് നീതിയല്ല എന്നാണ് പരാതിയെങ്കിൽ പ്രസ്തുത പരാതി സർക്കാർ മുമ്പാകെയോ നിയമക്കോടതിയിലോ ഉന്നയിച്ചാൽ മാത്രമേ പരിഹാരം ലഭിക്കുകയുള്ളു. പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരം കുടിശ്ശിക പിരിച്ചെടുക്കാനുള്ള അധികാരം മാത്രമേ ഉള്ളു.

2013-14-ലെ കുടിശ്ശിക 2014-15-ൽ പിരിച്ചെടുക്കുന്നത് “ലഭിക്കാനുള്ള വസ്തു നികുതി (കുടിശ്ശിക)” എന്ന ഹെഡിന് ക്രെഡിറ്റ് നൽകി തന്നെയായിരിക്കണം. അതിനു മുമ്പ് നികുതി പരിഷ്ക്കരണം വഴി കുടിശ്ശികയായിത്തീർന്ന മുഴുവൻ തുകയ്ക്കും “Recovable for properly Tax (Arreas)” എന്ന ഹെഡിന് ഡെബിറ്റും “Prior Period Income Properly Tax” എന്ന ക്രെഡിറ്റിന് ക്രെഡിറ്റും നൽകി ജേണൽ എൻട്രി രേഖപ്പെടുത്തിയിരിക്കണം.

“2013-14-ൽ 100% വസ്തു നികുതി പിരിവ് നടത്തി” എന്ന പ്രസ്താവം 100% ശരിയാണോ എന്നു പരിശോധിക്കാം. വസ്തു നികുതി പരിഷ്ക്കരണം നിലവിൽ വരുന്നത് 2013 ഏപ്രിൽ 1 മുതലാണെന്ന കാര്യം 2013 മാർച്ച് 15വ് വിജ്ഞാപനം ചെയ്തതാണല്ലോ? ഇപ്രകാരം പരിഷ്ക്കരണം നടത്താതെ, മുൻകാലത്ത് നിലവിലുണ്ടായിരുന്ന വസ്തു നികുതി മാത്രം പിരിച്ചെടുത്താൽ അത് 100% പിരിവാകുന്നതെങ്ങനെ? 2014-15-ൽ 2013-14ലെ ബാക്കി തുക പിരിച്ചെടുക്കേണ്ടിവരും എന്ന കാര്യം 2013-14-ൽ തന്നെ അറിവുണ്ടായിരുന്നതാണല്ലോ.

എങ്കിലും പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന രേഖകൾ പ്രകാരമുള്ള 100% നികുതിയും പിരിച്ചെടുത്തവരുടെ നടപടി പ്രോത്സാഹനം അർഹിക്കുന്നതാണ്. 2013-14ലെ കുടിശ്ശിക, പരിഷ്ക്കരണ നടപടികൾക്കു ശേഷം, പിരിച്ചെടുത്തു എന്നതുകൊണ്ട് നേരത്തേ നൽകിയ പ്രോത്സാഹന തുക സർക്കാർ പിൻവലിക്കാൻ ഒരു സാദ്ധ്യതയുമില്ല. അതേ സമയം പ്രോത്സാഹനത്തുക പിൻവലിച്ചേക്കുമോ എന്നു ഭയന്ന് തെറ്റായ അക്കൗണ്ടിംഗ് രീതി അവലംബിക്കുന്നതിന് ന്യായവും ഇല്ല.

2013-14-ലെ വസ്തു നികുതി 100% പിരിച്ചെടുത്ത പഞ്ചായത്താണ് ഞങ്ങളുടേത്. എന്നാൽ 2013-14-ലെ ഓഡിറ്റ് നടത്തിയപ്പോൾ ഔട്ട്ഡോർ കളക്ഷനിലെ നാലു രസീതുകൾ പ്രകാരമുള്ള തുക പഞ്ചായയ്തിൽ അടച്ചിട്ടില്ല എന്നു കണ്ടെത്തി. ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് പ്രസ്തുത തുക പിരിച്ചെടുത്ത് രസീത് നൽകുമ്പോൾ ഏത് ഹെഡ് ഓഫ് അക്കൗണ്ടിനാണ് ക്രെഡിറ്റ് നൽകേണ്ടത്? “Recovable for properly Tax (Arreas)” എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ബാലൻസ് ഷീറ്റ് പ്രകാരം ഒരു തുകയും ഇല്ലാ

ത്തതിനാൽ ആ ഹെഡിന് ക്രെഡിറ്റ് നൽകാൻ സാദ്ധ്യമല്ലല്ലോ.

യഥാർത്ഥത്തിൽ പിരിവ് 100% ആയിരുന്നില്ല എന്നും നാലു രസീതുകൾ പ്രകാരമുള്ള തുക കുടിശ്ശികയായിരുന്നു എന്നുമല്ലേ സത്യം? ഇക്കാര്യം 2014-15ൽ (അതായത് പിരിവു നടത്തിയതിന്റെ അടുത്ത വർഷം കത്തെിയതിനാൽ "Recovable for properly Tax (Arreas)" എന്ന ഹെഡിന് ഡെബിറ്റും ""Prior Period Income Properly Tax'' എന്ന ഹെഡിന് ക്രെഡിറ്റും നൽകി ജേണൽ എൻട്രി രേഖപ്പെടുത്തണം. തുടർന്ന് "Recovable for properly Tax (Arreas)" എന്ന ഹെഡിന് ക്രെഡിറ്റ് നൽകി രസീത് നൽകണം.

2014-15-ലെ വാർഷിക ധനകാര്യ പത്രികയ്ക്ക് അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിക്കണമെന്നാഗ്രഹിക്കുന്നു. അതിനുവേണ്ടി ഇപ്പോൾ മുതൽ ഞാൻ ചെയ്തു തുടങ്ങേണ്ട കാര്യങ്ങൾ എന്തെല്ലാം?

നാം സുഹൃത്തുക്കളുടെ ഒരു ചെറിയ വലയത്തിൽ നിൽക്കുകയാണെന്നു സങ്കൽപ്പിക്കുക. ഒരാൾ മറ്റൊരാളെ നോക്കി പുഞ്ചിരിക്കുന്നു. അയാൾ മറ്റൊരാളെ നോക്കുന്നു. പ്രസാദാത്മകമായ ഒരു ചെറു പുഞ്ചിരിയിൽ ഓരോ മുഖവും വിടരുന്നു. അത് അവിടെ പ്രസാദാത്മകമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഇതുപോലെ നല്ലൊരു കാര്യം ചെയ്യണമെന്നാഗ്രഹിക്കുന്നവർ പരസ്പരം ആ ആഗ്രഹം കൈമാറുമ്പോൾ അതൊരു വലിയ ശക്തിയായിത്തീരുകയാണ്.

ദിവസത്തിലെ കൂടുതൽ സമയം നാം ഉണർന്നിരിക്കുന്നത് ഓഫീസിലാണ്. ഓഫീസിലെ ജോലി കൃത്യവും കുറ്റമറ്റതും മറ്റുള്ളവരുടെ അഭിനന്ദനം തേടുന്നതുമായിത്തീർന്നാൽ അതിന്റെ പ്രതിഫലനം നിശ്ചയമായും ജീവിതത്തിന്റെ മറ്റു മേഖലകളിലും ദൃശ്യമാവും.

അക്കൗണ്ടിംഗ് ഒരു കീറാമുട്ടിയായി മറ്റു പലർക്കും തോന്നാമെങ്കിലും നിത്യവും അക്കൗണ്ടിംഗ് ജോലിയുമായി ബന്ധപ്പെട്ടവർക്ക് അത് 'നിത്യത്തൊഴിൽ അഭ്യാസം' എന്ന പഴഞ്ചൊല്ല് സൂചിപ്പിക്കുന്നതുപോലെ അനായാസമമാണ്. ഒരു കൈത്താങ്ങ് ഇടക്കിടെ വേണമെന്ന് ആഗ്രഹിച്ചു പോകുമെന്നു മാത്രം.

അത്തരമൊരു സമ്മോഹനമായ കൈത്താങ്ങാണ് 2014-15-ൽ പിറന്നു വീണിരിക്കുന്നത്. തൃശൂർ ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായ രാജ് പ്രദീപിന്റെ സങ്കൽപ്പത്തിൽ ആരംഭിച്ച് പഞ്ചായത്ത് ഡയറക്ടർ എ.സയീദിന്റെ ക്രിയാത്മകതയിൽ മുന്നേറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്.ദിവാകരൻപിള്ളയുടെ നേതൃത്വത്തിൽ പൂർണ്ണമായിരിക്കുന്ന പുതിയ പഞ്ചായത്ത് അക്കൗണ്ടിംഗ് ഹെൽപ് ഡെസ്ക് സംവിധാനം ശുഭ സൂചകമാണ്. 2014-15-ലെ വാർഷിക ധനകാര്യ പത്രികകൾ 2015 മാർച്ച് കഴിഞ്ഞ് അധികമൊന്നും താമസിയാതെ സമർപ്പിക്കപ്പെടുക; 978 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 14 ജില്ലാ പഞ്ചായയ്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും അൺക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുക- "എത്ര മനോഹരമായ നടക്കാത്ത സ്വപ്നം" എന്നു പരിഹസിക്കാൻ വരട്ടെ. ഇത് സാദ്ധ്യമാകും എന്നു തന്നെയാണ് ബന്ധപ്പെട്ട വരെല്ലാം പ്രതീക്ഷിക്കുന്നത്.

ഈ യത്നത്തിൽ അക്കൗണ്ടന്റുമാരിൽ നിന്ന് അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് ആയിത്തീർന്നവർ, സെക്രട്ടറിമാർ, എഡിപിമാർ, ഡിഡിപിമാർ, ഐകെഎമ്മിലെ അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ടുമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ, ഡിസ്ട്രിക്ട് ടെക്നിക്കൽ ഓഫീസർമാർ, സോഫ്റ്റ്വെയർടീം, ലോക ബാങ്ക് സഹായത്തോടെയുള്ള കെ.എൽ.ജി.എസ്.ഡി.പിയിലെ വിദഗ്ദ്ധർ തുടങ്ങിയവരെല്ലാം അക്കൗണ്ടന്റുമാരുടെ സഹായത്തിനായി അണി നിരന്നിരിക്കുന്ന വർഷമാണ് 2014-15.

എല്ലാവരും സഹായിച്ചാലും ചെയ്യാനുള്ളവർ അവരുടെ പങ്ക് നിർവഹിച്ചാൽ മാത്രമേ ഏതു യത്നവും ഫലപ്രദമാവുകയുള്ളു. അക്കൗണ്ടന്റുമാർക്ക് ഏറെ ചെയ്യാനുണ്ട്. യാന്ത്രികമായി പ്രവർത്തിക്കുന്നതിനുപകരം ഓരോ ഇടപാടും സാംഖ്യയിൽ കൃത്യമായി മനസ്സിലാക്കി രേഖപ്പെടുത്തുക; മാസാവസാനം ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ നടത്തുക; ബാലൻസ് ഷീറ്റ്, ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ ഓരോ മാസാവസാനവും പ്രിന്റ് ഔട്ട് എടുത്ത് ഓരോ വരിയും പരിശോധിക്കുക, സംശയമുള്ള ഓരോ ഇനം സംബന്ധിച്ചും ലെഡ്ജർ പരിശോധിക്കുക, സംഭവിച്ചുപോയ ഓരോ തെറ്റും ശരിയായ രീതിയിൽ തിരുത്തുക; ഇപ്രകാരം ഓരോ പ്രതിമാസ അക്കൗണ്ടും കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തുക. ഇത്രയും ചെയ്താൽ 2015 മാർച്ചിലെ പ്രതിമാസ അക്കൗണ്ട് പരിശോധിച്ച് വാർഷിക ധനകാര്യ പത്രികയുടെ പ്രിന്റ് ഔട്ട് എടുത്ത് ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കാനും അൺക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് നേടാനും കഴിയും.

മേൽപ്പറഞ്ഞത് ശ്രമം കൂടാതെ നേടാനാവുന്ന കാര്യമല്ല. തീർച്ചയായും മറ്റ് അക്കൗണ്ടന്റുമാരെ, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാരെ, ഐ.ടി എക്സ്പർട്ടുമാരെയെല്ലാം സമീപിക്കേണ്ടി വരും. ലഭിക്കുന്ന വിദഗ്ദ്ധോപദേശം ഉൾക്കൊണ്ട് ഓരോ മാസത്തേയും അക്കൗണ്ടിലെ മുഴുവൻ തെറ്റുകളും തിരുത്തിക്കഴിഞ്ഞാൽ വർഷാവസാനം അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ഉറപ്പ്.

'Rome was not built in a day' എന്നൊരു പഴഞ്ചൊല്ലുണ്ട്. വലിയ കാര്യങ്ങൾ നിരന്തരവും ദീർഘകാലം കൊണ്ടുമാത്രം ഫലമണിയുന്നതുമായ ശ്രമം കൊണ്ടുമാത്രമേ നിർവഹിക്കാനാകൂ എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 2014-15 അവസാനമെത്താൻ ഇനി ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് എന്നിങ്ങനെ 6 മാസങ്ങൾ 6 ഘട്ടങ്ങളായി മുന്നിൽ നിൽപ്പുണ്ട്. ഓരോ മാസവും പൂർത്തിയാവുകയും സ്വയം പരിശോധന നടത്തുകയും സ്വയം തെറ്റു തിരുത്തുകയും ചെയ്യുമ്പോൾ നാം മുന്നേറുന്നത് 2014-15-ൽ 1209 തദ്ദേശ സർക്കാരുകളുടെ കണക്കുകൾക്ക് അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് എന്ന മനോഹരമായ സ്വപ്നത്തിലേക്കാണ്.

നഗരങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും

വിനു എ.

നഗരങ്ങളുടെ വളർച്ച വളരെ വേഗത്തിലാണ്. ഇന്ത്യയിലെ ഗ്രാമങ്ങൾ നഗരങ്ങളായി രൂപാന്തരപ്പെടുവാൻ കൂടുതൽ സമയമെടുക്കുന്നില്ലായെന്നതാണ് നിലവിലെ സാഹചര്യം. ശാസ്ത്ര-സാങ്കേതികവിദ്യയുടെ വളർച്ചയാണ് ഇത്തരമൊരു സാഹചര്യത്തിലേക്ക് വളരെ എളുപ്പത്തിൽ കൊണ്ടുപോയിട്ടുള്ളതെന്ന് കാണാനാവും. നഗരവത്കരണം വേഗതയോടെ മുന്നോട്ടുപോകുമ്പോൾ അതിനൊപ്പം തന്നെ വളരുന്ന വിവിധ പ്രശ്നങ്ങളുമുണ്ടെന്നത് കാണാതിരിക്കാനാവില്ല. അതായത്, ഗ്രാമങ്ങൾ നൽകുന്ന വിശാലമായ ജീവിത സാഹചര്യങ്ങൾ അത്രയും ധാരാളിത്തത്തോടെയോ, ആവശ്യപ്പെടുന്ന അളവിലോ ലഭ്യമാക്കുവാൻ പലപ്പോഴും നഗരങ്ങൾക്ക് സാധിക്കാതെ വരുന്നു. അടുത്ത 15–20 വർഷങ്ങൾക്കുള്ളിൽ ഇന്ത്യയിലെ നഗരങ്ങളിൽ ഇന്ത്യൻ ജനസംഖ്യയുടെ പകുതിയും ജീവിക്കാൻ പോകുന്ന കണക്കുകൾക്ക് മുന്നിൽ നിന്നുകൊണ്ട് നമുക്ക് യത്നിച്ചേ മതിയാവൂ. ഭീതിദമായേക്കാവുന്ന ഭാവിയെ കൃത്യതയോടെ ഒരുക്കുവാൻ.

ജനസംഖ്യയിലെ അനിയന്ത്രിതമായ വർദ്ധനയും അതിനൊപ്പം തന്നെ ജനസാന്ദ്രതയുടെ പരിധി വികസിച്ചുവരികയും ചെയ്യുന്നതാണ് നമുക്ക് പൊതുവെ കാണാൻ സാധിക്കുന്ന കാര്യം. അടിസ്ഥാനപരമായി നഗരങ്ങൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് അന്വേഷിക്കുവാൻ പ്രധാനപ്പെട്ട കാരണം ഇതുതന്നെയാണെന്നതിൽ സംശയമില്ല. കേരളത്തിലെ നഗരപശ്ചാത്തലം അതിവേഗം മാറുന്നുണ്ട്. പല ഗ്രാമങ്ങളും നഗരങ്ങളുടെ സ്വഭാവത്തിലേക്ക് മാറുന്നതായി കാണാം. അതായത്, ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം കുറഞ്ഞുവരുന്നു. ഒരുകാലത്ത്, നഗരങ്ങളെ കുറിച്ച് ചിന്തിക്കുവാൻ പോലും ആവാത്ത അന്യത്വം ഗ്രാമീണജീവിതരീതിയിൽ ഉണ്ടായിരുന്നു. നഗരങ്ങളുടെ പൊങ്ങച്ചരീതികളിൽ ചേർന്ന് കൊണ്ട് അതിനെ വിശകലനം ചെയ്യുകയും സ്വതന്ത്രമായ ജീവിത വീക്ഷണം രൂപപ്പെടുത്തുകയും ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ,

കേരളത്തിലെ നഗരപശ്ചാത്തലം അതിവേഗം മാറുന്നുണ്ട്. പല ഗ്രാമങ്ങളും നഗരങ്ങളുടെ സ്വഭാവത്തിലേക്ക് മാറുന്നതായി കാണാം. അതായത്, ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം കുറഞ്ഞുവരുന്നു. ഒരുകാലത്ത്, നഗരങ്ങളെ കുറിച്ച് ചിന്തിക്കുവാൻ പോലും ആവാത്ത അന്യത്വം ഗ്രാമീണജീവിതരീതിയിൽ ഉണ്ടായിരുന്നു.

മറ്റ് അടിസ്ഥാന സൗകര്യങ്ങളിൽ മെച്ചപ്പെട്ട പരിഗണനയും കൂടുതൽ സൗകര്യങ്ങളും നഗരങ്ങളിലാണെന്നത് നഗരത്തെ മോഹങ്ങളിൽ കൊണ്ടെത്തിച്ച വികാരമായിരുന്നു. അതായത്, മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ തേടിയുള്ള അന്വേഷണം അവരെ അവിടെ കൊണ്ടുചെന്നെത്തിച്ചു.

എന്നാൽ ആസൂത്രിതമല്ലാത്ത ജീവിത സൗകര്യങ്ങൾ നഗരങ്ങളിൽ വലിയ പ്രശ്നങ്ങളാണ്. സൃഷ്ടിച്ചത്. ജലവിതരണം, മാലിന്യനിർമാർജ്ജനം തുടങ്ങിയവയിൽ കൃത്യമായ രീതി ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചിലപ്പോൾ ആരോഗ്യപ്രശ്നങ്ങളും ഇവ മൂലം ഉണ്ടാകുന്നു. മാത്രമല്ല, വായു മലിനീകരണം പ്രശ്നങ്ങളുണ്ടാക്കുന്നു. അതായത് നഗരങ്ങളിൽ എത്തിച്ചേരുന്ന എല്ലാവർക്കും മതിയായ പരിഗണന നൽകാൻ നഗരങ്ങളുടെ നിലവിലുള്ള സാഹചര്യങ്ങളിൽ സാധിക്കാതെ വരുന്നു. ആസൂത്രിതമല്ലാത്ത വികസന പ്രവർത്തനങ്ങളാണിതിന് കാരണമാവുന്നത്.

ജീവിതസാഹചര്യങ്ങൾ നമ്മുടെ ആവശ്യങ്ങളുടെ പട്ടികയെ വളർത്തിയിട്ടുണ്ട്. എന്നാൽ പരിമിതമായ സാഹചര്യങ്ങളിൽ നിന്നും പൂർണമായി മുന്നോട്ട് പോകുവാൻ സാധിക്കുന്ന സാഹചര്യം നമ്മുക്ക് മുന്നിൽ ഇല്ലായെന്നതാണ് യാഥാർത്ഥ്യം ഓരോ പാരിസ്ഥിതിക പ്രദേശത്തെയും വളർത്തുവാനുതകുന്ന വിധത്തിലുള്ള സാഹചര്യങ്ങളുടെ അപര്യാപ്തത പല നഗരങ്ങളുടെയും പ്രശ്നമാണ്. നിലവിലുള്ള സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി പുതിയ സാങ്കേതികവിദ്യയുടെ ഭാഗമായ മാറ്റങ്ങളെ കാലത്തിനുതകുന്ന വിധത്തിൽ അവതരിപ്പിക്കാൻ സാധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ വികസനാത്മകമായ ഒരു രൂപം ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴും മതിയായ സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ ചിന്തകളെ തുരങ്കം വെക്കുന്നുണ്ട്. ഈ പരിതസ്ഥിതിയെ എങ്ങനെ തരണം ചെയ്യുവാൻ സാധിക്കുമെന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. നഗരസംസ്കാരം അടുത്ത ഭാവിയിൽ അഭിമുഖീകരിക്കാൻ പോകുന്ന വലിയ പ്രശ്നം പാരിസ്ഥിതികമായ പ്രശ്നങ്ങളാവുമെന്നതിൽ സംശയമില്ല.

ഭൂമി, പരിസ്ഥിതി

നഗരങ്ങളിൽ ആവശ്യമായ ഭൂമി ലഭ്യമാവുകയെന്നത് വലിയ പ്രശ്നമാണ്. താമസസൗകര്യത്തിനായി ആകാശത്തിലേക്ക് സൗധങ്ങൾ ഉയർത്തിക്കൊയേിരിക്കേണ്ട അവസ്ഥയാണുള്ളത്. ജനസംഖ്യയുടെ വർദ്ധന വേഗതയോടെ മുന്നേറുന്നതിനൊപ്പം ഭൂമിയെ വിസ്തൃതമാക്കുന്നതിൽ അപര്യാപ്തതയുണ്ട്. നഗരങ്ങൾ വികസിപ്പിക്കുന്നതിനായി വനം, പാടങ്ങൾ, ജലാശയങ്ങൾ തുടങ്ങിയവയെ നശിപ്പിക്കുന്ന വിധത്തിലാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. പാരിസ്ഥിതികമായി വെല്ലുവിളി തീർക്കുന്നതാണ് ഈ സാഹചര്യം. പുൽമേടുകൾ നശിപ്പിച്ചും ചതുപ്പുകൾ നികത്തിയും കൃഷിയിടങ്ങൾ ഒഴിപ്പിക്കപ്പെട്ടും പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിച്ചു



കൊണ്ടാണ് ഈ രീതികൾ മുന്നോട്ടു പോകുന്നത്. പ്രകൃതിയിൽ ശരിയായ വിധത്തിൽ നടപ്പിലാക്കേണ്ട പല കാര്യങ്ങളെയും തകിടം മറിക്കുന്ന വിധത്തിലുള്ള സമീപനമാണ് ഇതിലൂടെ നടക്കുന്നത്.

ഭൂമിയുടെ നിലനിൽപ്പിനെയും അന്തരീക്ഷ സാഹചര്യങ്ങളെയും തകിടം മറിക്കുന്ന ഈ സ്ഥിതിവിശേഷത്തെ നിസാരമായി നമുക്ക് തള്ളിക്കളയുവാൻ സാധിക്കില്ല. നിലവിലുള്ള പ്രദേശങ്ങളിലും ആകാവുന്ന പ്രദേശങ്ങളിലും മരങ്ങൾ വളർത്തിയും നിലനിർത്തിയും താപനിലയുടെ ഉയർച്ചയെ കുറച്ചെങ്കിലും പ്രതിരോധിക്കുവാൻ സാധിക്കും. ഭൂമിയുടെ ഉപയോഗത്തിൽ, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ കർശനമായ നടപടികൾ നടത്തുവാൻ സാധിക്കണം. പ്രാദേശിക ഭരണകൂടങ്ങൾക്ക് ഈ കാര്യത്തിൽ ശക്തമായ നയവും കൃത്യമായ സമീപനവും ആവശ്യമാണ്. വലിയ ഷോപ്പിംഗ് മാളുകൾ ഒരുക്കപ്പെടുന്നത് ആധുനിക ജീവിതസൗകര്യത്തിന്റെ മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമാണെന്ന കാരണത്താൽ അവയെ എതിർക്കപ്പെടുവാൻ സാധിക്കില്ല. എന്നാൽ പകരം അത്തരത്തിലുള്ള സൗധങ്ങൾ ഉയരുമ്പോൾ അവ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സ്വൽപ്പമെങ്കിലും കുറക്കുവാൻ സാധിക്കുന്ന പദ്ധതികൾ കൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കണം.

നഗരപ്രദേശങ്ങൾക്കായി സമഗ്രമായ നഗരവികസന പദ്ധതികൾ ആസൂത്രണം ചെയ്യുകയെന്നത് ശ്രമകരമായ കാര്യമാണ്. ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. പ്രകൃതിവിഭവങ്ങളുടെ പരിപോഷണം, പാരിസ്ഥിതികമായ സാഹചര്യങ്ങൾ തുടങ്ങിയവ. നഗരങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഉതകുന്ന കൃഷിയിടങ്ങളോ മറ്റ് കാർഷിക സാഹചര്യങ്ങളോ സംരക്ഷിക്കുന്നതിനായി നഗരങ്ങൾക്ക് സാധിക്കുമോയെന്നത് സംശയമാണ്. എന്നാൽ പ്രകൃതിയോട് കൂടുതൽ ഇണങ്ങുന്ന പ്രവർത്തനങ്ങളിലൂടെ ഒരു വലിയ മാറ്റം ഈ രംഗത്ത് ഉണ്ടാക്കാൻ സാധിക്കും. ടെറസുകളിൽ പച്ചക്കറി കൃഷി തുടങ്ങിയ പദ്ധതികൾ നമ്മുടെ ആവശ്യത്തിനുള്ള പച്ചക്കറികളുടെ ലഭ്യതയെ ഉറപ്പുവരുത്തുകയെന്നതിനപ്പുറം വലിയ സാംസ്കാരിക പ്രവർത്തനമാണ് നടത്തുന്നത്. ഇതിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ഒരു പരിധി വരെ കാത്തുസൂക്ഷിക്കാനും ഒരു ചെറിയ ചുറ്റുപാടിനെ നഗരത്തിന്റെ വലിയ മാലിന്യങ്ങളിൽ നിന്നും കുറച്ചെങ്കിലും മാറിനിൽക്കുവാൻ ഉതകുന്ന വിധത്തിൽ മാറ്റുന്നു.

ഖരമാലിന്യസംസ്കരണം ഇത് വലിയ വെല്ലുവിളിയാണ്. നഗരങ്ങളെ മാത്രമല്ല, ഗ്രാമങ്ങളിലെ ചന്തകളിൽ പോലും ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന കാലമാണിത്. നഗരങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ കുന്നുകൂടി കിടക്കുന്ന മാലിന്യകൂമ്പാരങ്ങൾ കേരളത്തിലെ പല നഗരങ്ങളിലെയും സ്ഥിരം കാഴ്ചയാണ്. വലിയ ആരോഗ്യപ്രശ്നങ്ങളിലേക്കാണ് ഇത് നമ്മെ കൊണ്ടുപോകുന്നത്.

ഖരമാലിന്യസംസ്കരണം

ഇത് വലിയ വെല്ലുവിളിയാണ്. നഗരങ്ങളെ മാത്രമല്ല, ഗ്രാമങ്ങളിലെ ചന്തകളിൽ പോലും ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന കാലമാണിത്. നഗരങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ കുന്നുകൂടി കിടക്കുന്ന മാലിന്യകൂമ്പാരങ്ങൾ കേരളത്തിലെ പല നഗരങ്ങളിലെയും സ്ഥിരം കാഴ്ചയാണ്. വലിയ ആരോഗ്യപ്രശ്നങ്ങളിലേക്കാണ് ഇത് നമ്മെ കൊണ്ടുപോകുന്നത്. പാതയോരങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിലൂടെ എലി, കൊതുകി, ഈച്ച തുടങ്ങിയ രോഗവാഹികളായ ജീവികളുടെ എണ്ണം കൂടു വർദ്ധിക്കുകയാണ്. നഗരങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത വലിയ പ്രശ്നമാണ്. ഖരമാലിന്യത്തിന്റെ കാര്യത്തിൽ നമ്മുക്ക് വിവിധ പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം വിവിധ പ്രദേശങ്ങളിൽ പ്രാദേശികമായുണ്ട്.

മാലിന്യസംസ്കരണത്തിൽ വിവിധ മാർഗങ്ങളുണ്ടെങ്കിലും ഫലപ്രദമായി നമ്മുക്ക് അവലംബിക്കുവാൻ സാധിക്കുന്ന മാർഗങ്ങളിലൊന്ന് കമ്പോസ്റ്റ് വളമാക്കി ഇതിനെ മാറ്റിയെടുക്കുകയെന്നതാണ്. ഇതിലൂടെ മറ്റൊന്നിലേക്ക് രൂപാന്തരപ്പെടുത്തുവാനും അതിലൂടെ ഉത്പാദനരംഗത്ത് മാറ്റം സൃഷ്ടിക്കുവാനും സാധിക്കും. വിവിധ രാജ്യങ്ങളിൽ മാലിന്യസംസ്ക്കരണത്തിനായി കേന്ദ്രീകൃതപ്ലാന്റുകൾ സ്ഥാപിച്ച് ഈ പ്രവർത്തനം നടത്തുന്നുണ്ട്. നമ്മുടെ നാടിന്റ സാഹചര്യങ്ങൾ കേന്ദ്രീകൃതമായ ജൈവമാലിന്യപ്ലാന്റുകൾക്ക് സാധ്യമാണെന്നത് പരിശോധിക്കേണ്ട കാര്യമാണ്. കേരളത്തിന്റെ വാർഷികമാലിന്യ ഉത്പാദനം എട്ട് ദശലക്ഷം ടണ്ണോളം വരും. ഇത്രയും വലിയ മാലിന്യത്തെ എങ്ങനെ ഗുണകരമായ വിധത്തിൽ മാറ്റാനാവും?

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ കാര്യത്തിൽ വലിയ ഉത്തരവാദിത്തമാണുള്ളത്. സർക്കാരിന്റെയും മറ്റു ഏജൻസികളുടെയും സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് മതിയായ വിധത്തിൽ കൃത്യമായ മാലിന്യസംസ്കരണരീതി അവലംബിക്കേണ്ടതാണ്. നഗരങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ അവയെ രൂപപ്പെടുത്തിയെടുത്താൽ മാത്രമേ ജനങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെട്ട വിധത്തിൽ മാറ്റാനും അതുവഴി കൂടുതൽ നിക്ഷേപത്തെ നഗരങ്ങളിലേക്ക് ആകർഷിച്ചെടുക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ വളർത്തുന്നതുമാണ്. ഈ രംഗത്ത് നിക്ഷേപം കണ്ടെത്താതെ പ്രയോജനമുണ്ടാക്കാൻ സാധിക്കുകയില്ല.

മോശമായ നഗരങ്ങളിലേക്ക് പുറമേ നിന്നും നിക്ഷേപത്തെ

ആകർഷിക്കുവാൻ കഴിയുകയില്ല. പുറത്തുനിന്നുള്ള നിക്ഷേപത്തെ കണ്ടെത്തി കൊണ്ടുമാത്രമേ നമ്മുക്ക് മുന്നോട്ട് പുതിയ വികസന സമീപനങ്ങളെ വളർത്തിയെടുക്കുവാൻ സാധിക്കുകയുള്ളു. നഗരങ്ങൾ മാലിന്യസംസ്കരണത്തിൽ കൃത്യമായ സമീപനം ഉണ്ടാക്കുകയും അതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണം. കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ ഒരു പുതിയ സാഹചര്യം രൂപീകരിക്കപ്പെടുമെന്നതാണ് യാഥാർത്ഥ്യം. പ്രാദേശികമായി സാധ്യമായ സാഹചര്യത്തെ ഉപയോഗപ്പെടുത്തി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതായിരിക്കും ഗുണകരം. മതിയായ സൗകര്യങ്ങൾ ലഭ്യമാക്കാനാവാത്ത സാഹചര്യമാണെന്നതിനാൽ നമ്മുടെ പരിതസ്ഥിതിക്കിണങ്ങുന്നത് മാലിന്യങ്ങളെ ഉറവിടങ്ങളിലോ, ഉറവിടങ്ങൾ ചേരുന്ന പ്രദേശത്തെ കേന്ദ്രീകരിച്ചോ നടത്തുന്നതാണ് ഉചിതം.

നിലവാരമില്ലാത്ത ശുചിത്വസാഹചര്യം

നഗരപ്രദേശങ്ങളിലെ വലിയ പ്രശ്നവും വെല്ലുവിളിയുമാണ് താഴ്ന്ന ശുചിത്വനിലവാരം. ജനസംഖ്യയിൽ നല്ല ശതമാനം ഇപ്പോഴും തുറസായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം ചെയ്യുന്ന സാഹചര്യമുണ്ട്. ബോധവത്കരണത്തിന്റെ മാത്രമുള്ള പോരായ്മയാൽ അല്ല ഇങ്ങനെ സംഭവിക്കുന്നത്. മറിച്ച്, സാഹചര്യങ്ങളില്ലാത്തതും പ്രതിസന്ധി സൃഷ്ടിക്കുന്നു. സാമൂഹ്യബോധമുള്ളതും ശുചീകരിക്കപ്പെട്ടതും ആരോഗ്യപരമായി മുന്നിൽ നിൽക്കുന്നതും ജീവിക്കാൻ യോജിച്ചതുമായ നഗരങ്ങളെയും പട്ടണങ്ങളെയും ഒരുക്കുകയെന്നതാണ് നമ്മുടെ ദേശീയ നഗര ശുചിത്വനയത്തിലൂടെ ലക്ഷ്യമിടുന്നത്.

2015 ആവുന്നതോടെ രാജ്യം ലക്ഷ്യം വെക്കുന്നത് നഗരവാസികളിൽ പകുതിപേർക്കും നിലവാരമുള്ള ശുചിത്വപരിപാലന സൗകര്യങ്ങൾ ലഭ്യമാക്കുവാനാണ്. 2020 ആവുമ്പോഴേക്കും ഇത് രാജ്യത്തെ മുഴുവൻ നഗരവാസികളിലേക്കും വ്യാപിപ്പിക്കാനും ആരോഗ്യമുള്ള ഒരു തലമുറക്ക് സൗകര്യപ്പെടുന്ന അന്തരീക്ഷം പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കുവാൻ സാധിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷ. ശുചീകരണ പ്രവർത്തനങ്ങളെ സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമായിട്ടാണ് നമ്മുടെ രാജ്യത്ത് കാണുന്നത്. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ കാര്യത്തിൽ വലിയ ഉത്തരവാദിത്തവും കാര്യങ്ങളും ചെയ്യുവാൻ ഉണ്ട്.

പ്രാദേശികമായ കാര്യങ്ങളെ കൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ പദ്ധതികളെ കുറിച്ച് ചിന്തിക്കുന്നതാണ് ഉത്തമം. നദീതീരത്ത് നിലകൊള്ളുന്ന നഗരങ്ങളും സമുദ്രത്തിനടുത്തു നിലകൊള്ളുന്ന നഗരങ്ങളും ഒരേ രീതിയിൽ പദ്ധതികൾ തയ്യാറാക്കുന്നതിൽ അർത്ഥമില്ല. മനുഷ്യരുടെ മാലിന്യങ്ങൾ തന്നെയാണ് മനുഷ്യന് ഏറ്റവും വലിയ ഭീഷണിയാവുന്നത്. ഇവയെ കൃത്യമായി സംസ്കരിക്കാൻ സാധിക്കുന്ന പദ്ധതികളാണ് നഗരസഭകൾ തയ്യാറാക്കേണ്ടത്. ഇതിൽ വലിയൊരു പ്രശ്നമാണ് നഗരങ്ങളിലെ ചേരികളിലെ ശുചിത്വ പ്രശ്നങ്ങൾ. അവയെ മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതായത്, നഗരങ്ങൾ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പ്രധാനമായും ഇത്തരത്തിൽ ചേർത്തെഴുതാവുന്നതാണ്. ഇതിനെ അടിസ്ഥാനമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ വികസനാത്മകമായ സാഹചര്യം രൂപപ്പെടുത്താനാവുമെന്നതിൽ സംശയമില്ല. ◆

രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല) സെക്രട്ടറിക്ക് സിവിലിയൻ പുരസ്കാരം

68-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കിടയിൽ കാഴ്ചവെച്ച സർക്കാർ ജീവനക്കാർക്കായി എറണാകുളം ജില്ലാ കളക്ടർ എം.ജി. രാജമാണിക്യം ഏർപ്പെടുത്തിയ മികച്ച സിവിലിയൻ പുരസ്കാരത്തിനും മെഡലിനും രായമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.എസ്. ശോശാമ്മ അർഹയായി. ആഗസ്റ്റ് 15ന് സിവിൽ സ്റ്റേഷൻ മൈതാനത്തുവച്ച് നടന്ന സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽവച്ച് മികച്ച സിവിലിയൻ പുരസ്കാരവും മെഡലും പൊതുമരാമത്ത് വകുപ്പ് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് പഞ്ചായത്ത് സെക്രട്ടറി ശോശാമ്മക്ക് സമ്മാനിച്ചു.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടി

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രാരംഭ പ്രവർത്തന ഉദ്ഘാടനം 2014 ഒക്ടോബർ 2ന് രാവിലെ 11 മണിക്ക് കെ.സി.വേണുഗോപാൽ എം.പി നിർവ്വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ പി.തിലോത്തമൻ എം.എൽ.എ അദ്ധ്യക്ഷപദം അലങ്കരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി.പ്രിയേഷ്കുമാർ സ്വാഗതവും സെക്രട്ടറി എം.പി.രാജൻനായർ നന്ദിയും രേഖപ്പെടുത്തി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. മണിക്കുട്ടി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പത്മാവതി ടീച്ചർ എന്നിവർ ആശംസകൾ നേർന്നു.

അംഗൻവാടി പ്രവർത്തകർ, സാക്ഷരതാ പ്രവർത്തകർ, പട്ടിക

ജാതി പ്രമോട്ടർമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജീവനക്കാർ, തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ജീവനക്കാർ, ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ജനപങ്കാളിത്ത- ജനക്ഷേമ വികസന പദ്ധതിയാണ് ഐ.ഡബ്ല്യു.എം.പി എന്ന സംയോജിത നീർത്തട പരിപാലന പരിപാടി. കഞ്ഞിക്കുഴി ബ്ലോക്കിലെ 6 പ്രധാന നീർത്തടങ്ങളാണ് ചാലുങ്കൽ, വാരണം, തണ്ണീർമുക്കം, പാതിരാമണൽ, ഇലഞ്ഞിയിൽ, മാരാരിക്കുളം-വലിയതോട് എന്നിവ.

കഞ്ഞിക്കുഴി, തണ്ണീർമുക്കം, മുഹമ്മ, ചേർത്തല തെക്ക്, മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന നീർത്തടങ്ങളുടെ വികസനത്തിനായി ഹെക്ടർ ഒന്നിന് 1200 രൂപ പ്രകാരം 6626.6 ഹെക്ടറിന് ഏകദേശം 795.13 ലക്ഷം രൂപ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.

ആനക്കയം ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
മുതിർന്ന പൗരന്മാർക്കുവേണ്ടി – പകൽവിശ്രമകേന്ദ്രങ്ങൾ

ആനക്കയം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള ഏഴു പകൽ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ചു. അണുകുടുംബ സാമൂഹ്യ വ്യവസ്ഥയിൽ പലപ്പോഴും ഒറ്റപ്പെട്ടുപോകുന്ന കുടുംബത്തിലെ മുതിർന്നവർക്ക് ഒത്തുകൂടുന്നതിനും ബന്ധങ്ങൾ പുതുക്കുന്നതിനും അവരുടെ മാനസികോല്ലാസത്തിനുള്ള ഒരു വേദി എന്ന നിലക്കാണ് ഈ കേന്ദ്രങ്ങൾ സ്ഥാപിച്ചത്. ഓരോ കേന്ദ്രത്തിലും കുടിവെള്ളം, ദിനപത്രം, മാസികകൾ എന്നിവയും ആവശ്യമായ ഫർണിച്ചറുകളും പഞ്ചായത്ത് വാങ്ങി നല്കി. കൃത്യമായ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. ◆

ആദിവാസികളുടെ മനസ്സറിയാൻ കുടുംബശ്രീ സൂക്ഷ്മതല ആസൂത്രണ പദ്ധതി

ടി. ഷാഹുൽഹമീദ്

കേരളത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന സമൂഹങ്ങളുടെ ദാരിദ്ര്യം സാമ്പത്തിക വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു. രാജ്യം പരിപൂർണ്ണ അർത്ഥത്തിൽ പുരോഗതി പ്രാപിക്കണമെങ്കിൽ സമസ്ത ജനവിഭാഗങ്ങൾക്കും ക്ഷേമഐശ്വര്യം ലഭിക്കണം ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് കേരളം അസൂയവഹമായ നേട്ടങ്ങൾ കൊയ്തെങ്കിലും ആദിവാസി മേഖലകളിൽ പൂർണ്ണ അർത്ഥത്തിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികവർഗക്കാരുടെ സാംസ്ക്കാരിക പൈതൃകവും പാരമ്പര്യവും നിലനിർത്തി സമഗ്രമായ സൂക്ഷ്മതല പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു.

1995 മാർച്ചിൽ കോപ്പൻ ഹേഗിൽ നടന്ന ലോകസാമൂഹ്യവികസന ഉച്ചകോടിയിൽ ലോകത്ത് ദാരിദ്ര്യം തുടച്ചു നീക്കുന്നതിനും സാമൂഹ്യ ഉദ്ഗ്രഥനം ഉണ്ടാക്കുവാനും ആഹ്വാനം ചെയ്യുകയുണ്ടായി. ആദിവാസി മേഖലകളിൽ അവരുടെ തന്നെ പങ്കാളിത്വത്തോടെ സാമൂഹ്യമാറ്റങ്ങളും പരിവർത്തനവും ഉണ്ടാക്കേണ്ടതായിട്ടുണ്ട്, അവർക്ക് പങ്കാളിത്തമില്ലാത്ത പദ്ധതികളും ആസൂത്രണങ്ങളും ജലരേഖയായി മാറുന്നു. ഓരോ ആദിവാസി ഊരുകളും പ്രത്യേക പരിശീലനം നേടിയ ആദിവാസികൾ തന്നെ നേരിട്ട് സന്ദർശിച്ച് വ്യത്യസ്ത രീതികളിലൂടെ അവരുടെ മനസ്സറിഞ്ഞ്, ആവശ്യങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും മോഹങ്ങളുടെയും നേർചിത്രം പകർത്തി, ഓരോ ഊരുകളും ആദിവാസി സമൂഹവും എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ഒരു ഭഗീരഥ പ്രയത്നമാണ് കേരളത്തിന്റെ സ്വന്തം മുഖശ്രീയായ കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നത്. ദാരിദ്ര്യത്തിന്റെ ആഗാധ ഗർത്തങ്ങളിൽ തങ്ങളുടെതല്ലാത്ത കാരണങ്ങളാൽ അകപ്പെട്ടുപോയ ആദിവാസി സമൂഹത്തോടുള്ള ഐക്യദാർഢ്യമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ ഈ പ്രവർത്തനത്തിലൂടെ പ്രകടിപ്പിക്കുന്നത്.

ആദിവാസികൾ ഗിരിവർഗക്കാർ ജനസംഖ്യയിലെ ചെറുസംഘമാണ്. കേരളത്തിലെ ജനസംഖ്യയുടെ 1.27% മാത്രമാണ് ആദിവാസികൾ എങ്കിലും കാടിന്റെ മക്കളുടെ ദരിദ്രാവസ്ഥയെ വിസ്മരിക്കാൻ പാടില്ല. കാടുകളിലും കുന്നുകളിലും മലകളിലും കൊച്ചരുവികളിലും ആവാസം നടത്തുന്ന ആദിവാസികൾക്ക് വനവും വനവിഭവങ്ങളും ജീവിതചക്രത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ്. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും അവർ പിറകോട്ട് പോകുന്നു. 33% മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നവരായിട്ടുള്ളത്. 0.3% മാത്രമേ ബിരുദം കരസ്ഥമാക്കിയവർ ഉള്ളൂ. സകല സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടും വിദ്യാഭ്യാസം സൗജന്യമാക്കിയിട്ടും എൽ.കെ.ജി മുതൽ പി.ജി വരെ പഠിക്കാൻ സ്കോളർഷിപ്പ്, വസ്ത്രം, പുസ്തകം, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേക സ്റ്റൈപ്പന്റ്, വിദൂരസ്ഥലങ്ങളിൽ 24 വിദ്യാ

ഭ്യാസ കേന്ദ്രങ്ങൾ, 108 പ്രീമെട്രിക് ഹോസ്റ്റലുകൾ, 29 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 15 ആശ്രമം സ്കൂളുകൾ, 3 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവ ഉണ്ടായിട്ടും എസ്.എസ്.എൽ.സി പരീക്ഷയിൽ അടക്കം പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാഭ്യാസ ദുരവസ്ഥ തുറന്ന് പരിശോധിക്കുകയും പരിഹാരം ഉണ്ടാക്കേണ്ടതുമായിട്ടുണ്ട് ഉള്ളുതുറന്ന് സംവദിക്കുകയും പരിഹാരക്രിയ നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യപഠന പ്രക്രിയയ്ക്കാണ് കുടുംബശ്രീ തുടക്കം കുറിച്ചിരിക്കുന്നത്.

ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് ആദിവാസികളാണ്. 24% ആരോഗ്യമേഖലയിൽ ബുദ്ധിമുട്ടുമ്പോൾ അതിൽ 16% ആദിവാസികളാണ്. 63 പി.എച്ച്.സികൾ, 4 മിഡ്‌വൈഫറി സെന്റർ, 17 ആയുർവേദ ഡിസ്പെൻസറികൾ, 3 അലോപ്പതി, ഒരു ആയുർവേദ ആശുപത്രി, 2 സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഒരു അലോപ്പതി താലൂക്കാശുപത്രി എന്നിവയുണ്ടായിട്ടും ആദിവാസി സ്ത്രീകളിൽ 52% അനീമിയ ബാധിതരാണ്. പോഷകാഹാരക്കുറവ്, റ്റി.ബി, കുഷ്ടം, മലിനമായ കുടിവെള്ളം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ, അരിവാൾ രോഗം എന്നിവ ഈ മേഖലയിൽ വാപിളർന്ന് നിൽക്കുന്നു. ഓരോ ആദിവാസിയേയും കേന്ദ്രീകരിച്ച് ബൃഹത്തായ ആരോഗ്യസഞ്ചാരപഥം കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സൂക്ഷ്മതല പങ്കാളിത്ത ആസൂത്രണ പ്രക്രിയ കൊണ്ട് നടക്കാൻ പോകുകയാണ്.

തൊഴിൽ മേഖലയിൽ ആദിവാസികളുടെ എണ്ണം കുറയുന്നു. സർക്കാർ സർവീസിൽ 2% സംവരണം ഉണ്ടെങ്കിലും 1.78% മാത്രമാണ് പൂർണമായും ജോലി ലഭിക്കുന്നത്. ജന്മനാ ലഭിച്ച വൈദഗ്ധ്യം ഉപയോഗിക്കുവാൻ കഴിയാതെ ഏറ്റവും കുറഞ്ഞ വൈദഗ്ധ്യവും നൈപുണ്യശേഷിയുള്ളവരായി ആദിവാസികൾ മാറുന്നു. കൂലി ലഭിക്കുന്നതിലും കടുത്ത ചൂഷണം ഈ വിഭാഗം നേരിടുന്നു. ജോലിയും കൂലിയുമില്ലാതെ കടുത്ത ദാരിദ്ര്യം നേരിടുന്ന വിഭാഗമായി എസ്.റ്റി വിഭാഗങ്ങൾ മാറുന്നു. 2004-05 ൽ 46% ആയിരുന്നു ഈ വിഭാഗത്തിലെ ദാരിദ്ര്യം എങ്കിൽ 2009-10 ൽ അത് 52% ആയി വർദ്ധിച്ചു. ഈ സന്നിഗ്ദ്ധ ഘട്ടത്തിലാണ് തെളിനീർചോല പോലെ സമാശ്വാസത്തിന്റെ കൈത്തിരിയുമായി ദാരിദ്ര്യത്തിന്റെ സകല മുഖങ്ങളെയും ഇല്ലാതാക്കാനുള്ള ആസൂത്രണ പ്രക്രിയ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങളായ വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ആദിവാസികളായ 57.9% പേർക്ക് ലഭിക്കുന്നില്ല. ചില ജില്ലകളിൽ 90% കുടുംബത്തിനും വീട് ഉണ്ടെങ്കിലും 54% താമസിക്കുവാൻ അനുയോജ്യമല്ലാത്തതാണ്. 48% വൈദ്യുതിയും 47.75 കക്കൂസും 27% കോളനികളിൽ വൈദ്യുതിയുമില്ല. 500 മീറ്റർ പരിധിയിൽ കുടിവെള്ളം ലഭിക്കാത്തവർ 15% ഈ വിഭാഗങ്ങളിലെ സമകാലിനാവസ്ഥയിൽ മാറ്റം ഉണ്ടാകുവാനുള്ള സക്രിയമായ ഇടപെടലുകളും കാതലായ നിർദ്ദേശങ്ങളുമാണ് സൂക്ഷ്മതല പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ പുറത്തുവരാൻ പോകുന്നത്.

1.35 ലക്ഷം ഏക്കർ ഭൂമി നിക്ഷിപ്ത വനഭൂമിയായി തിട്ടപ്പെടുത്തി അതിൽ 47% ഭൂമിയും വിതരണം ചെയ്തെങ്കിലും ഭൂമിയില്ലാത്തവരെ നമുക്ക് ഈ വിഭാഗത്തിൽ കാണാൻ സാധിക്കും. 2002-03 പട്ടികവർഗമേഖലയുടെ പ്രവർത്തനങ്ങൾക്ക് 90 കോടി രൂപയാണ് നീക്കിവച്ചത് എങ്കിൽ 2011-12 ൽ 284 കോടിയായി വർദ്ധിച്ചു. ഈ മേഖലകളിൽ സർക്കാർ നീക്കിവയ്ക്കുന്ന തുക മുഴുവനായും അർഹരായവരുടെ കൈകളിൽ എത്തിക്കുവാനും പോരായ്മകൾ എന്ത് എന്ന് സ്വയം തിരിച്ചറിവ് ഉണ്ടാകുവാനും ആസൂത്രണ പ്രക്രിയയ്ക്ക് സാധിക്കും. വികേന്ദ്രീകൃതാസൂത്രണം ഫലപ്രദമായി നടപ്പിലാക്കുന്ന കേരളത്തിൽ പട്ടികവർഗമേഖലയിലെ പദ്ധതി ആസൂത്രണം, നടത്തിപ്പ്, ഗതിനിർണ്ണയം എന്നീ രംഗങ്ങളിൽ പൂർണ്ണ അർത്ഥത്തിൽ കാര്യക്ഷമതയും പ്രായോഗികക്ഷമതയും ലഭിച്ചി

ട്ടില്ല. മുഖ്യാധാര വികസന സംവിധാനങ്ങളിലേക്ക്, പല കാരണങ്ങളാൽ നിഷ്കാസിതരായ പട്ടികവർഗക്കാരെ കൈപിടിച്ച് ഉയർത്തേണ്ടതായിട്ടുണ്ട്. പട്ടികവർഗക്കാർ സ്വന്തം നേതൃത്വത്തിലും ഉത്തരവാദിത്വവും സംസ്ഥാനത്തെ 4668 ഊരുകളിലും സ്ഥിതി വിവരകണക്കുകളും ഓരോ ഊരിന്റെ ആവശ്യങ്ങളും സാഹചര്യങ്ങളും പഠനരൂപത്തിലാക്കി ശേഖരിക്കുന്ന അതി ബൃഹത്തായ ഒരു സാമൂഹിക പരിപ്രക്രിയക്ക് രാജ്യത്ത് ഇദംപ്രഥമമായി കേരളത്തിൽ സാമൂഹ്യനീതി പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ കരങ്ങളാൾ 24/09/2014 ന് തുടക്കം കുറിച്ചിരിക്കുന്നു. വാർഡ്മെമ്പർമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, ഊരുമൂപ്പൻമാർ, പ്രമോട്ടർമാർ, മറ്റ് ഈ മേഖലയിലെ പ്രവർത്തകർ, സാമൂഹ്യസംഘടനകൾ എന്നിവരുടെ സഹായം ഉറപ്പ് വരുത്തിയിട്ടുണ്ട്. 2014 ഡിംസബറിൽ പ്രവർത്തനം പൂർത്തീകരിച്ച് വിശദമായ പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതാണ്. ആസൂത്രണ വിദഗ്ദ്ധരുടെയും വിചക്ഷണൻമാർ മാത്രം നടത്തുന്ന ആസൂത്രണ പ്രക്രിയ, സാധാരണക്കാർ ഏറ്റെടുത്തിരിക്കുന്നു. പ്രാദേശികവും തദ്ദേശിയവുമായ അറിവുകൾ, വൈദഗ്ദ്ധ്യങ്ങൾ, ആവശ്യങ്ങൾ, സാധ്യതകൾ എന്നിവ കൂടി ഉൾചേർത്തുകൊണ്ട് സമഗ്രവും പങ്കാളിത്താധിഷ്ഠിതവുമായ ആസൂത്രണപ്രക്രിയയാണ് ഈ പ്രവർത്തനത്തിലൂടെ നടക്കുന്നത്. വേറിട്ട പ്രവർത്തനങ്ങളുമായി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പുതിയ പ്രവർത്തനമാണ് നടക്കുന്നത്. നടത്താൻ പോകുന്നത്. സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ ആദിവാസികളിൽ നിന്നായി പ്രചോദകരുടെ സംഘത്തെ തിരഞ്ഞെടുക്കുകയും പ്രാക്സിസ് എന്ന സംഘടനയുടെ നേതൃത്വത്തിൽ ചിട്ടയായ ആസൂത്രണവും ഈ പ്രക്രിയയ്ക്ക് ഉണ്ടാകുന്നുണ്ട്. ഊരുതലത്തിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിലും തുടർന്ന് ജില്ലാ-സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നു. കൂടാതെ ആദിവാസി മേഖലയിൽ ഉടലെടുക്കുവാൻ സാധ്യതയുള്ള മുഴുവൻ തീവ്രവാദ പ്രവർത്തനങ്ങളെയും മുളയിലെ നുള്ളുന്നതിന് ആഭ്യന്തരവകുപ്പ് 8 ജില്ലകളിൽ കണ്ടെത്തിയ 14 ഹോട്ട് സ്പോട്ടുകളിലുള്ള 1055 ഊരുകളിലെ സൂക്ഷ്മതല പ്രവർത്തനത്തിന്റെ പ്രവർത്തനവും ഇതോടൊന്നിച്ച് നടത്തുന്നുണ്ട്.

ഇന്ത്യയിൽ തന്നെ സമാനതകളില്ലാത്ത പ്രഥമ ഉദ്യമമായ പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണത്തിന് വലിയ പിന്തുണയാണ് പട്ടികവർഗക്കാരിൽ നിന്ന് ലഭിക്കുന്നത്. 2014 വരെ 4315 അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി 73516 പട്ടികവർഗക്കാരെ കുടുംബശ്രീ സംവിധാനത്തിലേക്ക് കൊണ്ടുവരുവാനും 1531 പേർക്ക് വൈദഗ്ദ്ധ്യം നൽകുവാനും 17886 പേരെ ബാലസഭകളിൽ അംഗമാക്കുവാനും 43556 പേരെ എം.ജി. എൻ.ആർ.ഇ.ജി.എസ്. ൽ അംഗമാക്കുവാനും, 30 ആശ്രയ പദ്ധതികൾ, 5096 കൂട്ടുത്തരവാദിത്വ ഗ്രൂപ്പുകൾ ഉണ്ടാക്കുവാനും, 579 ചെറുകിട സംരംഭങ്ങൾ ഉണ്ടാക്കുവാനും കുടുംബശ്രീയ്ക്ക് നാളിതുവരെ പട്ടികവർഗ മേഖലയിൽ സാധിച്ചിട്ടുണ്ട്. കൂടാതെ പണിയദശദിന പദ്ധതിയുടെ ഭാഗമായി സൗജന്യ ഭക്ഷണവിതരണവും നടത്തിയിട്ടുണ്ട്.

രാജ്യത്ത് ദാരിദ്ര്യം അനുദിനം കുറഞ്ഞ് വരുമ്പോൾ 20 മില്യൻ ജനങ്ങൾ പ്രതിവർഷം ദാരിദ്യത്തിൽ നിന്ന് കരകയറുമ്പോൾ 48 വിഭാഗങ്ങളിലായിട്ടുള്ള ആദിവാസി-ഗിരിവർഗ ഗോത്രവിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം കൂടി വരുന്നത് അതീവ ഗൗരവത്തോടെ കാണണം. ഐക്യരാഷ്ട്ര സഭയുടെ മില്ലേനിയം ലക്ഷ്യത്തിൽ 2015 ആകുമ്പോഴേക്കും നേടേണ്ട 8 ലക്ഷ്യങ്ങളിൽ ഒന്നായ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്, ഈ മേഖലയിൽ പകരക്കാരില്ലാതെ പ്രവർത്തനങ്ങൾ നടത്തിവരുന്ന ലോകത്തിന്റെ ആദരവ് നേടിയ, കേരളത്തിന്റെ പരിച്ഛേദമായ കുടുംബശ്രീ എന്ന മഹാപ്രസ്ഥാനവും കേരള സർക്കാരും ഒന്നിച്ച് കൈകോർത്ത് സാമൂഹ്യ ഇടപെടലുകളിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ സമഗ്രമായ പുരോഗതി ഉന്നം വച്ച് നടപ്പിലാക്കുന്ന പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണ പ്രക്രിയ ഒരു തെളിനീർചോലയായി മാറുമെന്ന് നിസ്സംശയം പറയാൻ സാധിക്കും. ◆

നിത്യ വിശ്രമത്തിന്റെ തീരങ്ങൾ തേടി

ബിന്ദുരാജ് എം.എ.

മാനം കറുത്ത് ഇരുണ്ടു കൂടിയിരുന്നു!

വേലപ്പന്റെ മൂന്ന് സെന്റിലെ വീടിന് മുന്നിൽ ആ പഞ്ചായത്തിലെ സകലമാന ജനങ്ങളും തടിച്ച് കൂടി നിന്നിരുന്നു. വീടിന്റെ ചെറിയ കോലായിൽ വയസ്സായ ഒരു മനുഷ്യൻ ഇരുന്ന് അദ്ദേഹത്തിന്റേതായ ശൈലിയിലും, ഈണത്തിലും രാമായണം വായിച്ചു കൊണ്ടിരുന്നു. കൂടി നിന്ന ജനങ്ങൾ അന്യോന്യം എന്തൊക്കയൊ അടക്കം പറയുന്നുണ്ടായിരുന്നു.

പെട്ടെന്ന് സൈറൺ മുഴക്കി ഒരു ആംബുലൻസ് അവിടേക്ക് പാഞ്ഞെത്തി. അതിനുള്ളിൽ നിന്നും ഒരു വൃദ്ധയുടെ ചേതനയറ്റ ശരീരം സ്ട്രെച്ചറിൽ കിടത്തി പുറത്തേക്കെടുത്തു. വീട്ടിന്റെ ഉള്ളിൽ നിന്നും അലമുറയുയർന്നു. ശോക ഭാരത്തോടെ ചിന്തകളുടെ ലോകത്ത് നിമഗ്നനായിരുന്ന വേലപ്പൻ ആയാസത്തോടെ എഴുന്നേറ്റു.

'ഇതാ തന്റെ സഹധർമ്മിണി ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു!' വേലപ്പന് ഇപ്പോഴും യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ കഴിഞ്ഞിരുന്നില്ല. നീണ്ട നാൽപ്പത്തിരണ്ട് വർഷം ഒന്നിച്ച് ജീവിച്ചു. തന്റെ രണ്ട് മക്കൾക്ക് ജന്മം നൽകി അവരെ വളർത്തി വലുതാക്കി. അവരുടെ മക്കളെയും വളർത്തിയവൾ, തന്റെ ദൈനം ദിന ചിട്ടകൾ തന്നേക്കാളും നന്നായി അറിയാവുന്നവൾ, ഏത് അവസ്ഥയെയും സമചിത്തതയോടെ നേരിടുന്നവൾ!. അവളാണ് ഈ ചേതനയറ്റ് മരവിച്ച് ശുഭവസ്ത്രം പുതച്ച് കിടക്കുന്നത് എന്ന് വേലപ്പന് വിശ്വസിക്കാൻ കഴിഞ്ഞില്ല.

ചോർന്ന് ഒലിക്കാത്ത ഒരു വീട് എന്നതായിരുന്നു അവളുടെ സ്വപ്നം. ആറ് വർഷങ്ങൾക്ക് മുൻപ് പഞ്ചായത്തിന്റെ കൂടി സഹായത്തോടെ അത് സാധ്യമായി. അറുപതാമത്തെ വയസ്സിലും അവൾ എല്ലാ കാര്യങ്ങളും ചുറുചുറുക്കോടെ ഓടിനടന്ന് നിവർത്തീകരിച്ചിരുന്നു.

വേലപ്പൻ ഓർത്തു. വീടിന്റെ കോലായിൽ വേലപ്പന്റെ ഭാര്യയുടെ മൃതശരീരം കിടത്തി. സാമുദായിക സംഘടനാ അംഗങ്ങളും, പഞ്ചായത്ത് അംഗങ്ങളും ഒക്കെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിന് സഹായ ഹസ്തങ്ങളുമായി തിരക്ക് കൂട്ടി.

എങ്ങനാ മരിച്ചത്?

ആരൊ ആരോടൊ ചോദിക്കുന്നത് വേലപ്പന്റെ ചെവിയിൽ വീണു.

'എങ്ങനെയാ മരിച്ചത്?' വേലപ്പൻ സ്വയം ചോദിച്ചു.

രാവിലെ പതിവുള്ള കട്ടൻ കാപ്പി എടുക്കാൻ അടുക്കളയിലേക്ക് അവൾ പോയതാണ്. ഓണക്കാലമായതിനാൽ മക്കളും കൊച്ചുമക്കളും വീട്ടിലെത്തിയിരുന്നു. മുറ്റത്തും വരാന്തയിലും എല്ലാവരും ഇരുന്ന് അന്യോന്യം സന്തോഷം പങ്ക് വച്ചു കൊണ്ടിരിക്കുകയായിരുന്നു. സമയമേറെ കഴിഞ്ഞിട്ടും അവൾ അടുക്കളയിൽ നിന്നും വരാതിരുന്നതിനാൽ അകത്തേക്ക് പോയ മരുമകളുടെ നിലവിളി കേട്ട് ചെന്നപ്പോൾ ബോധരഹിതയായി തറയിൽ കിടക്കുന്ന സൗദാമിനിയേയാണ് കണ്ടത്.

'സൈലന്റ് അറ്റാക്കാണ്. മരിച്ചിട്ട് അര മണിക്കൂറായി'

ഡോക്ടർ പറഞ്ഞത് ഒരു ഇടിത്തീപോലെ ഇടനെഞ്ചിൽ ഇപ്പോഴും തങ്ങി നിൽക്കുന്നു. തളർച്ച മനസ്സിനെയും ശരീരത്തേയും പൊടുന്നനെ കടന്നാക്രമിച്ചപ്പോൾ ആരോക്കെയോ ചേർന്ന് താങ്ങിയെടുത്ത് വീട്ടി

ലെത്തിച്ചു.

തന്റെ ശകാരങ്ങൾക്ക് പുഞ്ചിരിക്കുന്ന മുഖത്തോടെ പ്രതികരിക്കുന്ന ലോകത്തിലെ ഏക മനുഷ്യജീവിയായിരുന്നു അവൾ. ഇനി അവൾ ഇല്ല. ശിഷ്ടകാലം ഈ ജീവിത പാതയിൽ ഏകനായി ദുഖങ്ങളും സന്തോഷങ്ങളും ഉള്ളിലൊതുക്കി സഞ്ചരിക്കണം.

വേലപ്പന്റെ കണ്ണിൽ നിന്നും ചൂട് കണ്ണീർ പൊഴിഞ്ഞു വീണു.മൃദുലമായി തോളത്ത് പതിച്ച തണുപ്പുള്ള കരങ്ങൾ വേലപ്പനെ ഉണർത്തി.

'നേരത്തോടു നേരമാകാറായി ചടങ്ങ് നടത്തണം!'

പഞ്ചായത്ത് പ്രസിഡന്റ് ഗോപാലകൃഷ്ണൻ അനുകമ്പയോടെ പറഞ്ഞു.

പക്ഷെ എവിടെ ശവദാഹം നടത്തും? സ്വന്തമായുള്ള മൂന്ന് സെന്റ് മുഴുവനും വീട് നിറഞ്ഞിരിക്കുന്നു. സ്വന്തമായി ശ്മശാനം ഇല്ലാത്ത ഒരു പഞ്ചായത്തായിരുന്നു അവരുടേത്.

പഞ്ചായത്ത് വക മൂന്നേക്കർ ഭൂമി വേലപ്പന്റെ വീട് സ്ഥിതി ചെയ്തിരുന്ന പ്രദേശത്ത് ഉണ്ടായിരുന്നു, അവിടെ ഒരു പൊതുശ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. എന്നാൽ പൊടുന്നനെ ആ പ്രദേശവാസികൾ വൻ എതിർപ്പുകളുമായി രംഗത്തിറങ്ങി. മുന്നിൽ വേലപ്പനും ഉണ്ടായിരുന്നു.

'എവിടെ വേണമെങ്കിലും പണിഞ്ഞൊ. പക്ഷെ ഇവിടെ വേണ്ട!'

വേലപ്പൻ മുഷ്ടി ചുരുട്ടി അന്തരീക്ഷത്തിലേക്ക് എറിഞ്ഞ് ആക്രോശിച്ചു.പഞ്ചായത്ത് വക ഭൂമിയിൽ ശ്മശാനം നിർമ്മിക്കുന്നതിനെതിരെ പ്രതിഷേധം ഇരമ്പി. അന്ധവിശ്വാസങ്ങളും, അബദ്ധധാരണകളും നിറഞ്ഞ അവരുടെ മനസ്സുകളെ സ്വാധീനിക്കാനോ ബോധവൽക്കരിക്കുന്നതിനൊ പഞ്ചായത്ത് അധികാരികൾക്കോ സന്നദ്ധ സംഘടനകൾക്കോ കഴിഞ്ഞില്ല. ഗ്രാമസഭകളിൽ പൊതുശ്മശാനത്തിന്റെ വിഷയം അവതരിപ്പിക്കുമ്പോൾ തന്നെ കോലാഹലങ്ങൾ സൃഷ്ടിച്ച് തടസ്സപ്പെടുത്തുമായിരുന്നു.

'നിങ്ങൾ എന്താണ് മനുഷ്യാ ശവപ്പറമ്പ് വരുന്നതിന് തടസ്സം നിക്കുന്നത്.'

വേലപ്പനോട് ഭാര്യ പലപ്പോഴും ചോദിക്കുമായിരുന്നു.

'എടീ അത് വന്നാൽപ്പിന്നെ ഇവിടെ ഭയങ്കര നാറ്റമായിരിക്കും. മരിച്ചവരുടെ ആത്മാക്കളൊക്കെ ഇവിടെ ചുറ്റിത്തിരിയും. ചുടലമാടനും, ചുടല യക്ഷിയും ഇവിടെ നാട്ടുകാരെ ശല്യം ചെയ്യും.'

വേലപ്പൻ തന്റെ അറിവ് വിളമ്പി

'അങ്ങ് തിരുവനന്തപുരത്ത് തൈക്കാട് ശവപ്പറമ്പിന് ചുറ്റും എത്ര താമസ്സക്കാരാ ഉള്ളത്. അവർക്ക് ഒന്നും ഈ കൊഴപ്പം ഇല്ലല്ലോ?

കുടുംബശ്രീ അംഗം കൂടിയായ സൗദാമിനി തിരുവനന്തപുരത്ത് വിനോദയാത്ര വന്നിട്ടുണ്ടായിരുന്നു.

മൗനമായിരുന്ന വേലപ്പനോട് സൗദാമിനി തുടർന്നു.

'മനുഷ്യ!' ശവപ്പറമ്പിനെതിരെ സമരം നടത്തുന്ന നിങ്ങളടക്കം കൂടതലാളുകൾക്കും കേറിക്കിടക്കാൻ രണ്ടും മൂന്നും സെന്റ് മാത്രമുള്ളവരാണ്. ചത്താ ദഹിപ്പിക്കാൻ സ്ഥലമില്ലാത്തവർ. ഭാസ്കരനും വർഗീസിനും ഒക്കെ ഏക്കറുകണക്കിന് സ്ഥലം ഉള്ളവരാണ്. ഒരു പൊതുശവപ്പറമ്പിന് ഇവിടുന്ന് അമ്പത് കിലോമീറ്റർ അകലെ പോണം.

ഹാ ! അനുഭവം വരുമ്പോഴെ പഠിക്കൂ.

സൗദാമിനി പറഞ്ഞവസാനിപ്പിക്കുമായിരുന്നു.

'പഞ്ചായത്ത് വക ഭൂമി കൈയ്യേറാൻ തക്കം പാർത്തിരിക്കുന്നവരും ഭൂമിക്ക് വില കുറയുമെന്ന തെറ്റിദ്ധാരണ ജന്യമായ ആധിയുമായി നടക്കുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളുമാണ്. ഈ പൊതുശ്മാന നിർമ്മാണത്തിന് തുരങ്കം വെക്കുന്നത്. അതിന് നിഷ്കളങ്കരായ നിങ്ങളെ കരുക്കളാക്കുകയാണ്. നിങ്ങൾ ഇത്തരം കുൽസിത പ്രവർത്തനങ്ങൾക്ക് ഇരയാകരുത്.'

പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും ആവർത്തിച്ചുള്ള അപേക്ഷകൾ ബധിര കർണ്ണങ്ങളിലാണ് പതിച്ചത്.

'എവിടെയാ അടക്കേണ്ടത്?'

'ഇനി ഒരുപാടു ദൂരം കൊണ്ടുപോകാൻ പറ്റത്തില്ല. ഇപ്പോത്തന്നെ സമയം ഒരുപാട് കഴിഞ്ഞു.'

ബന്ധുക്കളിൽ ഒരാൾ പറഞ്ഞു.

വേലപ്പന്റെ വീടിന് ചുറ്റും കൂടി നിന്നിരുന്ന നാട്ടുകാർ തമ്മിൽ തമ്മിൽ നോക്കി.

'ഇവിടെ പൊതുശ്മശാനം ഇല്ലേ?' രണ്ട് മണിക്കൂറുകൾക്ക് മുൻപ് മാത്രം വന്നെത്തിയ പ്രവാസിയായ ഒരു ബന്ധു ആശ്ചര്യത്തോടെ ചോദിച്ചത് എല്ലാവർക്കും ലജ്ജാകരമായ അനുഭവം സമ്മാനിച്ചു.

അടുക്കള മുറിയുടെ തറ പിക്ക്-ആസു കൊണ്ടും മൺവെട്ടി കൊണ്ടും കൊത്തിയിളക്കി കുഴി നിർമ്മിക്കുവാൻ ആരംഭിച്ചത് നാട്ടുകാർക്ക് ഹൃദയഭേദകമായ നിമിഷങ്ങൾ സമ്മാനിച്ചു. എന്നും തനിക്ക് താങ്ങും തണലുമായി നിന്നവൾ അന്ത്യ വിശ്രമത്തിന് ഇടമില്ലാതെ ഈ അടുക്കളയുടെ തറയിൽ നിർമ്മിക്കുന്ന കുഴിയിൽ ഇതാ വിലയം പ്രാപിക്കുവാൻ പോകുന്നു. നാളുകൾ കഴിയുമ്പോൾ മലിനമായ പാദങ്ങൾ അവൾക്ക് മേൽ പതിക്കും.

വേലപ്പൻ ഗദ്ഗദത്തോടെ ഓർത്തു.

'ഇത് ഒരു അനുഭവമാണ്. ഇന്ന് വേലപ്പന്റെ ഭാര്യക്കാണ് ഈ അനുഭവം എങ്കിൽ നാളെ എനിക്കൊ നിങ്ങൾക്കൊ ആയിരിക്കും ഈ ദൗർഭാഗ്യകരമായ സ്ഥിതി അഭിമുഖീകരിക്കേണ്ടി വരിക. ഇത് ഒരു പുനർചിന്തനത്തിനുള്ള അവസരമായി എല്ലാവരും കരുതുക. പൊതുശ്മശാന നിർമ്മാണം നാടിന്റെ ആവശ്യമാണ്. ഈ അവസ്ഥ ഇനി ആർക്കും ഈ നാട്ടിൽ ഉണ്ടാകാൻ പാടില്ല.' പ്രസിഡന്റ് പറഞ്ഞു.

'ഒരു പ്രസിദ്ധമായ കടങ്കഥയുണ്ട്...' 'വാങ്ങുന്നവൻ ഉപയോഗിക്കില്ല, ഉപയോഗിക്കുന്നവൻ വാങ്ങാറുമില്ല.' ഇതിന് ഉത്തരം ശവപ്പെട്ടിയെന്നാണ്. ശ്മശാനത്തിന്റെ കാര്യത്തിൽ ഇത് വേറൊരു രീതിയിൽ പറയാം. 'എല്ലാവർക്കും ആവശ്യമാണ് എന്നാൽ അടുക്കലായി ആർക്കും വേണ്ട...'

ഗൗരവത്തോടെയെങ്കിലും ശാന്തമായി പ്രസിഡന്റ് പറഞ്ഞവസാനിപ്പിച്ചു.

വേലപ്പന്റെ വീട്ടിലെ അടുക്കള മുറിയിലെ തറയിൽ സൗദാമിനിയുടെ മൃതശരീരം സംസ്ക്കരിച്ച ശേഷം സഞ്ചയന തീയതിയും കുറിച്ച് മടങ്ങുമ്പോൾ നാട്ടുകാർ മനസ്സിൽ പുതിയ തീരുമാനങ്ങൾ എടുത്തിരുന്നു.

◆

"പ്ലാസ്റ്റിക് സംസ്കരണത്തിലെ വെട്ടം മാതൃക"

നമ്മുടെ നിത്യജീവിതത്തിൽ നിന്നും ഒഴിച്ചു നിർത്താനാകാത്ത രീതിയിൽ സ്ഥാനം പിടിച്ച ഒന്നാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമ്മാണത്തിലെ ഫിനിഷിംഗും രൂപഭംഗിയും വിലക്കുറവും ഭാരക്കുറവും നമ്മളെ അതിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. അലക്ഷ്യമായി നാം കൈകാര്യം ചെയ്യുന്ന പോളിത്തീൻ ക്യാരിബാഗുകൾ മുതൽ കൃത്രിമ ഹൃദയ വാൽവു വരെ ഇന്ന് പ്ലാസ്റ്റിക്കുകൊണ്ട് നിർമ്മിക്കുന്നവയാണ്. മനുഷ്യജീവിതത്തിൽ ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന ഒന്നാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് ഉപയോഗത്തിൽ നിയന്ത്രണവും. അവയുടെ സംസ്കരണത്തിൽ ആവശ്യമായ മുൻകരുതലുകളും സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ ആവാസവ്യവസ്ഥയെയും അതിലൂടെ സർവ്വനാശത്തെയും ക്ഷണിച്ചു വരുത്തുകയായിരിക്കും നാം ചെയ്യുന്നത്. എന്താണ് പ്ലാസ്റ്റിക്...? എന്തുകൊണ്ടാണ് ഇവ അപകടകരമാകുന്നത്...? ലഘുവായ രണ്ടു തന്മാത്രകൾ കൂട്ടിച്ചേർത്ത് ഒരു വലിയ തന്മാത്ര ഉണ്ടാക്കുക എന്നതാണ് പ്ലാസ്റ്റിക്ക് നിർമ്മാണത്തിന്റെ മുഖ്യതത്വം. ഈ വലിയ തന്മാത്രയെ പോളിമർ എന്നറിയപ്പെടുന്നു. ആവശ്യമായ രീതിയിൽ രൂപപ്പെടുത്താവുന്ന പോളിമെറുകളാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക്കിന്റെ പ്രധാന സവിശേഷതയും ഗുണവും, ദോഷവും എല്ലാം അത് എളുപ്പം നശിക്കുന്നില്ല എന്നുള്ളതാണ്. നിർമ്മിക്കുവാനുമുള്ള എളുപ്പവും വിലക്കുറവും ഭാരക്കുറവും പ്ലാസ്റ്റിക്കിന്റെ പ്രത്യേകതകളാണ്. പെട്രോളിയത്തിൽ നിന്നും കിട്ടുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഭൂരിഭാഗം പ്ലാസ്റ്റിക്കുകളും നിർമ്മിക്കുന്നത്. അവയുടെ നിർമ്മാണത്തിനും രൂപമാറ്റത്തിനും പ്ലാസ്റ്റിക്ക് പെട്ടന്ന് വഴങ്ങുമെങ്കിലും ഉപയോഗ ശേഷം പ്രകൃതിയോട് ലയിക്കാൻ അഥവാ ജൈവവിഘടനത്തിന് വിധേയമാകാൻ പ്ലാസ്റ്റിക് തയ്യാറാകുന്നില്ല എന്നുള്ളതാണ് ഏറ്റവും അപകടകരം. പി.വി.സി പോലുള്ള പ്ലാസ്റ്റിക്കുകൾ കത്തിക്കുമ്പോൾ ഉൽപാദിപ്പിക്കപ്പെടുന്ന ഡയോക്സിൻ കാൻസറിനു വരെ കാരണമായേക്കാവുന്ന ഒരു വിഷവാതകമാണ്. ആയതിനാൽ പ്ലാസ്റ്റിക് കത്തിക്കുന്നത് അന്തരീക്ഷത്തിന്റെ ഘടനയെയും അശ്രദ്ധമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ വർഷങ്ങൾ എത്ര കഴിഞ്ഞാലും നശിക്കുന്നില്ല എന്നുള്ളത് മണ്ണിന്റെ ഘടനയെയും പ്രകൃതിയെയും എന്തിന് ആവാസ വ്യവസ്ഥയെ തന്നെയും പ്രതികൂലമായി ബാധിക്കുന്നു.

വ്യക്തി ശുചിത്വത്തിനും നാം കാണിക്കുന്ന ശുഷ്കാന്തിയും താൽപര്യവും നമ്മുടെ പരിസരശുചിത്വത്തിനും നാം കാണിക്കേണ്ടതായുണ്ട്. നമ്മുടെ നാടിന്റെയും വരും തലമുറയുടെയും നിലനിൽപ്പിനും ആരോഗ്യപൂർണ്ണമായ സമൂഹ

ത്തിനും ഇത് അത്യന്താപേക്ഷിതമാണ്. പ്ലാസ്റ്റിക് സംസ്കരണത്തിനായി വെട്ടം ഗ്രാമപഞ്ചായയ്ത് വേറിട്ടൊരു മാതൃക സൃഷ്ടിക്കുകയാണ് ഇവിടെ. വെട്ടം ഗ്രാമപഞ്ചായത്ത് "വൃത്തിയുള്ള വീടും ശുചിത്വമുള്ള നാടും" പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണത്തിനായി ബഹുമുഖ പ്രവർത്തികളാണ് നടത്തിവരുന്നത്. പ്ലാസ്റ്റിക് സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിന്റെയും ശുചിത്വ മിഷന്റെയും വാർഡ് തല ഹെൽത്ത് സാനിറ്റേഷന്റെയും ഫണ്ടുകൾ സംയോജിപ്പിച്ച് കുടുംബശ്രീ, അയൽക്കൂട്ടം പ്രവർത്തകരുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പ്രവർത്തിയാണ് പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി. പഞ്ചായത്തിലെ ഓരോ വാർഡിലെയും 100 വീതം വീടുകളിലായി 2000 ഭവനങ്ങളെയാണ് ആദ്യഘട്ടത്തിൽ പ്രവർത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി വീടുകളിൽ പ്രത്യേകമായി വിതരണം ചെയ്തിട്ടുള്ള പേപ്പർ സഞ്ചിയിൽ പ്ലാസ്റ്റിക്കുകൾ നിക്ഷേപിക്കുകയും മാസത്തിൽ ഒരിക്കൽ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് സഞ്ചിയിൽ നിക്ഷേപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ശേഖരിച്ച് പ്ലാസ്റ്റിക് പൗഡർ നിർമ്മാണത്തിനായി കയറ്റി അയയ്ക്കുകയും ചെയ്യുന്നു. പൈപ്പ് നിർമ്മാതാക്കൾ പൈപ്പുകളുടെ നിർമ്മാണത്തിന് ടി പൗഡർ ഉപയോഗപ്പെടുത്തുകയും

ചെയ്യുന്നു. ഓരോ വീട്ടിൽ നിന്നും മാസം 20 രൂപ വീതം അയൽക്കൂട്ട പ്രവർത്തകരുടെ വേതനത്തിനും പ്ലാസ്റ്റിക് കയറ്റി അയക്കുന്നതിനും വേണ്ടി ശേഖരിക്കുന്നു. വരും നാളുകളിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും വിദ്യാലയങ്ങളിലേക്കും ആശുപത്രികളിലേക്കും മറ്റ് പൊതു സ്ഥാപനങ്ങളിലേക്കും കടകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് പരിപാടിയിട്ടിട്ടുമുണ്ട്. തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി വെട്ടം ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്ലാസ്റ്റിക് പെല്ലറ്റ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക്കുകൾ പൊടിച്ച് കയറ്റി അയക്കുന്ന പദ്ധതിക്ക് രൂപം നൽകുന്നുമുണ്ട്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു വേണ്ടി ബയോഗ്യാസ് പ്ലാന്റുകൾ പൈപ്പ് കമ്പോസ്റ്റ് പിറ്റുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതിയും വെട്ടം ഗ്രാമപഞ്ചായത്തിൽ വിജയകരമായി നടപ്പാക്കി വരുന്നു. ഒരു കൂട്ടം ഉദ്യോഗസ്ഥരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹകരണത്തോടെ നടപ്പാക്കി വരുന്ന പദ്ധതി പഞ്ചായത്ത് ഭരണസമിതിയുടെയും സർവ്വോപരി പഞ്ചായത്ത് പ്രസിഡന്റ് പി.സൈനുദ്ദീന്റെ ഇച്ഛാശക്തിയുടെയും കർമ്മോന്മുഖതയുടെയും ദീർഘവീക്ഷണത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്. ◆

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

ഒരു ജനതയ്ക്ക് അവരുടെ പൈതൃകവുമായുള്ള ബന്ധം ഒരു കുഞ്ഞിന് അമ്മയോടുള്ള ബന്ധം പോലെയാണ്. നമ്മുടെ പൈതൃകത്തിൽ നാം അഭിമാനിക്കുന്നു. അതിനാൽ തന്നെ ഭാവി തലമുറകൾക്കായി അതു സംരക്ഷിക്കാനും കാത്തു സൂക്ഷിക്കാനുമുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ വകുപ്പ് 51 എ(എഫ്) പ്രകാരം ഓരോ ഇന്ത്യൻ പൗരനും നമ്മുടെ രാജ്യത്തിന്റെ വൈവിധ്യമാർന്ന സംസ്കാര സമ്പന്നമായ, പരാമ്പര്യം കാത്തു സൂക്ഷിക്കുകയും വിലമതിക്കുകയും വേണം.

ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയാണ് ഈ വിശുദ്ധമായ ദൗത്യം ഇപ്പോൾ നിർവഹിച്ചു പോരുന്നത്. ഈ ഉത്തരവാദിത്വ നിർവഹണത്തിനായി ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയ്ക്ക് വിവിധ മേഖലകളിൽ പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ധരുണ്ട്. ലോകത്ത് ലഭ്യമായ ഏറ്റവും മികച്ച വിദ്യഉപയോഗിച്ച് രാജ്യത്തെ സ്മാരകങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പങ്കിടുന്നത് ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ 1917 ൽ സ്ഥാപിതമായ സയൻസ് വിഭാഗമാണ്. സ്മാരകങ്ങളുടെ സ്വതസിദ്ധമായ സൗന്ദര്യം നിലനിർത്തുക, മാലിന്യങ്ങളും മറ്റും നീക്കം ചെയ്യുക, പ്രകൃതിയിലെ പ്രതിഭാസങ്ങൾ മൂലം സ്മാരകങ്ങളുടെ ഉപരിതലത്തിലും മറ്റും രൂപപ്പെടുന്ന പൂപ്പൽ പോലുള്ള ഹാനികരമായ പദാർത്ഥങ്ങൾ നീക്കം ചെയ്യുക തുടങ്ങിയവയാണ് ശാസ്ത്രീയ സംരക്ഷണത്തിന്റെ പ്രധാന ലക്ഷ്യം.

പ്രകൃതിയിൽ നിന്നുണ്ടാകുന്നതും മനുഷ്യ നിർമ്മിതവുമായ നിരവധി ഘടകങ്ങൾ ഇത്തരം സ്മാരകങ്ങൾക്ക് ഹാനികരമായി ഭവിക്കാറുണ്ട്. കാലപ്പഴക്കത്തിൽ പാറകളിലും മറ്റും സംഭവിക്കുന്ന ഭൂമിശാസ്ത്രപരവും ധാതുപരവുമായ ന്യൂനതകൾ പലപ്പോഴും സ്മാരകങ്ങളുടെ വിവിധ തരത്തിലുള്ള കേടുപാടുകൾക്ക് കാരണമാകാറുണ്ട്. നിർമ്മാണ സാമഗ്രികളുടെ ബലക്ഷയമാണ് പലപ്പോഴും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കാറുള്ളത്.

ഇതു കൂടാതെ സസ്യശാസ്ത്രപരമായ കാരണങ്ങളുമുണ്ട്. അതായത് പൂപ്പൽ, പായൽ, ആൽഗകൾ എന്നിവ മിക്ക സ്മാരകങ്ങളുടെയും ആയുസ് കുറയ്ക്കുന്നു. വേണ്ടത്ര ഭംഗിയായി സംരക്ഷിക്കാതിരുന്നാൽ വലിയ വൃക്ഷങ്ങൾ പോലും കെട്ടിടങ്ങളുടെ ഭിത്തി തുരന്ന് വളരാനിടയാകും. സ്മാരകങ്ങളുടെ കാഴ്ച്ചഭംഗി നശിപ്പിക്കുന്നു എന്നു മാത്രമല്ല, കെട്ടിടത്തിന്റെ ആന്തരികവും ഭൗതികവുമായ നാശത്തിന് ഇതു കാരണമാകുന്നു. രാത്രികാലങ്ങളിൽ ഇത്തരം മന്ദിരങ്ങളിൽ ചേക്കേറുന്ന വവ്വാലുകളുടെയും പക്ഷിവൃന്ദങ്ങളു

കാലപ്പഴക്കത്തിൽ പാറകളിലും മറ്റും സംഭവിക്കുന്ന ഭൂമിശാസ്ത്രപരവും ധാതുപരവുമായ ന്യൂനതകൾ പലപ്പോഴും സ്മാരകങ്ങളുടെ വിവിധ തരത്തിലുള്ള കേടുപാടുകൾക്ക് കാരണമാകാറുണ്ട്. നിർമ്മാണ സാമഗ്രികളുടെ ബലക്ഷയമാണ് പലപ്പോഴും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കാറുള്ളത്.

പൂജ പി. വർദ്ധനൻ

പൈതൃക സംരക്ഷണം
ശാസ്ത്രീയ സമ്പ്രദായത്തിന്റെ പങ്ക്



ടെയും വിസർജ്യങ്ങൾ കെട്ടിടങ്ങളുടെ ബലക്ഷയത്തിനു കാരണമാകാറുണ്ട്. പ്രത്യേകിച്ച് മന്ദിരങ്ങളുടെ ഭിത്തികളെ അലങ്കരിക്കുന്ന ചുവർ ചിത്രങ്ങൾക്ക് അത് നിത്യഭീഷണിയാണ്. അജന്ത ഗുഹകളിലെ ചുവർചിത്രങ്ങൾ നശിച്ചു പോയത് വവ്വാലുകളുടെ വിസർജ്യങ്ങൾ മൂലമാണ്. ഇത്തരം ജീവികളുടെയും പക്ഷികളുടെയും വിസർജ്യങ്ങൾക്ക് രൂക്ഷമായ രാസ- മലിനീകരണ ശേഷി ഉണ്ട്. ശക്തമായ മാത്രവുമല്ല അവ സ്മാരകങ്ങളെ വൃത്തിഹീനമാക്കുകയും ചെയ്യുന്നു. ഇതുപോലെ തന്നെ കാലാവസ്ഥാവ്യതിയാനം, അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ്, സൗരോർജ്ജ റേഡിയേഷൻ എന്നിവയെല്ലാം സ്മാരക മന്ദിരങ്ങളുടെ ആയുസ് കുറയ്ക്കുന്നു.

സ്മാരകങ്ങളുടെ സംരക്ഷണ പ്രശ്നങ്ങൾ വിവിധ ഭൂമിശാസ്ത്ര മേഖലകളിൽ വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന്, ലെ, ലഡാക്ക് തുടങ്ങി സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സ്മാരകങ്ങൾ വിവിധ തരത്തിലുള്ള പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. ഇവയെല്ലാം തന്നെ കളിമണ്ണ് ഉപയോഗിച്ച് നിർമ്മിച്ചവയായതിനാൽ കാലാവസ്ഥാപരമായ വ്യതിയാനങ്ങൾ വേഗത്തിൽ ഇവയുടെ ആയുസ് കുറയ്ക്കുന്നു. സമാന പ്രശ്നങ്ങളാണ് കടൽ തീരത്തുള്ള സ്മാരകങ്ങളും അഭിമുഖീകരിക്കുന്നത്. ഉപ്പിന്റെ അമിത സാന്നിധ്യമാണ് കടലിനോടടുത്ത് സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ പ്രശ്നം. കല്ല്, ചാന്ത്, തേപ്പ് തുടങ്ങിയ ഘടകങ്ങൾ ആദ്യം നശിക്കാൻ തുടങ്ങും. ഇത് കെട്ടിടത്തിന്റെ മൊത്തം ഘടനയെ ദുർബലമാക്കും. ഇത്തരം കെട്ടിടങ്ങൾ പുനരുദ്ധരിക്കുക പ്രായേണ ദുഷ്കരമായിരിക്കും. പുരാതന ക്ഷേത്രങ്ങളിൽ ആരാധനയ്ക്ക് എണ്ണവിളക്ക് തെളിക്കുമ്പോൾ ഉണ്ടാകുന്ന വാതകങ്ങളും പുകയും ക്ഷേത്രത്തിന്റെ നിർമാണ ഘടനയെ തന്നെ ഹാനികരമായി മാറുന്നു.

മനുഷ്യരുടെ വിധ്വംസക ശീലവും പലവിധ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുന്നു. എൻഷ്യന്റ് മോണുമന്റ്സ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയ്ൻസ് ആക്ട് -2010 പ്രകാരമാണ് പുരാതന ചരിത്ര സ്മാരകങ്ങളുടെയും, പുരാവസ്തു മേഖലകളുടെയും, ദേശീയ പ്രാധാന്യമുള്ള സ്ഥലങ്ങളുടെയും സംരക്ഷ ഉറപ്പു വരുത്തുന്നത്. ഇവ നശിപ്പിക്കുന്നവർക്ക് എതിരെ പിഴശിക്ഷയ്ക്ക് നിയമത്തിൽ വകുപ്പുണ്ട്.

ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ശാസ്ത്ര വിഭാഗം സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും നിർമ്മാണ സാമഗ്രിക

ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ശാസ്ത്ര വിഭാഗം സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളായ കല്ല്, മണൽ, ചാന്ത് തുടങ്ങിയവയുടെ രാസ, ഭൗതിക സവിശേഷതകൾ പഠനവിധേയമാക്കുകയും കൃത്യമായ അപഗ്രഥനത്തിലൂടെ അവയുടെ സംരക്ഷണത്തിനാവശ്യമായ രീതി വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു.

ളായ കല്ല്, മണൽ, ചാന്ത് തുടങ്ങിയവയുടെ രാസ, ഭൗതിക സവിശേഷതകൾ പഠനവിധേയമാക്കുകയും കൃത്യമായ അപഗ്രഥനത്തിലൂടെ അവയുടെ സംരക്ഷണത്തിനാവശ്യമായ രീതി വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു. പ്രത്യേക രാസവസ്തുക്കൾ, ലായനികൾ, സാമഗ്രികൾ തുടങ്ങിയവയിൽ വിദഗ്ധ പരിശീലനം നേടിയ പരിചയസമ്പന്നരായ ആർക്കിയോളജിക്കൽ കെമിസ്റ്റുകളാണ് ഈ പ്രവൃത്തികൾ ചെയ്യുക.

സ്മാരക സംരക്ഷണത്തിന് സാധ്യമായ ഏറ്റവും മികച്ച ഫലസിദ്ധിക്കായി വിവിധ തരത്തിലുള്ള നടപടികൾ ആർക്കിയോളജിക്കൽ സർവെ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. സ്മാരക ശുചീകരണം, മണ്ണുപയോഗിച്ചുള്ള വൃത്തിയാക്കൽ, അടിഞ്ഞുകൂടിയ ക്ഷാരങ്ങളും സമാനപദാർത്ഥങ്ങളും നീക്കം ചെയ്യൽ, ജല ശുചീകരണം തുടങ്ങിയവയാണ് അവയിൽ ചിലത്. വളരെ നേർപ്പിച്ച അമോണിയ ലായിനിയും സോപ്പുലായിനികളും മറ്റുമാണ് ഇതിനുപയോഗിക്കുന്നത്. കുമ്മായം ഉപയോഗിച്ചിട്ടുള്ള കെട്ടിടങ്ങൾ വൃത്തിയാക്കാൻ ബ്ലീച്ചിംങ് പൗഡർ മിശ്രിതം ഉപയോഗിക്കുന്നു. മാർബിളിൽ നിർമ്മിതമായ പ്രതലങ്ങൾ വൃത്തിയാക്കാൻ മൺപായ്ക്കിങ്ങാണ് ഉപയോഗിക്കുക. പ്രത്യേക തരം കളിമണ്ണും പ്രത്യേക അനുപാതത്തിൽ ചില രാസവസ്തുക്കളും ചേർത്ത മിശ്രിതമാണ് ഈ മൺപായ്ക്കിങ്. ഈ സമ്പ്രദായമാണ് വളരെ വിജയകരമായി താജ് മഹലിന്റെ മാർബിൾ ഘടനകളുടെ സംരക്ഷണത്തിന് ഉപയോഗിച്ചത്.

കാത്സ്യം മാലിന്യങ്ങൾ, കാർബൺ ബ്ലായ്ക്ക്, എണ്ണക്കറ, പെയിന്റ്, തുടങ്ങിയവ നീക്കം ചെയ്യുന്നതിനും യോജിച്ച ശുചീകരണ ക്രമങ്ങളുണ്ട്. ഇവ ആവശ്യാനുസരണം ഉപയോഗിച്ചാണ് സംരക്ഷണ നടപടികൾ തുടങ്ങുക. സ്മാരകങ്ങളിലെ പൂപ്പൽ പോലുള്ള സൂക്ഷ്മസസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ജൈവ വസ്തുക്കൾ ഉപയോഗിക്കുന്നു. രണ്ടു മുതൽ മൂന്നു വരെ ശതമാനം ജലം ചേർത്ത സോഡിയം പെന്റാ ക്ലോറോഫെനേറ്റ് ആണ് ഇതിനായി ഉപയോഗിക്കുന്നത്. പിന്നീട് ജലം ആഗിരണം ചെയ്യാത്ത ചില സാമഗ്രികൾ കൂടി ഉപയോഗിച്ച് നടത്തും. ഈ ആവശ്യങ്ങൾക്കുള്ള ശുചീകരണ സാമഗ്രികൾ തയാറാക്കുന്നതിന് ആർക്കിയോളജിക്കൽ സർവെയുടെ ഡറാഡൂണിലുള്ള സയൻസ് വിഭാഗം പരീക്ഷണ ശാല മറ്റുപല ശാസ്ത്ര സ്ഥാപനങ്ങളുമായി യോജിച്ചാണ് പ്രവർത്തിക്കുന്നത്.

താജ്മഹൽ, കുത്തബ് മിനാർ, അജന്ത ഗുഹകൾ, മീനാക്ഷി ക്ഷേത്രം, ബിംബേതിക ഗുഹകൾ, കാജ്രാഹോ ക്ഷേത്രം, ഛന്ദേരിയിലെ ബാദൽ കവാടം, സാഞ്ചിയിലെ സ്തൂപം, മണ്ഡുവിലെ ജഹസ് മഹൽ പോലെ അനേകം പൈതൃക മന്ദിരങ്ങൾ നമ്മുടെ മഹാരാജ്യത്തിന്റെ സമ്പന്നമായ സംസ്കാരത്തിന്റെ ശോഭ പ്രസരിപ്പിക്കുന്നവായി മാറിയത് ഇത്തരം സംരക്ഷണ നടപടികളിലൂടെയാണ്. ചരിത്രപരവും സാമൂഹികവുമായി ഏറെ പ്രധാനപ്പെട്ട ഈ സ്മാരകങ്ങളുടെ അതി നൂതനവും ശസ്ത്രീയവുമായ ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കൊപ്പം നമ്മുടെ പൈതൃകങ്ങൾ മികച്ച രീതിയിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കൂടി നാം ഉൾക്കൊള്ളേണ്ടതുണ്ട്. ◆



സമഗ്ര കാർഷിക പദ്ധതിയും കൃഷി വിജ്ഞാന കേന്ദ്രവും

റെജിമോൾ പുരുഷോത്തമൻ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ, സമുദ്ര നിരപ്പിൽ നിന്നും 2 മീറ്റർ വരെ താഴ്ന്ന്, സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ഒന്നാണ് മുട്ടാർ. മണിമലയാറിനാലും, പമ്പയാറിനാലും ഫലഭൂയിഷ്ഠമായ ഈ പഞ്ചായത്തിലെ പ്രധാന ഉൽപ്പാദന സാധ്യതകൾ നെല്ല്, തെങ്ങ്, മൃഗസംരക്ഷണം, താറാവ് കൃഷി തുടങ്ങിയവയാണ്. കാലം തെറ്റിയുള്ള മഴയും വെള്ളപ്പൊക്കവും ഓരുജലഭീഷണിയും മൂലം പുഞ്ച സീസണിൽ മാത്രമാണ് നെൽക്കൃഷി ഇവിടെ സാധ്യമാകുന്നത്. ഒരു കർഷക കുടുംബത്തിലെ അംഗമായ ഞാൻ കഴിഞ്ഞ 10 വർഷമായി നെൽകൃഷി ചെയ്തുവരുന്നു. കുടുംബ സ്വത്തായി കിട്ടിയ 2 ഏക്കർ കൂടാതെ പാടം പാട്ടത്തിനെടുത്തും കൃഷി ചെയ്യുന്നുണ്ട്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, ഉത്പാദനോപാധികളായ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവയുടെ അമിതോപയോഗം മൂലമുള്ള ഉയർന്ന കൃഷിച്ചെലവ് എന്നിവയാണ് നെൽകൃഷിയിൽ ഞങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

ഈ സാഹചര്യത്തിലാണ് കായംകുളം സി.പി.സി.ആർ.ഐയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, മുട്ടാർ പഞ്ചായത്തിലേക്ക് 'കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി' യുമായി 2011-12-ൽ കടന്നുവരുന്നത്. രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 100 വില്ലേജുകളിൽ മാത്രം നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏക പഞ്ചായത്താണ് മുട്ടാർ എന്നത് മറ്റ് കർഷകരെപ്പോലെ എനിക്കും പ്രതീക്ഷ നൽകി. ശാസ്ത്രീയവും പ്രകൃതി സൗഹാർദ്ദപരവുമായ നെൽകൃഷി, തെങ്ങിന്റെ രോഗകീട നിയന്ത്രണം, ബയോഗ്യാസ് യൂണിറ്റുപയോഗിച്ചുകൊണ്ടുള്ള ജൈവ പുനചംക്രമണം, കന്നുകാലി പരിചരണം, സംയോജിത മത്സ്യ താറാവ് വളർത്തൽ, വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ ഉയർന്ന കൂടുകളിലെ കോഴിവളർത്തൽ, ആട് വളർത്തൽ, കൂൺകൃഷി, മഴമറയ്ക്കുള്ളിലെ പച്ചക്കറി കൃഷി, വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന തരത്തിൽ ടിഷ്യുകൾച്ചർ വാഴകളുടെ സമഗ്ര പരിപാലനം തുടങ്ങിയ സാങ്കേതിക വിദ്യാപ്രദർശന പരിപാടികൾ നടപ്പിലാക്കുക വഴി കാലാവസ്ഥാനുസൃതമായി കാർഷിക മേഖലയിൽ സമഗ്രമായ സാമ്പത്തികവും സാമൂഹികവും ഉന്നമനമാണ് കെ.വി.കെ ലക്ഷ്യമിട്ടത്.

2013-14-ലെ പുഞ്ച കൃഷിയിലാണ് കെ.വി.കെ നടപ്പിലാക്കുന്ന 'നെൽകൃഷിയിലെ സംയോജിത വിള പരിപാലനം' എന്ന പരിപാടിയുമായി ഞാൻ നേരിട്ട് ബന്ധപ്പെടുന്നത്. പാട്ടത്തിനെടുത്ത 10 ഏക്കർ സ്ഥലത്താണ് കൃഷി ഇറക്കിയത്. ആദ്യം തന്നെ മണ്ണ് പരിശോധിച്ച് കുമ്മായം, വളം എന്നിവയുടെ പ്രയോഗത്തെക്കുറിച്ച് കൃത്യമായ നിർദ്ദേശങ്ങൾ ലഭ്യമായി. അതിൽ ഏറ്റവും പ്രധാനം, രണ്ട് തവണകളായി ഡോളോമൈറ്റ് ഉപയോഗിച്ച് പാടശേഖരത്തിലെ അമ്ലാംശം കഴുകിക്കളയുകയും അതിനുശേഷം രാസവളപ്രയോഗം നടത്തുകയും ചെയ്യുക എന്നതായിരുന്നു. മണ്ണിലെ അമ്ലാംശം ഇല്ലാതാക്കിയപ്പോൾ, കുറഞ്ഞ അളവിലുള്ള വളപ്രയോഗം പോലും ചെടികളിലുണ്ടാക്കുന്ന മാറ്റം ബോധ്യപ്പെട്ടു. അങ്ങനെ ഉപയോഗിച്ചു വന്നിരുന്ന വളത്തിന്റെ അളവ് പകുതിയാക്കി കുറയ്ക്കാൻ സാധിച്ചു. ഡ്രം സീഡർ എന്ന യന്ത്രം ഉപയോഗിച്ചാണ് വിത്ത് വിതച്ചത്. ഇതുവഴി ഒരു ഏക്കറിന് 12 കിലോ വിത്ത് മാത്രമാണ് വേണ്ടി വന്നത്. മുൻ വർഷങ്ങളിൽ ഏക്കറിന് 55 കിലോ വിത്ത് വരെ ഉപയോഗിച്ചിരുന്നു. വിതയന്ത്രം ഉപയോഗിച്ച് വിതച്ചത് നാട്ടുകാരും ബന്ധുക്കളും ഏറെ സംശയദൃഷ്ടിയോടെയാണ് കണ്ടത്. വിത്ത് മുളച്ച് വന്നപ്പോൾ എനിക്കും അബദ്ധം പറ്റിയോ എന്ന തോന്നലുണ്ടായി. എന്നാൽ കെ.വി.കെയിലെ ഉദ്യോഗസ്ഥരുടെ നിരന്തരമായ കൃഷിയിട സന്ദർശനവും പ്രോത്സാഹനവും എനിക്ക് ധൈര്യം പകർന്നു.

കുമിൾരോഗ ബാധയ്ക്കെതിരെ മുൻകരുതൽ എന്ന നിലയ്ക്ക് സ്യൂഡോമോണാസ് എന്ന മിത്രബാക്ടീരിയ മൂന്ന് തവണയായാണ് ഞങ്ങൾ ഉപയോഗിച്ചത്. 1 കിലോ വിത്തിന് 10 ഗ്രാം എന്ന തോതിൽ വിത്ത് മുളപ്പിക്കുമ്പോഴും ഏക്കറിന് 1 കിലോ എന്ന തോതിൽ 30 ദിവസത്തിനുശേഷം മണ്ണിൽ ചേർത്തുകൊടുത്തും 20 മി.ലി. 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 60 ദിവസത്തിനുശേഷം ഇലയിൽ തളിച്ചുമാണ് ഉപയോഗിച്ചത്. ഓലചുരുട്ടിപുഴുവിനും തണ്ടുതുരപ്പനുമെതിരെ ട്രൈക്കൊകാർഡുകൾ ഏക്കറിന് 4 കാർഡ് വീതം 15 ദിവസമിടവിട്ട് 4 തവണ പാടത്ത് നെല്ലോലകളുടെ ഉയരത്തിനനുസരിച്ച് സ്ഥാപിച്ചു.

വിത്തിട്ട് 30 ദിവസം കഴിഞ്ഞപ്പോഴേക്കും പാടത്തിന്റെ അവസ്ഥയാകെ മാറി. നെൽച്ചെടികൾ കരുത്തോടുകൂടി ചിനപ്പുകൾ പൊട്ടി പച്ച നിറത്തോടെ പാടത്താകെ നിറഞ്ഞു. ഏക്കറിന് 50 കിലോയിലധികം വിത്ത് വിതച്ച മറ്റു പാടങ്ങളെ അപേക്ഷിച്ച് കരുത്തും നിറവും ഏക്കറിന് 12 കിലോ മാത്രം വിതച്ച ഞങ്ങളുടെ പാടത്തായിരുന്നു. ചെടികളുടെ തിക്കം കുറവായതിനാൽ രോഗങ്ങളുടെയോ കീടാക്രമണത്തിന്റെയോ സാധ്യത പോലും ഞങ്ങളുടെ പാടത്തുണ്ടായില്ല. മാത്രമല്ല പാടം നിറയെയുള്ള മിത്രപ്രാണികളുടെ സാന്നിദ്ധ്യം കെ.വി.കെ ഉദ്യോഗസ്ഥർ ഞങ്ങളെ നേരിൽ കാണിച്ച് ബോദ്ധ്യപ്പെടുത്തി. കള നീക്കം ചെയ്യലും വളരെ എളുപ്പമായി. നെൽക്കതിരുകളുടെ നീളവും മണികളുടെ എണ്ണവും തൂക്കവും ഞങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. മറ്റുള്ള പാടങ്ങളിലെ നെൽച്ചെടികൾ ചെറിയ വേനൽ മഴയിൽപ്പോലും ചാഞ്ഞു വീഴാൻ തുടങ്ങിയപ്പോൾ എന്റെ പാടത്തെ ഒരു നെൽച്ചെടി പോലും ചാഞ്ഞുവീണില്ല. യന്ത്രമുപയോഗിച്ചുള്ള കൊയ്ത്തിനുശേഷം ലഭിച്ച വിളവ് ഞങ്ങളുടെ പ്രതീക്ഷയ്ക്കപ്പുറത്തായിരുന്നു. മുൻ വർഷങ്ങളിൽ 226 കിന്റൽ മാത്രം വിളവ് ലഭിച്ച 10 ഏക്കർ പാടത്ത് നിന്ന് ഈ തവണ 276 കിന്റൽ വിളവ് ലഭിച്ചു.

സംയോജിത വിളപരിപാലനത്തിന്റെ ഗുണഫലങ്ങൾ നേരിട്ട് മനസ്സിലാക്കിയ ഈ കൃഷിയിൽ നിന്നും ഞാൻ പഠിച്ച പാഠങ്ങൾ നെൽക്കർഷകർക്കായി പങ്കുവയ്ക്കട്ടെ.

മണ്ണിന്റെ അമ്ലാംശം മാറ്റുക എന്നത് പരമപ്രധാനമായ ഒന്നാണ്. ഇതിനായി പോഷകഗുണം കൂടുതലുള്ളതും കുമ്മായത്തേക്കാൾ ഏറെ പ്രയോജനപ്പെടുന്ന ഒന്നാണ് ഡോളോമൈറ്റ്. മണ്ണ് പരിശോധനക്കനുസരിച്ച് രാസവളപ്രയോഗം നടത്തുക വഴി ചെലവ് 50 ശതമാനത്തോളം കുറക്കാം. ഡ്രം സീഡർ അഥവാ വിത്തിടൽ യന്ത്രം ഉപയോഗിക്കുക വഴി ഏക്കറിന് 12 കിലോഗ്രാം വിത്ത് മാത്രം മതിയാകും. ഇതുവഴി ഏക്കറിന് വിത്തിന്റെ വിലയിൽ മാത്രം 1700 രൂപയോളം ലാഭമുണ്ടാകും.

വിത്തിടൽ യന്ത്രമുപയോഗിച്ച് വിതച്ചാൽ വരിവരിയായി വിത്ത് വീഴുന്നതിനാൽ ചെടികൾ തമ്മിൽ അകലം ഉണ്ടാകുകയും ഇത് വായുസഞ്ചാരം ഉണ്ടാക്കുകയും കീടരോഗവ്യാപനം തടയുകയും ചെയ്യുന്നു. കൂടുതൽ ചിനപ്പുകൾ ഉണ്ടാവുകയും ചെയ്യും.

രോഗ നിയന്ത്രണത്തിന് സ്യൂഡോമോണാസ്, ട്രൈക്കൊകാർഡ് എന്നിവ വളരെ ഫലപ്രദമാണ്.

രാസവസ്തുക്കൾ വളരെ കുറച്ച് ഉപയോഗിക്കുക വഴി പരിസ്ഥിതി മലിനീകരണം കാര്യമായി കുറക്കാൻ കഴിയും.

2014-15-ലെ പുഞ്ചകൃഷിക്ക് മുട്ടാർ പഞ്ചായത്തിലെ എല്ലാ പാടശേഖരത്തിലും നെൽകൃഷിയിലെ സംയോജിത വിള പരിപാലനം വ്യാപിപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം. ഇതിനായി കൃഷി ഓഫീസറുടെയും കെ.വി.കെയുടെയും പങ്കാളിത്തത്തോടെ എല്ലാ പാടശേഖരസമിതി ഭാരവാഹികളുടെയും ഒരു പ്രാഥമിക യോഗം കൂടുകയും എന്റെ കാർഷികാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. മുൻ വർഷങ്ങളിൽ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്ന കർഷകരും ഈ രീതിയിലുള്ള നെൽകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞു. ഇതുമായി ഞങ്ങൾ മുമ്പോട്ടു പോവുകയാണ് എന്ന് നിശ്ചയിച്ചു.

ഈ വർഷത്തെ കർഷക ദിനത്തിൽ പഞ്ചായത്തിലെ മികച്ച നെൽ കർഷകയായി എന്നെ ആദരിച്ചതും, കെ.വി.കെ വഴി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ തെരഞ്ഞെടുത്ത കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങൾ അനുവർത്തിക്കുന്ന മുട്ടാർ പഞ്ചായത്തിലെ 10 സ്മാർട്ട്

ഫാർമേഴ്സിൽ ഒരാളായതും എനിക്ക് ഇത്തരം കാർഷിക പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് പ്രോത്സാഹനം നൽകുന്നു. ഇത് മറ്റ് കർഷകർക്ക് കൂടി പ്രചോദനമാകുമെന്നാണ് എന്റെ വിശ്വാസം.

ഇത് കൂടാതെ മുട്ടാർ പഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ കാർഷിക അനുബന്ധ മേഖലകളിൽ നിന്നും ആദായം വർദ്ധിപ്പിക്കാനുതകുന്ന ധാരാളം സാങ്കേതികവിദ്യകൾ പദ്ധതിയുടെ ഭാഗമായി കെ.വി.കെ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് സംയോജിത മത്സ്യ-താറാവ് വളർത്തൽ. പഞ്ചായത്തിൽ 22 ഓളം വൻകിട താറാവ് കർഷകർ ഉണ്ടെങ്കിലും ഇവർ ചില പ്രത്യേക കാലയളവിൽ മാത്രം 5000-10000 താറാവുകളെ കൂട്ടമായെടുത്ത് പരിപാലിച്ച് 2-3 മാസത്തിനകം വിൽക്കുന്നവരാണ്. എന്നാൽ കെ.വി.കെയുടെ സംയോജിത മത്സ്യ താറാവ് വളർത്തൽ പദ്ധതിയിലുടെ കർഷകരുടെ പുരയിടങ്ങളിലെ ചെറുകുളങ്ങൾക്ക് മീതെ ചെലവ് കുറഞ്ഞ കൂടുകൾ നിർമ്മിച്ച് അതിൽ 20 താറാവുകളെ വളർത്തുകയും താഴെ കുളത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്യുന്നു. താറാവിന്റെ കാഷ്ഠം ആഹാരമാക്കി വളരുന്ന മത്സ്യം കർഷകർക്ക് വലിയ അളവിൽ ആദായം നൽകുമ്പോൾ ദിവസേനയുള്ള മുട്ട ഉൽപ്പാദനം വീട്ടമ്മമാർക്ക് സ്ഥിരവരുമാനമുണ്ടാക്കുന്നു. ഇത്തരത്തിൽ 25 യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്.

വർഷത്തിൽ 6 മാസത്തോളം വെള്ളപ്പൊക്ക കെടുതികൾ അനുഭവിക്കുന്ന മുട്ടാറിൽ കോഴി, ആട് എന്നിവയുടെ പരിപാലനം വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വെള്ളപ്പൊക്കത്തിനുമുമ്പായി കർഷകർ ഇവയെ കിട്ടുന്ന വിലയ്ക്ക് വിറ്റശേഷം വെള്ളപ്പൊക്കം കഴിഞ്ഞ് വീണ്ടും വാങ്ങുന്നു. അല്ലാത്തപക്ഷം വെള്ളപ്പൊക്കത്തിൽ അസുഖം ബാധിച്ച് ഇവ ചത്തൊടുങ്ങുന്നു. എന്നാൽ കെ.വി.കെ രൂപകൽപ്പന ചെയ്ത ഉയരം കൂടിയ കോഴിക്കൂടുകളും ആട്ടിൻകൂടുകളും വെള്ളപ്പൊക്കത്തെ അതിജീവിക്കത്തക്കതരത്തിലുള്ളതാണ്. ഇതുമൂലം മഴക്കാലത്തും ഇവയെ പരിപാലിക്കുന്നതിനും ആദായമെടുക്കുന്നതിനും സാദ്ധ്യമാകുന്നു. അതുപോലെ തന്നെ യഥേഷ്ടം പാടത്ത് അവശിഷ്ടമായി കിടക്കുന്ന വയ്ക്കോലിൽ നിന്നും കൂൺ ഉൽപാദനം നടത്തുന്ന സാങ്കേതികവിദ്യ കർഷകർക്ക് സ്വായത്തമാക്കിക്കൊടുത്ത് കൂൺ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി. അവർക്ക് കൂൺ വിത്ത് ലഭ്യമാക്കുന്നതിനായി വിത്തുൽപ്പാദനം നടത്തുന്നതിനായി ഒരു കർഷകയെത്തന്നെ പര്യാപ്തയാക്കിയിട്ടുണ്ട്.

മുട്ടാർ പഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഒരു പ്രധാന പ്രശ്നമായിരുന്നു ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ചാണകം. ഇത് പരിസ്ഥിതി മലിനീകരണത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ആഗോളതാപനത്തിനും ഇടയാക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് ചാണകത്തിന്റെയും മറ്റ് ജൈവാവശിഷ്ടങ്ങളുടെയും പുനചംക്രമണത്തിനായി പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ (എടുത്തു മാറ്റാവുന്ന ജൈവ ഗ്യാസ് യൂണിറ്റ്) കെ.വി.കെ പരിചയപ്പെടുത്തി. പാചകവാതക വില നാൾക്കുനാൾ വർദ്ധിക്കുന്ന ഇക്കാലത്ത് ഈ രണ്ട് പ്രശ്നങ്ങൾക്കും ഒരു ഉത്തമ പരിഹാരമാണ് ബയോഗ്യാസ് യൂണിറ്റുകൾ. വെള്ളപ്പൊക്ക സമയത്തും ഇവ പ്രവർത്തനക്ഷമമാണ്. കെ.വികെയുടെ പദ്ധതിയിലൂടെ പഞ്ചായത്തിൽ ഇതുവരെ 38 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഇതിന്റെ സ്ളറി ഉപയോ

കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങൾ എന്ന പദ്ധതിയിൽ കുട്ടനാട്ടിലെ ഉൽപ്പാദന മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് വേണ്ട രീതിയിൽ പ്രയോജനപ്പെടാത്ത സാധ്യതകളെ ഉപയോഗിച്ചുകൊണ്ടുള്ള സംയോജിത കൃഷി രീതികളാണ് കെവികെ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. കർഷകർക്ക് കൃഷി, പശു, കോഴി, താറാവ്, മത്സ്യം വളർത്തൽ, കൂൺ കൃഷി, ജൈവ പുനചംക്രമണം തുടങ്ങി എല്ലാ മേഖലകളും ഒരുമിച്ച് കൈകാര്യം ചെയ്യുന്ന ഒരു സുവർണ്ണ പദ്ധതിയായാണ് ഇത് അനുഭവപ്പെടുന്നത്.

ഗിച്ച് പച്ചക്കറി, വാഴ, തീറ്റപ്പുല്ല് കൃഷികളും ഇതോടൊപ്പം നിർബന്ധമാക്കുന്നതിലൂടെ മൂന്ന് മഹത്തായ ഉദ്ദേശങ്ങളാണ് ഈ സാങ്കേതികവിദ്യയിലൂടെ സാധിച്ചെടുക്കുന്നത്.

വർഷത്തിൽ ആറുമാസത്തോളം വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന മുട്ടാറിൽ മഴക്കാലത്ത് പച്ചക്കറി കൃഷി അസാദ്ധ്യമാണ്. ഇതിനൊരു പരിഹാരമായി കെവികെ നടപ്പിലാക്കിയ മഴമറക്കുള്ളിലെ പച്ചക്കറി കൃഷി എന്ന പരിപാടിയിൽ അൾട്രാ വയലറ്റ് രശ്മികളെ അതിജീവിക്കുന്ന പോളിത്തീൻ ഷീറ്റുപയോഗിച്ച് നിർമ്മിച്ച മഴമറകളിൽ തറ നിരപ്പിൽ നിന്നും ഉയർന്ന തട്ടുകളിൽ വച്ചിരിക്കുന്ന ഗ്രോബാഗുകളിൽ കൃഷി ചെയ്യുന്നതിനാൽ മഴക്കാലത്തും മെച്ചപ്പെട്ട പച്ചക്കറി ഉൽപ്പാദനം സാധ്യമാകുന്നു. മെച്ചപ്പെട്ട പരിപാലന മുറകളിലൂടെ ടിഷ്യുകൾച്ചർ വാഴയിൽ നിന്നും മികച്ച ആദായം നേടാം എന്നും കെവികെയുടെ സാങ്കേതിക വിദ്യാ പ്രദർശന പരിപാടിയിലുടെ കർഷകർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ 15 വർഷത്തിലേറെയായി മുട്ടാറിലെ ക്ഷീര കർഷകർ അനുഭവിച്ചുകൊണ്ടിരുന്ന ഏറ്റവും വലിയ പ്രശ്നമായിരുന്നു ഒരു ക്ഷീര സംഘത്തിന്റെ അഭാവം. മുട്ടാർ പ്രദേശത്തുണ്ടായിരുന്ന രണ്ട് സംഘങ്ങൾ 15 വർഷത്തിലേറെയായി പ്രവർത്തനരഹിതമായിരുന്നു. ഇതുമൂലം കർഷകർക്ക് പാൽ വിപണനത്തിന് യാതൊരു മാർഗ്ഗവുമില്ല എന്നു മാത്രമല്ല ക്ഷീരകർഷകർക്കുള്ള ആനുകൂല്യങ്ങളൊന്നും തന്നെ ഇവർക്കു ലഭിക്കുന്നുണ്ടായിരുന്നില്ല. കെവികെയുടെ പ്രവർത്തന ഫലമായി പ്രദേശത്തെ ക്ഷീര കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ക്ഷീര വികസനവകുപ്പിന്റെയും മിൽമയുടെയും സഹകരണത്തോടുകൂടി അടഞ്ഞു കിടന്നിരുന്ന മുട്ടാർ ഈസ്റ്റ് ക്ഷീരസംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനമാരംഭിച്ചു. ഇതോടൊപ്പം തന്നെ കന്നുകാലി സംരക്ഷണത്തിനും പാലിന്റെ അളവ്, കൊഴുപ്പ് എന്നിവ വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ സാങ്കേതികവിദ്യകളും കർഷകരിലൂടെ കെവികെ പ്രാവർത്തികമാക്കി. ഈ സംഘത്തിൽ ഇപ്പോൾ 250–300 ലിറ്റർ വരെ പാൽ സംഭരിക്കുന്നു. പ്രദേശത്തെ ക്ഷീരകർഷകർക്ക് വലിയ ഒരു ഉണർവ്വ് നൽകുന്നതിൽ ഈ സംഘത്തിന്റെയും കെവികെയുടെയും പങ്ക് മുക്തകണ്ഠം പ്രശംസനീയമാണ്.

കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങൾ എന്ന പദ്ധതിയിൽ കുട്ടനാട്ടിലെ ഉൽപ്പാദന മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താത്ത സാധ്യതകളെ ഉപയോഗിച്ചുകൊണ്ടുള്ള സംയോജിത കൃഷി രീതികളാണ് കെവികെ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. കർഷകർക്ക് കൃഷി, പശു, കോഴി, താറാവ്, മത്സ്യം വളർത്തൽ, കൂൺ കൃഷി, ജൈവ പുനചംക്രമണം തുടങ്ങി എല്ലാ മേഖലകളും ഒരുമിച്ച് കൈകാര്യം ചെയ്യുന്ന ഒരു സുവർണ്ണ പദ്ധതിയായാണ് ഇത്. ഇതിലും പ്രധാനമായ കാര്യം കെ വി കെ ഈ പദ്ധതി നടപ്പിലാക്കുന്ന രീതിയാണ്. ഒരു സർക്കാർ സ്ഥാപനത്തിന് ഇതുപോലെ പ്രവർത്തിക്കാനാകുമോ എന്ന് പലർക്കും തോന്നിയതുപോലെ എനിക്കും അത്ഭുതം തോന്നുന്നു. മുട്ടാർ പഞ്ചായത്തിൽ ഒരു ഫീൽഡ് ഓഫീസ് തന്നെ സ്ഥാപിച്ച് അവിടെ മുഴുവൻ സമയ പദ്ധതി സ്റ്റാഫിനെയും ചുമതലപ്പെടുത്തി ഫോൺ സൗകര്യവും ഉള്ളതുകൊണ്ട് (9447790268) കർഷകർക്ക് എപ്പോൾ വേണമെങ്കിലും ബന്ധപ്പെടാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ പരമ്പരാഗതമായി അനുവർത്തിച്ചു പോരുന്ന കൃഷി സമ്പ്രദായങ്ങളിൽ നിന്നുള്ള ഒരു മാറ്റത്തിന് കർഷകർ പെട്ടെന്ന് തയ്യാറാവില്ല എന്നതും ഈ രംഗത്തുള്ള വളം, വിത്ത്, കീടനാശിനി ലോബികളുടെ അമിത സ്വാധീനവും ഇത്തരം പുതിയ ചിന്താധാരകളെ പ്രായോഗികമാക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നതും ഖേദകരമാണ്.

കൂടാതെ ജൈവീക രോഗനിയന്ത്രണം കാര്യക്ഷമമാവണമെങ്കിൽ ഗ്രൂപ്പ് ഫാമിംഗിൽ ഉള്ള മറ്റു കൃഷിക്കാരും ഇതിലേയ്ക്ക് കടന്നുവരിക തന്നെ വേണം.

എന്നിരുന്നാലും ഒരു പിന്നോക്ക പഞ്ചായത്തായ മുട്ടാറിന് എല്ലാം കൊണ്ടും അനുഗ്രഹമായിരിക്കുകയാണ് കെ വി കെയുടെ 'കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി' ഈ പദ്ധതി മറ്റ് പഞ്ചായത്തുകൾക്കും ഒരു മാതൃകയാവട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം കൃഷിഭവനുകൾ ഇത്തരം പരിപാടികൾക്ക് വേണ്ടത്ര പ്രചാരണവും ഓരോ പഞ്ചായത്തിലും നൽകട്ടെ എന്നും ആഗ്രഹിക്കുന്നു. ഇങ്ങനെ ഒരു ആധുനിക കൃഷി സംസ്കാരം രൂപപ്പെടട്ടെ എന്ന് ആശിക്കാം. ◆

(തയ്യാറാക്കിയത്:
മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

കൂട്ടായ ശ്രമത്തിലൂടെ പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ സാധിച്ചു– മുഖ്യമന്ത്രി

സംസ്ഥാനത്ത് കൂട്ടായ വാർഡ്തല പ്രവർത്തനങ്ങളിലൂടെ പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ കഴിഞ്ഞതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. 1-10-2014-ൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ ആരോഗ്യകേരളം പുരസ്കാരങ്ങൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. മാരകമായ പനികൾ കഴിഞ്ഞ വർഷമുണ്ടായതിന്റെ മൂന്നിലൊന്ന് മാത്രമെ ഇത്തവണ ഉണ്ടായിട്ടുള്ളൂ. ആരോഗ്യരംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. മെച്ചപ്പെട്ട ചികിത്സ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യമന്ത്രി വി.എസ്.ശിവകുമാർ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ മുഖ്യപ്രഭാഷണം നടത്തി. മന്ത്രിമാരായ കെ.സി.ജോസഫ്, മഞ്ഞളാംകുഴി അലി, കെ.മുരളീധരൻ എം.എൽ.എ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ:എം.മണികണ്ഠൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജമീല തുടങ്ങിയവർ പങ്കെടുത്തു. ആരോഗ്യരംഗത്ത് സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം കോട്ടയം ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം കട്ടപ്പനക്കും, മുനിസിപ്പാലിറ്റിക്കുള്ള പുരസ്ക്കാരം തൊടുപുഴക്കും ഗ്രാമപഞ്ചായത്തിനുള്ള പുരസ്ക്കാരം വയലാർ ഗ്രാമപഞ്ചായത്തിനും മുഖ്യമന്ത്രി സമ്മാനിച്ചു. ജില്ലാ പഞ്ചായത്തിൽ വയനാട്, മലപ്പുറം എന്നിവയും ബ്ലോക്ക് പഞ്ചായത്തിൽ തളിക്കുളവും വെള്ളാങ്ങല്ലൂരും, മുനിസിപ്പാലിറ്റികളിൽ തളിപ്പറമ്പും, തൃപ്പൂണിത്തുറയും ഗ്രാമപഞ്ചായത്തുകളിൽ പൂഞ്ഞാറും, ചക്കുപള്ളവും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഓരോ ജില്ലയിലും പുരസ്ക്കാരത്തിനർഹരായ ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്ക്കാരവും ചടങ്ങിൽ വിതരണം ചെയ്തു. അഞ്ച്, മൂന്ന്, രണ്ട് ലക്ഷം രൂപ വീതമാണ് ആദ്യമൂന്ന് സ്ഥാനങ്ങളിലെത്തിയവർക്ക് നൽകിയത്.

ശുചിത്വ മാസാചരണം:
വിവിധ പദ്ധതികൾ നടപ്പിലാക്കും
ഡോ. എം. കെ. മുനീർ

ഗാന്ധിജിയുടെ 145-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് ദേശീയ തലത്തിൽ നടക്കുന്ന കാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്ത് ഒക്ടോബർ രണ്ടു മുതൽ നവംബർ ഒന്ന് വരെ ശുചിത്വമാസം പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി ഡോ. എം.കെ.മുനീർ. ശുചിത്വമാസാചരണം സംബന്ധിച്ച വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഇതിനായി സർക്കാർ വകുപ്പുകൾ, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാർത്ഥികൾ എന്നിവർ കൂട്ടായ പ്രവർത്തനം നടത്തും. ഓരോ ആഴ്ചയും വിവിധ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുക. ഈ കാലയളവിനു ശേഷവും തുടർ നടപടികൾ ഉണ്ടാകും.

വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും ശുചീകരണ സൗകര്യങ്ങൾ ഉണ്ടെന്നും, അവയെല്ലാം വൃത്തിയായി സൂക്ഷിക്കുന്നു എന്നും ഉറപ്പാക്കും. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കും. ഇതിനായി ചെലവ് കുറഞ്ഞ കമ്പോസ്റ്റിംഗ് സംവിധാനം ഉപയോഗിക്കും. അജൈവ മാലിന്യങ്ങൾ റീ സൈക്കിളിംഗ് നടത്തുവരേയോ, സ്ക്രാപ്പ് കച്ചവടക്കാരേയോ ഏൽപ്പിക്കും. പൊതു സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ഓഫീസുകൾ, ആശുപത്രികൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കും. പൊതു സ്ഥലങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഈ മാലിന്യം നീക്കം ചെയ്യും. ഓരോ ജില്ലയിലും കളക്ഷൻ കേന്ദ്രം ഏർപ്പെടുത്തും. ഫ്ളക്സ് ബോർഡ് നിയന്ത്രിക്കും. കുടുംബശ്രീ കമ്പോസ്റ്റിംഗ് ഏറ്റെടുക്കും. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം ഒഴിവാക്കാൻ കവറിന് അഞ്ചുരൂപ എന്ന വില നിശ്ചയിക്കും. നവംബർ ഒന്നിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഈ തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യകേരളം പുരസ്കാരം 2013-14

സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ജനക്ഷേമ ആരോഗ്യ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് കേരള സർക്കാർ ആരോഗ്യകേരളം പുരസ്ക്കാരം ഏർപ്പെടുത്തിയത്. കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഈ പുരസ്കാരത്തിനു നൽകിയ ഗംഭീര സ്വീകരണത്തിന്റെ ഫലമാണ് പദ്ധതി ആസൂത്രണ രംഗത്ത് ആരോഗ്യ മേഖലയ്ക്കുണ്ടായ മികച്ച മുന്നേറ്റം. ഇതു നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം ആരോഗ്യരംഗത്ത് മാതൃകാപദ്ധതി പ്രവർത്തനങ്ങൾ കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യകേരളം പുരസ്ക്കാരം 2013-14 നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നു. ആയതുപ്രകാരം സംസ്ഥാന തലത്തിൽ ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ് വെയർ (സുലേഖ) മുഖേന ലഭ്യമായ പദ്ധതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ ഫീൽഡ് തല പരിശോധനയ്ക്ക് വിധേയമാക്കി. പ്രത്യേകം സജ്ജമാക്കിയ സോഫ്റ്റ് വെയർ സംവിധാനത്തിലൂടെയാണ് അവാർഡ് നിർണ്ണയം നടത്തിയത്. സംസ്ഥാന തലത്തിൽ ആരോഗ്യരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലാപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവക്കും ജില്ലാ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഗ്രാമ പഞ്ചായത്തുകൾക്കും പുരസ്ക്കാരം നൽകുന്നു.

ആരോഗ്യകേരളം പുരസ്ക്കാരം 2013–14
സംസ്ഥാനതല അവാർഡ് ജേതാക്കൾ

ഒന്നാം സ്ഥാനം, 10,00,000 രൂപ. രണ്ടാം സ്ഥാനം 5,00,000 രൂപ, മൂന്നാം സ്ഥാനം 3,00,000 രൂപ.

ജില്ലാ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്		മുനിസിപ്പാലിറ്റി		ഗ്രാമപഞ്ചായത്ത്	
1. കോട്ടയം ജില്ല	1. കട്ടപ്പന	ഇടുക്കി ജില്ല	1. തൊടുപുഴ	ഇടുക്കി ജില്ല	1. വയലാർ	ആലപ്പുഴ ജില്ല
2. വയനാട് ജില്ല	2. തളിക്കുളം	തൃശൂർ ജില്ല	2. തളിപ്പറമ്പ	കണ്ണൂർ ജില്ല	2. പൂഞ്ഞാർ	കോട്ടയം ജില്ല
3. മലപ്പുറം ജില്ല	3. വെള്ളാങ്ങല്ലൂർ	തൃശൂർ ജില്ല	3. തൃപ്പൂണിത്തുറ	എറണാകുളം ജില്ല	3. ചക്കുപള്ളം	ഇടുക്കി ജില്ല

ജില്ലാതല ഗ്രാമപഞ്ചായത്ത് അവാർഡ് ജേതാക്കൾ

തിരുവനന്തപുരം		
ഒന്നാം സമ്മാനം	കിളിമാനൂർ	5,00,000
രണ്ടാം സമ്മാനം	നഗരൂർ	3,00,000
മൂന്നാം സമ്മാനം	ഇടവ	2,00,000
പത്തനംതിട്ട		
ഒന്നാം സമ്മാനം	ഇരവിപേരൂർ	5,00,000
രണ്ടാം സമ്മാനം	കൊറ്റനാട്	3,00,000
മൂന്നാം സമ്മാനം	മല്ലപ്പള്ളി	2,00,000
കോട്ടയം		
ഒന്നാം സമ്മാനം	തലപ്പാലം	5,00,000
രണ്ടാം സമ്മാനം	മരങ്ങാട്ടുപള്ളി	3,00,000
മൂന്നാം സമ്മാനം	തിടനാട്	2,00,000
എറണാകുളം		
ഒന്നാം സമ്മാനം	മണീട്	5,00,000
രണ്ടാം സമ്മാനം	മാറാടി	3,00,000
മൂന്നാം സമ്മാനം	രാമമംഗലം	2,00,000
പാലക്കാട്		
ഒന്നാം സമ്മാനം	കാരക്കുറിശ്ശി	5,00,000
രണ്ടാം സമ്മാനം	കടമ്പഴിപ്പുറം	3,00,000
മൂന്നാം സമ്മാനം	മങ്കര	2,00,000
കോഴിക്കോട്		
ഒന്നാം സമ്മാനം	തിരുവമ്പാടി	5,00,000
രണ്ടാം സമ്മാനം	തിക്കോടി	3,00,000
മൂന്നാം സമ്മാനം	ചെറുവണ്ണൂർ	2,00,000
കണ്ണൂർ		
ഒന്നാം സമ്മാനം	മാങ്ങാട്ടിടം	5,00,000
രണ്ടാം സമ്മാനം	കടന്നപ്പള്ളി പാണപ്പുഴ	3,00,000
മൂന്നാം സമ്മാനം	കതിരൂർ	2,00,000

കൊല്ലം		
ഒന്നാം സമ്മാനം	കരവാളൂർ	5,00,000
രണ്ടാം സമ്മാനം	ക്ലാപ്പന	3,00,000
മൂന്നാം സമ്മാനം	പട്ടാഴി	2,00,000
ആലപ്പുഴ		
ഒന്നാം സമ്മാനം	അമ്പലപ്പുഴ വടക്ക്	5,00,000
രണ്ടാം സമ്മാനം	മണ്ണംചേരി	3,00,000
മൂന്നാം സമ്മാനം	ചമ്പക്കുളം	2,00,000
ഇടുക്കി		
ഒന്നാം സമ്മാനം	രാജകുമാരി	5,00,000
രണ്ടാം സമ്മാനം	കട്ടപ്പന	3,00,000
മൂന്നാം സമ്മാനം	മണക്കാട്	2,00,000
തൃശൂർ		
ഒന്നാം സമ്മാനം	വല്ലച്ചിറ	5,00,000
രണ്ടാം സമ്മാനം	പൂമംഗലം	3,00,000
മൂന്നാം സമ്മാനം	കോലഴി	2,00,000
മലപ്പുറം		
ഒന്നാം സമ്മാനം	തിരുവാലി	5,00,000
രണ്ടാം സമ്മാനം	ഒതുക്കുങ്കൽ	3,00,000
മൂന്നാം സമ്മാനം	വളാംഞ്ചേരി	2,00,000
വയനാട്		
ഒന്നാം സമ്മാനം	മീനങ്ങാടി	5,00,000
രണ്ടാം സമ്മാനം	മുപ്പൈനാട്	3,00,000
മൂന്നാം സമ്മാനം	വൈത്തിരി	2,00,000
കാസർഗോഡ്		
ഒന്നാം സമ്മാനം	ഈസ്റ്റ് എളേരി	5,00,000
രണ്ടാം സമ്മാനം	ചെറുവത്തൂർ	3,00,000
മൂന്നാം സമ്മാനം	വലിയപറമ്പ്	2,00,000

വാർത്തകളും വിശേഷങ്ങളും

കെ.പി.ഇ.പി.എഫ് ആഫീസർമാർക്ക് അനുവദിക്കാവുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വരിക്കാർക്ക് താൽക്കാലിക വായ്പയും തിരിച്ചടവില്ലാത്ത വായ്പയും അനുവദിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അനുവദിക്കാവുന്ന നിലവിലെ പരിധി ചുവടെ വിവരിക്കും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായി.

നമ്പർ	വിഭാഗം	വായ്പ	നിലവിലെ പരിധി	പുതുക്കിയ പരിധി
1.	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	താൽക്കാലിക വായ്പ	75,000/	2,25,000/-
		തിരിച്ചടവില്ലാത്ത വായ്പ	ഇല്ല	ഇല്ല
2.	പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ	താൽക്കാലിക വായ്പ	2,00,000/-	3,00,000
		തിരിച്ചടവില്ലാത്ത വായ്പ	2,00,000/-	3,00,000/-
3.	പഞ്ചായത്ത് ഡയറക്ടർ	താൽക്കാലിക വായ്പ	പരിധിയില്ല	പരിധിയില്ല
		തിരിച്ചടവില്ലാത്ത വായ്പ	പരിധിയില്ല	പരിധിയില്ല

സ.ഉ.(സാധാ)നം.2293/2014/ത.സ്വഭവ. തീയതി 01/09/2014.

പെർമിറ്റ് നൽകുന്നതിനു മുൻപ് നിരാക്ഷേപ പത്രം വാങ്ങിയിരിക്കണം

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണാനുമതി നൽകുന്നതിന് മുമ്പ്, കെട്ടിടങ്ങളുടെ ഉപയോഗത്തിന് അനുസൃതമായി പല വകുപ്പുകളിൽ നിന്നും നിരാപേക്ഷ പത്രം വാങ്ങിയിരിക്കണം എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുമ്പോൾ ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കാതെ, അവ നിശ്ചിത കാലയളവിൽ ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധനയോടെ പെർമിറ്റ് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പെർമിറ്റ് നൽകുന്നതിനു മുൻപ് നിരാക്ഷേപ പത്രം ലഭ്യമാക്കിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളത് പാലിക്കാതെ ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രം നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് വാങ്ങിയിരിക്കണം എന്ന നിബന്ധനയുടെ പെർമിറ്റ് നൽകുന്നത് നിയമാനുസൃതമല്ല. ചട്ടങ്ങൾക്കനുസൃതമായി ലഭ്യമാക്കേണ്ട നിരാക്ഷേപ പത്രം ലഭ്യമാക്കാതെ നിബന്ധനകളോടെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുള്ള വൻ വീഴ്ചയായി കാണുന്നു. അതിനാൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിന് മുമ്പ് ചട്ടങ്ങൾക്കനുസൃതമായി നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയതിന് ശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണാനുമതി നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നിരാക്ഷേപ പത്രങ്ങൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതും അവയുടെ വിശദ വിവരങ്ങൾ കെട്ടിട നിർമ്മാണ അനുമതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യങ്ങൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർ നമ്പർ. 46871/ആർ.എ.1/2014/ത.സ്വഭവ. തീയതി 22/08/2014.

നിർവ്വഹണോദ്യോഗസ്ഥർ ഫണ്ട് വിനിയോഗം– നിർദ്ദേശങ്ങൾ – പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർ തെരഞ്ഞെടുക്കുന്ന ബാങ്കിൽ (സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കൊമേഴ്സ്യൽ ബാങ്ക്, റീജിയണൽ റൂറൽ ബാങ്ക് തുടങ്ങിയവ) അക്കൗണ്ട് തുടങ്ങേണ്ടതും, ഗ്രാമപഞ്ചായത്തിൽ നിന്നും/ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അവർക്ക് അനുവദിക്കുന്ന തുക അക്കൗണ്ട് ട്രാൻസ്ഫർ വഴി അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതുമാണ്. ഓരോ പദ്ധതിയ്ക്കും അനുവദിക്കുന്ന ഫണ്ട് ഓരോ പ്രത്യേക അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരോ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരോ പണം നേരിട്ട് കൈകാര്യം ചെയ്യാൻ പാടില്ല. ഓഫീസുകളിൽ പണം കൈകാര്യം ചെയ്യുന്നത് ഏറ്റവും കുറഞ്ഞ അളവിൽ ആയിരിക്കണം. ബാങ്കിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകളും സർട്ടിഫിക്കറ്റുകളും ഫണ്ട് വിതരണം ചെയ്തതിനുള്ള രേഖകളായി സൂക്ഷിക്കേണ്ടതാണ്.

സർക്കുലർ നമ്പർ. 27383/ഇആർബി3/12/തസ്വഭവ. തീയതി, 15.07.2014

വാർത്തകളും വിശേഷങ്ങളും

സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിച്ചു

ഭാരത സർക്കാരിന്റെ രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ടിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. അതിൻപ്രകാരം അപേക്ഷകളോടൊപ്പം നിശ്ചിത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും രേഖകളും സമർപ്പിക്കണമെന്നുള്ള നിബന്ധന പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതും അധികാര ദുർവിനിയോഗത്തിനും അഴിമതിക്കും കാരണമാകുന്നതുമാണ്. ഏതെങ്കിലും നിയമത്തിൽ രേഖകളും സത്യവാങ്മൂലവും നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുള്ളവ ഒഴികെ ബാക്കി രേഖകളെല്ലാം സ്വയം സാക്ഷ്യപ്പെടുത്തിയതാൽ മതി എന്നുള്ള നിർദ്ദേശം ജനോപകാരപ്രദമാണ്.

ഈ സാഹചര്യത്തിൽ ഏതെങ്കിലും നിയമത്തിൽ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുള്ളവ ഒഴികെ, അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും സാക്ഷ്യപ്പെടുത്തിയ രേഖകളും സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി അന്തിമ ഘട്ടത്തിൽ മാത്രം അസ്സൽ രേഖകൾ ഹാജരാക്കണമെന്ന നിബന്ധനയോടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാകും എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവായി.

ഇങ്ങനെ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം അപേക്ഷകനെ ഡീബാറു ചെയ്യുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. സ.ഉ.(അ)നമ്പർ.24/2014

ഉ.ഭ.പ.വ. തീയതി 31.07.2014.

സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഭേദഗതി ചെയ്ത് ഒരു ലക്ഷം രൂപയായി ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

സാമൂഹ്യനീതിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ മൂന്ന് ലക്ഷം രൂപയായി ഉയർത്തി 20.7.2013 സ.ഉ(എം.എസ്)നം 59/2013/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര സർക്കാർ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ അർഹതയ്ക്കുള്ള പ്രായം 65-ൽ നിന്ന് 60 വയസായി കുറച്ചതിനെ തുടർന്ന് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസായി കുറച്ച് 4.11.2013ലെ സ.ഉ(എം.എസ്)നം 93/2013/സാനീവ ഉത്തരവായിട്ടുള്ളതാണ്.

സാമൂഹ്യ സുരക്ഷ പെൻഷൻ അർഹതയ്ക്കുള്ള വാർഷിക വരുമാനപിരിധി, പ്രായപരിധി എന്നീ മാനദണ്ഡങ്ങൾ വരുത്തിയ മാറ്റത്തെ തുടർന്ന് പെൻഷൻ അപേക്ഷകരുടെ എണ്ണത്തിൽ ക്രമാതീതമായ വർധനയുണ്ടായി. കാർഷിക/വ്യവസായ/പ്രവാസി മേഖലയിലും വരുമാനം കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്ത ഇതര മേഖലയിൽപ്പെട്ടവരുടെയും കുടുംബാംഗങ്ങളിൽ നിന്നുള്ള അപേക്ഷയിൽ മേൽ വരുമാനം എങ്ങനെ തീരുമാനിക്കുമെന്നതു സംബന്ധിച്ച് നിരവധി ചോദ്യങ്ങളും സംശയങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എ.പി.എൽ/ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുന്നെ വ്യാപകമായ ആക്ഷേപങ്ങളും പരാതികളും പരിഗണിച്ചും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സമൂഹത്തിൽ ദരിദ്രരും അവശരും നിരാലംബരും നിരാശ്രയരുമായ വിഭാഗത്തിനായി രൂപീകരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതിയുടെ മാനദണ്ഡം പുനർനിർണ്ണയിച്ചുകൊണ്ടുള്ള 20.07.13ലെ സ.ഉ.(എം.എസ്) നം.59/13/സാനീവ ഭേദഗതി ചെയ്ത് താഴെപ്പറും പ്രകാരം ഉത്തരവാകുന്നു.

സംസ്ഥാനത്തു സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച് ഉത്തരവാകുന്നു.

മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ്.

ടി ഉത്തരവിന് 1.4.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

1.4.2014 മുതൽ പ്രാബല്യം നൽകുമ്പോൾ, 20.7.2014ലെ ഉത്തരവനുസരിച്ച് പെൻഷൻ ലഭിച്ച വ്യക്തികളുണ്ടെങ്കിൽ, അവരിൽനിന്നും പ്രസ്തുത തുക ഈടാക്കേണ്ടതില്ല.

സ.ഉ (എം.എസ്)നം. 52/2014/സാക്ഷേവ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

വായിക്കുക...
വരിക്കാരാകുക...

പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **October** 2014
Annual Subscription ₹120/-, Published on 20th **October** 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed